അധികാരം ജനങ്ങളിലേക്ക്

# മുട്ടിൽ ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസന രേഖ



"സ്വയം സമ്പൂർണ്ണമായ ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ
രാഷ്ട്ര പുനർ നിർമ്മാണം സാദ്ധ്യമാകുകയുള്ളൂ"

ഗാന്ധിജി

139-4



# മുട്ടിൽ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ

# വയനാട് ജില്ല


തിരുനെല്ലി
കർണ്ണാടക
സംസ്ഥാനം
കണ്ണൂർ
ജില്ല
മുള്ളൻ
കൊല്ലി
തവിഞ്ഞാൽ
മാനന്തവാടി
പുൽപ്പള്ളി
എടവക
തൊണ്ടർനാട്
പനമരം
സുൽത്താൻ
ബത്തേരി
പൂതാടി
വെള്ളമുണ്ട
കണി
യാമ്പറ്റ
നൂൽപ്പുഴ
പടിഞ്ഞാ
റത്തറ
കോട്ടത്തറ
മീനങ്ങാടി
വെങ്ങ
പ്പള്ളി
തരിയോട്
മുട്ടിൽ
നെന്മേനി
കൽപ്പറ്റ
പൊഴുതന
അമ്പല
വയൽ
തമിഴ്നാട്
സംസ്ഥാനം
കോഴിക്കോട്
ജില്ല
വൈത്തി
രി
മേപ്പാടി
മലപ്പുറം
ജില്ല



മുട്ടിൽ ഗ്രാമപഞ്ചായത്ത്
വാർഡുകൾ
കണിയാമ്പറ്റ പഞ്ചായത്ത്
2. കുമ്പ്ലാട്
7. കൊളവയൽ
1. മടക്കിമല
3. പരിയാരം
8. വാര്യാട്
മീനങ്ങാടി
4. എടപ്പെട്ടി
മീനങ്ങാടി പഞ്ചായത്ത്
5. മുട്ടിൽ
കൽപ്പറ്റ
10. തെനേരി
6. മാണ്ടാട്
9. കരിങ്കണ്ണിക്കുന്ന്
കൽപ്പറ്റ മുനിസിപ്പാലിറ്റി
11. പാക്കം
11. പാക്കം
മേപ്പാടി പഞ്ചായത്ത്
11. പാറ

# മുട്ടിൽ ഗ്രാമപഞ്ചായത്ത്
# സമഗ്ര വികസന രേഖ

**എഡിറ്റോറിയൽ ബോർഡ്**

എഡിറ്റർ : എം.ഡി.ദേവസ്യ

അംഗങ്ങൾ : ഇ.കെ.കൃഷ്ണൻകുട്ടി

വി.സിറാജ്

യു.ജനകൻ

ഇ.കെ.ബിജുജൻ

മൊയ്തീൻ

പി.ടി.അലവിക്കുട്ടി

എൻ.ചന്ദ്രശേഖരൻ നായർ

കവർ ഡിസൈൻ ലേഔട്ട് : ബിജുജൻ

സ്റ്റുഡിയോ : ഫ്രന്റ്സ് സ്റ്റുഡിയോ, മുട്ടിൽ

പ്രിന്റിംഗ് : മാഗ് ഓഫ്സെറ്റ്, കൽപ്പറ്റ

കവർ പ്രിന്റിംഗ് : സാൻ ജോർജ്ജിയ ഓഫ്സെറ്റ്, ബത്തേരി

# അകക്കാമ്പ്

ആമുഖം

പഞ്ചായത്ത് പൊതുവിവരണം

ചരിത്ര പശ്ചാത്തലം

ഭൂപ്രകൃതി

വികസന മേഖലകൾ

1. കൃഷി ജലസേചനം
2. മൃഗസംരക്ഷണം
3. വ്യവസായം
4. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്
5. സാമൂഹ്യക്ഷേമം ഭവന നിർമ്മാണം
6. ആരോഗ്യം കുടിവെള്ളം
7. വിദ്യാഭ്യാസം
8. സാംസ്കാരികം
9. ഹരിജന ഗിരിജന ക്ഷേമം
10. വനിതാ ക്ഷേമം
11. സഹകരണം
12. വിഭവസമാഹരണം

# പഞ്ചായത്ത് ഭരണസമിതി



സെയ്തു മുഹമ്മദ്
(പ്രസിഡന്റ്)



കെ.പി.ഭാസ്കരൻ
(വൈസ്. പ്രസിഡന്റ്)



എം.എ.നബീസ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)

## മെമ്പർമാർ



വടകര മുഹമ്മദ്



പൊന്നമ്മ രാജൻ



കെ.നാരായണി



എൻ.ഡി.റോസമ്മ



കെ.രാമൻ



എൻ.കെ.രഷിദ്



പി.ടി.ഗോപാലക്കുറുപ്പ്



പി.പുരുഷോത്തമൻ

# ആമുഖം

ഭാരതം സ്വതന്ത്രയായിട്ട് 50 വർഷങ്ങൾ പൂർത്തിയാവുകയാണ്. ഇതുവരെയും ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്ത ജനകീയ ഭരണക്രമങ്ങൾ നടപ്പിൽ വരുത്തി ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്തുതീർക്കാൻ എന്തുകൊണ്ടോ നമുക്ക് കഴിഞ്ഞില്ല. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് എന്ന യാഥാർത്ഥ്യം ഉൾകൊണ്ട് പ്രവർത്തിക്കാതെ പോയതിന്റെ പരിണിത ഫലങ്ങൾ നാമിന്നനുഭവിക്കുകയാണ്.

ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്നത് തെരഞ്ഞെടുപ്പ് എന്ന ഔപചാരിക പ്രക്രിയയിലൊതുങ്ങി. അശാസ്ത്രീയമായ അധികാര കേന്ദ്രീകരണം സാധാരണക്കാരുടെ പ്രത്യേകിച്ച്, അവശജനവിഭാഗങ്ങളുടെ ആവശ്യങ്ങളും മുൻഗണനകളും മുൻനിറുത്തിക്കൊണ്ടുള്ള ആസൂത്രിത വികസനത്തെ താറുമാറാക്കി.

ഇന്ത്യയുടെ ആസൂത്രണ പരിപാടിയുടെ പൊളിച്ചെഴുത്തിന് തുടക്കം കുറിക്കലാണിത്. 1951-ൽ ആരംഭിച്ച നമ്മുടെ ആസൂത്രണ പ്രക്രിയ അന്നത്തെ ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ച് കേന്ദ്ര ആസൂത്രണ പദ്ധതിപ്രവർത്തനത്തിന്റെ പൊതുസമീപനവും ലക്ഷ്യവും ആവിഷ്കരിക്കുന്നതിന് പകരം ഗ്രാമങ്ങളിൽ നടത്തേണ്ട വികസനപ്രവർത്തനത്തിന്റെ വിശദാംശങ്ങൾ നിർണ്ണയിക്കുന്നതിലേക്ക് കാര്യങ്ങൾ ചെന്നെത്തി. കേന്ദ്രത്തിലെ പ്രവണത സംസ്ഥാനങ്ങൾ പിൻതുടർന്നു. അങ്ങനെ ഇത് സ്വാഭാവികമായും ജനങ്ങളിൽ നിന്ന് അന്യമായ വികസന പരിപാടിയായി മാറി.

ഇതൊരു ദുരന്തത്തിന്റെ രൂപത്തിലാണ് നമ്മുടെ ഗ്രാമങ്ങളിൽ പ്രകടമായത്. കൃഷിക്കാരന് എപ്പോൾ, എവിടെ ജലം കിട്ടണമെന്ന കാര്യവും സ്കൂളും, ആശുപത്രിയും എവിടെ വേണമെന്ന കാര്യവും തീരുമാനിക്കുന്നതിൽ ഗ്രാമീണർക്ക്

പങ്കില്ലാതെവന്നത് അഴിമതിയ്ക്കും അധികാരദുർവിനിയോഗത്തിനും ഇട നൽകി. കേരളത്തിന്റെ വികസന മുരടിപ്പിന്റെ കാരണങ്ങളിലൊന്ന് ഇതാണെന്ന് പറയാം. എന്തൊക്കെ ചെയ്താലും കേരളത്തെ രക്ഷിക്കാനാവില്ലെന്ന മനോഭാവത്തിലേക്ക് ജനങ്ങൾ എത്തിച്ചേരുകയും ചെയ്തു.

ഇതിൽ നിന്ന് കേരളത്തെ കരകയറ്റാനുള്ള ഒരു ബൃഹത്തായ പദ്ധതിയാണിന്ന് നടന്നുകൊണ്ടിരിക്കുന്ന ജനകീയാസൂത്രണപ്രസ്ഥാനം. ആസൂത്രണ ചരിത്രത്തിൽ പുതിയൊരദ്ധ്യായം എഴുതിച്ചേർത്ത് മഹത്തായ സാമൂഹിക പുരോഗതിക്ക് വഴിയൊരുക്കുകയാണ് കേരള സംസ്ഥാനം. ജനങ്ങൾക്ക് വേണ്ടത് എന്തെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും, കൂട്ടായി ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും അങ്ങനെ പുതിയൊരു വികസന സംസ്കാരത്തിന് രൂപം കൊടുക്കാനും ജനങ്ങൾക്ക് ഈ പരിപാടിയിലൂടെ സാധിക്കുന്നു.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കുന്നതിലൂടെ അധികാരത്തോടൊപ്പം സമ്പത്തും (40%പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാത്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുമെന്ന സ്ഥിതിവിശേഷം ഉയർന്നുവന്നിട്ടുണ്ട്. ഭരണഘടനയുടെ 73-ാം ഭേദഗതിയിൽ വളരെ പ്രധാനപ്പെട്ട ചുമതലകളാണ് ഗ്രാമസഭകൾക്ക് ലഭിച്ചിരിക്കുന്നത്. ഗ്രാമത്തിന്റെ വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായവും മേൽനോട്ടവും വഹിക്കുക, വികസന പദ്ധതികളുടെനിർവ്വഹണത്തിൽ സഹായിക്കുക. വികസന പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്താൻ സഹായിക്കുക എന്നീ ചുമതലകളാണ് ഗ്രാമസഭയ്ക്ക് ചെയ്യുവാനുള്ളത്.

കക്ഷിരാഷ്ട്രീയത്തിനതീതമായി പുതിയൊരു വികസന കാഴ്ചപ്പാട് വികസിപ്പിക്കുന്നതിന് നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ഗ്രാമസഭകളും സമ്മേളിച്ച് ജനങ്ങളിൽ നിഷ്ക്രിയമായിരുന്ന അദ്ധ്വാനശേഷിയും സമ്പത്തും കൂട്ടിയോജിപ്പിച്ച്, ഉത്പാദനവർദ്ധനവിലേക്കും സ്വാശ്രയത്വത്തിലേക്കും വഴിതിരിച്ചു വിടുന്നതിനുള്ള ആശയങ്ങളുടേയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

എന്തെല്ലാം പരിമിതികളുണ്ടായിരുന്നാലും കേരളത്തിന്റെ പദ്ധതി വിഹിതം ജനനന്മക്ക് വേണ്ടി ജനങ്ങളുടെ താൽപര്യപ്രകാരം ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

സാക്ഷരതാപ്രസ്ഥാനംകേരളത്തെയാകെ തൊട്ടുണർത്തുകയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കും ലോകത്തിനാകെത്തന്നെയും മാതൃകയാവുകയും ചെയ്തതുപോലെ നമ്മുടെ ചരിത്രത്തിൽ ഒരു മുതൽകൂട്ടായി തീരുന്ന ഈ മഹാ യജ്ഞത്തിൽ പങ്കാളികളായി പുതിയ വികസന സംസ്കാരം നമുക്ക് വളർത്തിയെടുക്കാം.ഈ മഹായജ്ഞത്തിൽ ഒന്നുചേർന്ന് പ്രവർത്തിക്കാൻ നമുക്ക് ദൃഢപ്രതിജ്ഞയെടുക്കാം, സമത്വ സുന്ദരമായ കേരളം കെട്ടിപ്പടുക്കാൻ നമുക്കിതിലൂടെ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# മുട്ടിൽ ഗ്രാമപഞ്ചായത്ത്



## പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മുട്ടിൽ |
| റവന്യൂ വില്ലേജുകൾ | : | മുട്ടിൽ നോർത്തും, മുട്ടിൽ സൗത്തും |
| ബ്ലോക്ക് പഞ്ചായത്ത് | : | കൽപ്പറ്റ |
| താലൂക്ക് | : | വൈത്തിരി |
| ജില്ല | : | വയനാട് |
| അസംബ്ലി മണ്ഡലം | : | കൽപ്പറ്റ |
| പാർലിമെന്റ് മണ്ഡലം | : | കോഴിക്കോട് |
| വിസ്തീർണ്ണം | : | 47.37 ച. കി. മി |
| ജനസംഖ്യ | : | 26957 (1991ലെ സെൻസസ്) |
| പുരുഷന്മാർ | : | 13856 |
| സ്ത്രീകൾ | : | 13101 |
| പട്ടികജാതി/പട്ടികവർഗ്ഗം | : | 4862 |
| ജനസാന്ദ്രത | : | 343 ച. കി. മി. |
| സാക്ഷരർ | : | 19192 |
| വാർഡുകൾ | : | 11 |
| വനിതാസംവരണം | : | 5, 6, 11 വാർഡുകൾ |
| പട്ടികവർഗ്ഗ സംവരണം | : | 4, 7 |
| പട്ടികവർഗ്ഗ വനിത | : | 4–ാം വാർഡ് |

## ജനപ്രതിനിധികൾ

| | | |
|---|---|---|
| പാർലിമെന്റ് അംഗം | : | എം. പി. വീരേന്ദ്രകുമാർ |
| നിയമസഭാംഗം | : | ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ |
| ജില്ലാ പഞ്ചായത്ത് മെമ്പർമാർ | : | എൻ. ഡി. അപ്പച്ചൻ, കെ. കെ അഹമ്മദ് ഹാജി. |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ | : | സി. നൂറുദ്ദീൻ, ഗോകുൽദാസ് കോട്ടയിൽ |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | കണിയാമ്പറ്റ പഞ്ചായത്ത് |
| തെക്ക് | : | മേപ്പാടി പഞ്ചായത്ത് |
| കിഴക്ക് | : | മീനങ്ങാടി പഞ്ചായത്ത് |
| പടിഞ്ഞാറ് | : | കല്പറ്റ മുനിസിപ്പാലിറ്റി |

## വിവിധ സ്ഥാപനങ്ങൾ ഓഫീസുകൾ

ജില്ലാ വ്യവസായ കേന്ദ്രം, മുട്ടിൽ

അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഓഫീസ്, മുട്ടിൽ

കൃഷിഭവൻ, മുട്ടിൽ

വില്ലേജോഫീസുകൾ 2 എണ്ണം

മുട്ടിൽ നോർത്ത്, മുട്ടിൽ സൗത്ത്

ബ്രാഞ്ച് പോസ്റ്റോഫീസുകൾ 5 എണ്ണം

മടക്കിമല, പരിയാരം, മുട്ടിൽ, കാര്യംമ്പാടി, വാഴവറ്റ

കന്നുകാലി വികസന ഉപകേന്ദ്രം, മുട്ടിൽ

ഹോമിയോ ഡിസ്പൻസറി, മാണ്ടാട്

## ബാങ്കുകൾ

മടക്കിമല സർവ്വീസ് സഹകരണബാങ്ക്

മടക്കിമല

ഗ്രാമീണബാങ്ക്, വാഴവറ്റ

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

അങ്കണവാടികൾ 16

എൽ. പി. സ്കൂളുകൾ 11

യു. പി. സ്കൂളുകൾ 5

ഹൈസ്കൂളുകൾ 3

വി. എച്ച്. എസ്. സി. 1

കോളേജ് 1

സി. ബി. എസ്. ഇ. 1

# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

വയനാട് ജില്ലയിലെ ഏതാണ്ട് മദ്ധ്യഭാഗത്തായി മുട്ടിൽ സൗത്തും മുട്ടിൽ നോർത്തും റവന്യൂ വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശമാണ് മുട്ടിൽ പഞ്ചായത്ത്.

പ്രാചീനകാലത്ത് വയനാട് വേടരാജാവിന്റെ ആധിപത്യത്തിലായിരുന്നെന്നും അവരുടെ പിൻതല മുറക്കാരാണ് വയനാടൻ ആദിവാസികളായ ഊരാളി പണിയർ കുറുമർ നായ്കന്മാർ കുറിച്ച്യർ എന്നും ഈ പഞ്ചായത്തിലെ കുടിയേറ്റക്കാരല്ലാത്ത താമസക്കാർ ഇവരാണെന്നും പറയപ്പെടുന്നു. 16ാം ശതകത്തിൽ മൈസൂരിൽ നിന്നും വന്ന ചെട്ടിസമുദായക്കാരാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ കുടിയേറ്റക്കാർ. മറ്റെല്ലാ ജനവിഭാഗങ്ങളും പതിനാറാം ശതകത്തിനുശേഷം ഇവിടെ വന്ന് താമസമുറപ്പിച്ചവരാണ്.

ബ്രിട്ടീഷുകാർക്കു മുമ്പുള്ള നാട്ടുരാജ്യവാഴ്ചകാലത്ത് കോട്ടയം രാജാവിന്റെ വാഴ്ചയിലും അവരിൽനിന്ന് പ്രത്യേക അവകാശങ്ങൾ ലഭിച്ച വാഴവറ്റ എടത്തിൽ നമ്പ്യാർമാരുടെ അധീനതയിൽ പെട്ട ഒരു പ്രദേശമായിരുന്നു മുട്ടിൽ എന്നും, അന്ന് കരിമത്ത് നായരും, കൊളവയൽ പാപ്പനും പാക്കം, വാഴവറ്റ, കാക്കവയൽ ചെട്ടിമാരും പന്നിക്കുഴി കുറിച്യനുമായിരുന്ന ഈ പ്രദേശത്തെ പ്രമുഖ കുടുംബക്കാർ എന്നും പറഞ്ഞുകേൾക്കുന്നു.

മൈസൂർ രാജാവായിരുന്ന ടിപ്പുസുൽത്താന്റെ പടയോട്ടത്തെ പാറക്കൽ വെച്ച് കോട്ടയം രാജാവിന്റെ പടയാളികളും മറ്റും തടഞ്ഞെന്നും ഏറ്റുമുട്ടലിൽ കോട്ടയം രാജാവിന്റെ പക്ഷക്കാർ പരാജയപ്പെട്ടെന്നും അതോടുകൂടി ആദിവാസികൾ അല്ലാത്തവർ ഒഴിഞ്ഞുപോയെന്നും പറയപ്പെടുന്നു. ഈ പ്രദേശത്തെ മിക്ക കുന്നിൻമുകളിലും കാണപ്പെടുന്ന ചെത്തിമിനുക്കിയ കരിങ്കല്ലുകളും മറ്റും സൂചിപ്പിക്കുന്നത് നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഇവിടെ ജനവാസമുണ്ടായിരുന്നെന്നും അവർ ചെറിയ കുന്നിൻമുകളിലായിരുന്നു താമസിച്ചിരുന്നതെന്നുമാണ്. മുട്ടിൽ ക്ഷേത്രത്തിന്റെ കാലപ്പഴക്കവും മുട്ടിൽമലയിലെ കോൽപ്പാറ, കരിയാത്തൻപാറ, വാഴവറ്റയിലെ സ്വർഗ്ഗം കുന്ന്, ചീപ്രംകുന്ന്, കരിങ്കണ്ണിക്കുന്ന്, പരിയാരത്തെ വിളക്കുതൂക്കിക്കുന്ന്, പാത്രമ്മങ്ങക്കുന്ന് എന്നിവ തകർന്നുപോയ അല്ലെങ്കിൽ തകർക്കപ്പെട്ട ഒരു പഴയ സംസ്കാരത്തിന്റെ ചരിത്രാവശിഷ്ടങ്ങളായി ഇന്നും കാണാൻ കഴിയുന്നതാണ്. പ്രകൃതിദുരന്തത്താലോ മറ്റോ അന്യം നിന്നുപോയ കുടുംബങ്ങൾക്കുശേഷം ബ്രിട്ടീഷുകാരുടെ ഭരണത്തോടുകൂടിയാണ് ഈ പ്രദേശം ജനവാസകേന്ദ്രമായതെന്നും പറയപ്പെടുന്നു. ഈ കാലഘട്ടത്തിൽ തലശ്ശേരി ഭാഗത്തുനിന്നു വന്ന ഞാണുമ്മൽ മാരാർ കുടുംബവും പാലക്കാട്ടുനിന്ന് കച്ചവടത്തിനായി വന്ന് താമസമാക്കിയ മടക്കിയിലും, ഒലവത്തൂർ കുന്നിലും ഉണ്ടായിരുന്ന രണ്ടു തരകകുടുംബങ്ങളും മൈസൂരിൽ നിന്നു വന്ന പാലമംഗലം എടത്തര ഗൗഢരുമായിരുന്നു പിന്നീട് താമസമാക്കിയ കുടുംബക്കാർ. ഇതിനെതുടർന്ന് 1875 കാലഘട്ടത്തിൽ മൈസൂരിൽനിന്നുവന്ന ജയിൻ വിഭാഗത്തിൽ പെട്ട ചുണ്ടോൽ പത്തനാര് ഗൗഢരും, കൊരലാടി കോഴിമൂല നായർ കുടുംബങ്ങളും 1910-15 കാലത്ത് വടക്കെ വയനാട്ടിൽ നിന്നുവന്ന നായർ കുടുംബങ്ങളും 1915-20 വന്ന നീലിക്കണ്ടി

1921ലെ സെൻസസ് പ്രകാരം അന്നത്തെ മുട്ടിൽ ദേശത്തിലെ സ്ഥിതിവിവരക്കണക്ക്

| മലബാർ ഡിസ്ട്രിക്ട് | വയനാട് |
|---|---|
| ആകെ വീടുകൾ | 1058 |
| ജനസംഖ്യ | 3898 |
| പുരുഷന്മാർ | 2175 |
| സ്ത്രീകൾ | 1723 |
| ഹിന്ദുക്കൾ | 3199 |
| മുസ്ലീങ്ങൾ | 678 |
| മറ്റുള്ളവർ | 21 |
| ജനസാന്ദ്രത | 66 (100 ഏക്കർ) |
| ആകെ വിസ്തീർണ്ണം | 25910.24 ഏക്കർ |
| റവന്യു ഇതര ഭൂമി | 11713.45 |
| **നാൽക്കാലികൾ, കന്നുകാലികൾ** | |
| കാള, പോത്ത് | 1334 |
| പശു | 565 |
| എരുമ | 740 |
| പോത്ത്, മൂരിക്കുട്ടൻ | 1102 |
| ആട് | 63 |
| വണ്ടിക്കാളകൾ | 36 |
| ഉഴവുകാളകൾ | 712 |
| **കൃഷി** | |
| മുത്താറി, ചോളം, മഞ്ഞൾ, പുകയില, നെല്ല്, ചാമ, പച്ചപുല്ല്, കാന്താരിമുളക്, കാപ്പി, കരി, തക്കാളി മുതലായവ കൃഷി ചെയ്തിരുന്നു. അന്നത്തെ സ്പെഷൽ ഓഫീസർ എ.ആർ.മാർക്ക് ഏവൻ ആയിരുന്നു. | |
| മുസ്ലിം പള്ളികൾ | കാര്യമ്പാടി, ചെലഞ്ഞിച്ചാൽ, മുട്ടിൽ |
| സ്കൂളുകൾ | 2 |
| ലോക്കൽ ഫണ്ട് | 1 |
| അമ്പലം | അമ്പുകുത്തി |
| ലോക്കൽ ഫണ്ട് നിരത്ത് | 12 |
| നിരത്ത് | 6 |

അവലംബം : 1921ലെ സെൻസസ്

കുടുംബവുമാണ് പിന്നീട് വന്നവർ.

1921ലെ മലബാർ കലാപത്തെ തുടർന്ന് ഏറനാട്, വള്ളുവനാട്, പാലക്കാട് താലൂക്കുകളിൽനിന്ന് വിവിധ സമുദായത്തിൽപെട്ടവർ സമാധാനത്തോടെയുള്ള ജീവസന്താരണം തേടി കൂട്ടത്തോടെയുള്ള ഒഴിഞ്ഞുപോരലുകളും 1942 നോടുകൂടി തിരു-കൊച്ചി ഭാഗത്തുനിന്ന് ജീവിത സുരക്ഷിതത്വം തേടിയുള്ള കുടിയേറ്റങ്ങളും വളക്കൂറുള്ള ഈ മണ്ണിനെ വിയർപ്പിന്റെ നനവേകി ഭാവിയുടെ വരദാനമായി മാറ്റി. വിവിധ വിശ്വാസപ്രമാണമുള്ളവരുടെ കൂട്ടായജീവിതവും അദ്ധ്വാനവും സാഹോദര്യത്തിന്റെയും സഹകരണത്തിന്റെയും അഭിവൃദ്ധിയുടെയും ഒരു മേഖല ഇവിടെ സൃഷ്ടിച്ചു. 1936ൽ വാര്യാട് എസ്റ്റേറ്റ് സൂപ്രണ്ടായി മുട്ടിലിൽ വന്ന അഭിവന്ദ്യനായ ശ്രീ രാധാ ഗോപിമേനോൻ മുട്ടിൽ മുസ്ലിം മഹൽ കമറ്റിയുടെ പ്രസിഡണ്ടായി എന്നുള്ളത് ഈ പഞ്ചായത്തിലെ മതസൗഹാർദ്ദത്തിന് മകുടോദാഹരണമാണ്. ഈ പ്രദേശത്തിന്റെ പുരോഗതി മുന്നിൽകണ്ട് മുട്ടിലിൽ ഒരു വിദ്യാലയം സ്ഥാപിച്ചത് ഇദ്ദേഹമാണ്. കൂടാതെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിന്ന ഒരു വ്യക്തിയുമായിരുന്നു അദ്ദേഹം.

1953ൽ വാഴവറ്റ പ്രദേശത്തെ കുടിയേറ്റക്കാരെ മദ്രാസ് സർക്കാർ കൂട്ടമായി കുടിയൊഴിപ്പിച്ചതും 1962ൽ മുട്ടിൽ മലയിലുണ്ടായ മലയിടിച്ചിലിൽ അനേകം കുടുംബങ്ങൾക്ക് കിടപ്പാടവും കൃഷിനാശവും മറ്റ് കഷ്ടനഷ്ടങ്ങൾ ഉണ്ടായതും പഞ്ചായത്തിനെ നടുക്കിയ ദുരന്തങ്ങളായിരുന്നു.

കേരള ഭൂപരിഷ്കരണ നിയമപ്രകാരം കൈവശ കൃഷിക്കാരന് ഉടമസ്ഥാവകാശം സിദ്ധിച്ചതും കുടികിടപ്പുകാർക്ക് കുടികിടപ്പാവകാശം ലഭിച്ചതും കാർഷികമേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി ലഭിച്ചതും അവരുടെ ജീവിത പുരോഗതിക്കും ഈ പ്രദേശത്തിന്റെ വികസനത്തിനും ആക്കം കൂട്ടിയിട്ടുണ്ട്. ഇന്ന് സംസ്ഥാനത്ത് നിലവിലുള്ള എല്ലാ രാഷ്ട്രീയ സമുദായിക സംഘടന മറ്റു പ്രാദേശിക കമ്മറ്റികൾ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തി

ച്ചുവരുന്നു എന്നാൽ ഇതേവരെ രാഷ്ട്രീയമോ സാമുദായികമോ ആയ യാതൊരു വിധ കുഴപ്പങ്ങളോ ഏറ്റുമുട്ടലുകളോ ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല. എന്നത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

പഴയ കാലപൗരപ്രമുഖരിൽ പ്രധാനിയായിരുന്നു പരേതനായ കെ. പി. ഹാജിയെന്ന കെ. പി. മുഹമ്മദ് ഹാജി. സാധാരണക്കാരന്റെ ഏതൊരു പ്രശ്നത്തിനും പരിഹാരം കാണാൻ അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. ഇന്ന് കേരളത്തിലെ ഒന്നാംകിട അനാഥാലയങ്ങളിലൊന്നായി വളർന്ന വയനാട് മുസ്ലീം ഓർഫനേജിന്റെ സ്ഥാപകരിൽ പ്രഥമഗണനീയനാണ് അദ്ദേഹം.

മുൻ കേരള നിയമസഭ അംഗവും പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ആളുമായിരുന്ന ശ്രീ മധുര, വാഴവറ്റ ഈ പഞ്ചായത്തുകാരനും പട്ടിക വർഗ്ഗ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ച മാന്യദേഹവുമായിരുന്നു.

ഇവരുടെ പാവനസ്മരണക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## ഭരണചരിത്രം

വയനാട് പ്രദേശത്ത് അഞ്ച് പഞ്ചായത്തുകളേ മുമ്പ് ഉണ്ടായിരുന്നുള്ളു. മുട്ടിൽ പഞ്ചായത്ത് ഉൾപ്പെടെയുള്ള പ്രദേശങ്ങൾ എല്ലാം മലബാർ ഡിസ്ട്രിക്ട് ബോഡിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്നു. 1956ലാണ് മുട്ടിൽ പഞ്ചായത്ത് നിലവിൽ വന്നത്. (ഇന്നത്തെ മുട്ടിൽ പഞ്ചായത്ത് മുട്ടിൽ നോർത്ത് , മുട്ടിൽ സൗത്ത് എന്നീ വില്ലേജുകൾ ചേർന്നതാണ്). 21 വയസ്സുള്ള വോട്ടർമാരുടെ യോഗം വിളിച്ചുചേർത്ത് പ്രസ്തുത യോഗത്തിൽ വെച്ചാണ് പ്രസിഡന്റിനേയും മറ്റു മെമ്പർമാരെയും തെരഞ്ഞെടുത്തിരുന്നത്. അന്ന് കൈപൊക്കിയാണ് വോട്ട് രേഖപ്പെടുത്തിയത്. പ്രഥമ പഞ്ചായത്ത് ബോർഡ് പ്രസിഡണ്ട് പഞ്ചായത്ത് പ്രസിഡണ്ട് കൃഷ്ണാധികാരിയും വൈസ് പ്രസിഡന്റ് കെ. എ. മമ്മു സാഹേബുമായിരുന്നു. കൊരണിവയൽ മാച്ചുഗൗഡർ, കുറിയേടത്ത് അബ്ദു, നെയ്യ് മമ്മി, കെ. ഏ. മമ്മു, സി. ടി ശേഖരൻനായർ അബ്ദുൽഗഫൂർ കാര്യമ്പാടി, വെള്ളിത്തോട് ചെമ്പൻമൂപ്പൻ, പാക്കത്ത് കുഞ്ഞിരാമൻ ചെട്ടി, എൻ. ജെ. ദേവസ്യ നാലകത്തു മുഹമ്മദ്, എന്നിവരായിരുന്നു മറ്റംഗങ്ങൾ. ഈ ഭരണസമിതി 1956 ജൂൺ മാസം 7ാം തീയതിയാണ് അധികാരമേറ്റത്.

അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടിന് ഗ്രാമ മജിസ്ട്രേട്ടിന്റെ പദവിയുണ്ടായിരുന്നു. ഗ്രാമകോടതിയിൽവെച്ച് ധാരാളം കേസുകൾ തീർപ്പു കൽപിക്കുകയും വിധി പ്രസ്താവിച്ചു നടപ്പിലാക്കുകയും ചെയ്തിരുന്നു. ഒരു ബിൽ കലക്ടർ കം ക്ലർക്കും ഒരു പ്യൂണുമടക്കം രണ്ടു ജീവനക്കാരായിരുന്നു അന്നു പഞ്ചായത്തിലുണ്ടായിരുന്നത്. പഞ്ചായത്ത് ബോഡിന്റെ പ്രഥമയോഗം പ്രസിഡണ്ടിന്റെ കാക്കവയലിലുള്ള വസതിയിൽ വെച്ചായിരുന്നു ചേർന്നത്. ആദ്യത്തെ പഞ്ചായത്ത് ഓഫീസ് താഴെ മുട്ടിലിലുള്ള സുബ്ബലക്ഷ്മി അവ്വയുടെ കെട്ടിടത്തിലും പിന്നീട് മുട്ടിൽ അങ്ങാടിയിലെ നീലിക്കണ്ടി കുഞ്ഞഹമ്മദ് ഹാജിയുടെ കെട്ടിടത്തിലുമായിരുന്നു പ്രവർത്തിച്ചിരുന്നത്.

അന്ന് പഞ്ചായത്തിന്റെ മൊത്തം വരുമാനം 13000 രൂപയായിരുന്നു. പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിടനികുതി, കച്ചവടലൈസൻസ്, ഫീസ് കാളവണ്ടിക്കും സൈക്കിളിനുമുള്ള വാഹനനികുതി എന്നിവയായിരുന്നു.

പാറക്കൽ-പരിയാരം റോഡ്, പാറക്കൽ മുട്ടിൽ - കാക്കവയൽ റോഡ്, തൃക്കൈപെറ്റ റോഡ്, കാക്കവയൽ വാഴവറ്റ റോഡ് എന്നിവയായിരുന്നു അന്നത്തെ പ്രധാന റോഡുകൾ. റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക പുഴയ്ക്ക് മരപ്പാലം നിർമ്മിക്കുക, തെരുവിൽ മണ്ണെണ്ണവിളക്ക് കത്തിക്കുക എന്നിവയായിരുന്നു പഞ്ചായത്തിന്റെ പ്രധാന ജോലികൾ.

1963 ഡിസംബർ 16നാണ് രണ്ടാമത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത്. സ്വകാര്യ ബാലറ്റ് സമ്പ്രദായത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രസ്തുത ഭരണസമിതിയുടെ പ്രസിഡണ്ട് നീലിക്കണ്ടി കുഞ്ഞിപ്പോക്കർ ഹാജിയായിരുന്നു. ഏഴംഗ ഭരണസമിതിയിലെ മറ്റംഗങ്ങൾ സി. എച്ച്. ഇമ്പിച്ചി

അഹമ്മദ് എ. സി. അബ്ദുള്ള എം. പി. ധരണീന്ദ്ര കുമാർ വാഴവറ്റ ഭരതൻ, ഉണ്ണീരി മേസ്ത്രി കെ. നടേശൻ എന്നിവരായിരുന്നു. 1963ലാണ് പഞ്ചായത്തിലെ ആദ്യത്തെ എക്സിക്യൂട്ടീവ് ഓഫീസർ നിയമിക്കപ്പെട്ടത്. എം. പി. പത്മനാഭൻ സൗജന്യമായി നൽകിയ സ്ഥലത്താണ് ഇന്നു നിലവിലുള്ള പഞ്ചായത്ത് ആഫീസ് കെട്ടിടം പണിതത്. ചൂണ്ടേൽ സുബലക്ഷ്മി അവ്വ സൗജന്യമായി നൽകിയ സ്ഥലത്ത് പഞ്ചായത്ത് വക പൊതുശ്മശാനം ഏർപ്പെടുത്തി.

1979 സെപ്റ്റംബർ 9ന് ശ്രീ. പി. ടി ഗോപാല കുറുപ്പ് പ്രസിഡണ്ടായുള്ള 9 അംഗഭരണസമിതി നിലവിൽവന്നു. ശാന്തി വർമ്മ ജയിൻ, എൻ. കെ. റഷീദ്, ജമാൽ മുഹമ്മദ്, എൻ. ടി. വാസുദേവൻ, ദേവകിയമ്മ തൊട്ടിത്തറ സെബാസ്റ്റ്യൻ, ചോമ്പാലയിൽ ജോസഫ് എൻ. ഡി. അപ്പച്ചൻ എന്നിവർ ആയിരുന്നു മറ്റു അംഗങ്ങൾ. കേന്ദ്രഗവണ്മെന്റിന്റെ പ്രത്യേക സ്കീമിലുള്ള പദ്ധതികൾ. ഈ കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കി തുടങ്ങിയതിനാൽ ഗ്രാമവികസനരംഗത്ത് എടുത്തുപറയത്തക്ക പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. 1988 ജനുവരി 28ന് നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. എൻ. കെ. റഷീദ് പ്രസിഡന്റായുള്ള ഭരണസമിതി നിലവിൽ വന്നു. ഭരണസമിതിയിൽ പാറത്തൊടുക അഹമ്മദുകുട്ടി മണക്കോടൻ അന്ത്രു, എം. ടി. വാസുദേവൻ. എൻ. സി. കുഞ്ഞമ്മദ്, മേലത്തുപുരക്കൽ ഇബ്രാഹിം, എൽസമ്മ തോമസ്, ഇന്ദിരാ ദാമോദരൻ, എൻ. ഡി. അപ്പച്ചൻ, എൻ.ഒ.വർക്കി എന്നിവർ മെമ്പർമാരായിരുന്നു. 16–8–91ന് എൻ.കെ. റഷീദ് പ്രസിഡന്റ് പദവിയിൽ നിന്ന് രാജിവെക്കുകയും 30–9–91ന് എൻ.ഡി.അപ്പച്ചൻ പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ചെയ്തു. പഞ്ചായത്തിലെ സാംസ്കാരിക നിലയം, ഷോപ്പിംങ് കോപ്ലക്സ് എന്നിവ ഈ കാലയളവിൽ സ്ഥാപിച്ചു. പഞ്ചായത്ത്രാജ് നിയമമനുസരിച്ച് നടന്ന തിരഞ്ഞെടുപ്പിന് ശേഷം 1995 ഒക്ടോബർ നാലിന് ടി. എൻ. സെയ്തുമുഹമ്മദ് പ്രസിഡണ്ടായുള്ള ഭരണസമിതി നിലവിൽ വന്നു. ഇപ്പോഴത്തെ ഭരണസമിതിയിലെ അംഗങ്ങൾ കെ. പി. ഭാസ്കരൻ (വൈസ്പ്രസിഡണ്ട്) എം.എ. നബീസ (സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൻ) വടകര മുഹമ്മദ്, എൻ. കെ. റഷീദ്, പി.ടി ഗോപാലക്കുറുപ്പ്, പി. പുരുഷോത്തമൻ, കെ. രാമൻ, എൻ. ഡി. റോസമ്മ, നാരായണി, പൊന്നമ്മാ രാജൻ എന്നിവരാണ്. ഇവർ നാട്ടുകാരുടെ സഹകരണത്തോടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി പ്രവർത്തിച്ചുവരികയാണ്.



# ഭൂപ്രകൃതി

**ഭൂവിഭാഗങ്ങൾ**

ഭൂപ്രകൃതിയനുസരിച്ച് മുട്ടിൽ പഞ്ചായത്തിനെ അഞ്ച് മേഖലകളായി തിരിക്കാം.

1. ഉയർന്ന കുന്നിൻ പ്രദേശം
2. കുത്തനെയുള്ള ചരിവ്
3. ചെറുചരിവ്
4. സമതലം
5. ചെറുപുഴയോരങ്ങൾ

**മൺതരം**

അഞ്ചുതരം മണ്ണുകളാണ് ഈ പ്രദേശത്തിലുള്ളത്.

1. മണൽമണ്ണ്
2. ചെളിമണ്ണ്
3. ചെമ്മണ്ണ്
4. ചരൽമണ്ണ്
5. വനമണ്ണ്

**ജലലഭ്യത**

മുട്ടിൽമലയിലെ വറ്റാത്ത ഉറവകൾ, പുഴകൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയാണ് പ്രധാന ജലസ്രോതസ്സുകൾ.

**കാലാവസ്ഥ**

മുട്ടിൽ പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 230 സെ മീ മഴ ലഭിക്കുന്നുണ്ട്. ജൂൺ മുതൽ ആഗസ്റ്റ് വരെ സാധാരണ നിലയിൽ മഴ ലഭിക്കാറുണ്ട്. ജൂൺ, ജൂലായ് മാസത്തിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏപ്രിൽ മെയ് മാസങ്ങളിൽ ഇടമഴ ലഭിക്കാറുണ്ട്. നവംബർ ഡിസംബർ ജനുവരി മാസങ്ങൾ മഞ്ഞുകാലമാണ്. വേനൽക്കാലമായ മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിലാണ് വരൾച്ച അനുഭവപ്പെടുന്നത്.

**ധാതുസമ്പത്ത്**

കരിങ്കൽപ്പാറ, മണൽ, വെള്ളാരം കല്ല്, കളിമണ്ണ് തുടങ്ങിയവയാണ് ഈ പഞ്ചായത്തിലെ പ്രധാനധാതുവിഭവങ്ങൾ.

**ഭുവിനിയോഗം:**

| | | |
|---|---|---|
| നിലം | : | 2435 ഏക്കർ |
| പുരയിടം | : | 7496 ഏക്കർ |
| പുറമ്പോക്ക് | : | 106.81 ഏക്കർ |
| തോടുകൾ | : | 31.66 ,, |
| റോഡ് | : | 11.83 ,, |
| പുഴ | : | 144.45 ,, |
| കുളം | : | 2.55 |
| റവന്യൂഭൂമി | : | 202.83 ,, |
| വനം | : | 227.13 ,, |
| കാരാപ്പുഴ പ്രൊജക്ട്: | | 1084.24 ,, |

മുട്ടിൽ പഞ്ചായത്തിൽ കഴിഞ്ഞ 5 ർഷക്കാലത്ത് പെയ്ത മഴയുടെ അളവ് മില്ലി മീറ്ററിൽ (അവലംബം: കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അമ്പലവയൽ

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്ത് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | 001.0 | 034.0 | 043.8 | 156. | 192.6 | 388.2 | 719.0 | 365.0 | 83.8 | 215.2 | 102.4 | Nil | 2301.2 |
| 1992 | Nil | 0.6 | Nil | 44.4 | 234.0 | 587.0 | 535.2 | 315.2 | 196 | 181.6 | 224.8 | Nil | 2318.8 |
| 1993 | Nil | 11.6 | 69.8 | 197.8 | 220.6 | 377.6 | 483.6 | 271.6 | 66.4 | 335 | 46.4 | 47.6 | 2127 |
| 1994 | 74.6 | 0.6 | 15.8 | 202.6 | 198 | 541.6 | 885.6 | 238 | 173.2 | 231 | 131.2 | Nil | 2692.2 |
| 1995 | 2.6 | 20.6 | 2.8 | 261.2 | 253.4 | 253.6 | 513.6 | 442 | 199.8 | 222.6 | 116.0 | Nil | 2288 |

അവലംബം: അമ്പലവയൽ കാർഷികഗവേഷണ കേന്ദ്രം

**മനുഷ്യസമ്പത്ത്:**

മുട്ടിൽ പഞ്ചായത്തിൽ 1991ലെ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യ 26957 ആണ്. ഇതിൽ 13856 പുരുഷന്മാരും 13101 സ്ത്രീകളുമാണ് 4862 പേർ. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗവുമാണ്. ആകെയുള്ള ജനസംഖ്യയിൽ 19192 പേർ സാക്ഷരരാണ്. ഇതിൽ 10313 പുരുഷന്മാരും 8879 സ്ത്രീകളും ആകുന്നു. നിരക്ഷരരിൽ ഭൂരിഭാഗവും പണിയ-നായ്ക്കർ വിഭാഗത്തിൽ പെട്ടവരാണ്.

തൊഴിൽ പട്ടിക:-

| | ആൺ | പെൺ | ആകെ |
|---|---|---|---|
| തൊഴിലുള്ളവർ | 6822 | 2662 | 9484 |
| കൃഷിക്കാർ | 1500 | 176 | 1676 |
| കൃഷിതൊഴിലാളികൾ | 2680 | 1760 | 4440 |
| വനാമുഗ പരിപാലനം | 693 | 256 | 949 |
| കരിങ്കൽ തൊഴിലാളികൾ | 74 | 43 | 117 |
| സാങ്കേതിക തൊഴിലാളികൾ | 252 | 49 | 301 |
| നിർമ്മാണതൊഴിലാളികൾ | 240 | 21 | 261 |
| കച്ചവടം | 586 | 32 | 618 |
| ഗതാഗതവാർത്താവിനിമയം | 224 | 5 | 229 |
| മറ്റുജോലികൾ | 558 | 304 | 862 |
| നാമമാത്ര തൊഴിലാളികൾ | 216 | 448 | 664 |
| തൊഴിൽ രഹിതർ | 6548 | 10071 | 16619 |

"സമൂഹത്തിലെ ചില വ്യക്തികളുടെ
കയ്യിൽമാത്രം അധികാരം ഒതുങ്ങി നില്ക്കുക
എന്നതല്ല. അധികാരം ദുരുപയോഗപ്പെടുത്തുന്നതിനെ
നിയന്ത്രിക്കുന്നതിനുള്ള കഴിവ് കൂടുതൽ
ആളുകളുടെ ഹസ്തങ്ങളിലേക്ക് നല്കുക
എന്നതാണ് എന്റെ സങ്കല്പത്തിലുള്ള
സ്വരാജ്"

– മഹാത്മാഗാന്ധി



# വികസന മേഖലകൾ





# കൃഷി, ജലസേചനം

മുട്ടിൽപഞ്ചായത്തിൽ പൂർവ്വികമായി മുത്താറി, നെല്ല്, ചാമ, കുരുമുളക്,കരിമ്പ്,കാളിക്കാപ്പി, പുകയില, വാഴ,തുടങ്ങിയവ കൃഷിചെയ്തിരുന്നതായി 1921 ലെ ബ്രിട്ടീഷ് സെറ്റിൽമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1940കളിൽ മുട്ടിൽ പഞ്ചായത്തിൽ നാമമാത്രമായ ചില ഉയർന്നജാതിക്കാരും ആദിവാസികളും മാത്രമാണ് ഉണ്ടായിരുന്നത്. ആദിവാസികൾ അടിമപ്പണിചെയ്തുപോന്നിരുന്നു. കൃഷിഭൂമികൾ കുറെഭാഗം കോട്ടയം തെക്കേകോവിലകം വകയും വൻജന്മിമാരുടെ അധീനതയിലുമായിരുന്നു. 1945നോടടുത്തകാലഘട്ടത്തിൽ മധ്യതിരുവിതാംകൂറിൽനിന്നും മലബാറിന്റെ മറ്റുചിലഭാഗങ്ങളിൽനിന്നും കുടിയേറിപ്പാർത്ത ക്രിസ്ത്യാനികൾ,മുസ്ലീംങ്ങൾ, നായർ, ഈഴവർ, മറ്റുപിന്നോക്കസമുദായക്കാർ എന്നിവർ കുന്നിൻചെരുവുകളും സമതലങ്ങളും കാടുവെട്ടിത്തെളിച്ച് മലമ്പനിയോടും അട്ടകളോടും പടപൊരുതി ഫലഭൂയിഷ്ഠമായ ഇവിടുത്തെ മണ്ണിനെ കൃഷിയ്ക്കുപയുക്തമാക്കി പട്ടിണിയും വിഷമങ്ങളും സഹിച്ച് മണ്ണിനോട്മല്ലിട്ട് ആദ്യകാലകർഷകർ കരഭൂമിയിൽ 'കർത്താൻനെല്ലും' കപ്പയും നട്ടു. പിന്നീട് വ്യാപകമായ രീതിയിൽ പുൽത്തൈലപുല്ല് കൃഷിയും ആരംഭിച്ചു.തുടർന്ന് കർഷകർ കാപ്പി, കുരുമുളക്, കവുങ്ങ്, റബ്ബർ,എന്നിവ കൃഷിചെയ്യാൻ തുടങ്ങി.

സമുദ്രനിരപ്പിൽനിന്നും 750 മീറ്ററോളം ഉയരത്തിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണ് മുട്ടിൽ പഞ്ചായത്ത്. 70%ത്തോളം കരഭൂമിയും 30%ത്തോളം വയലുമാണ്. ചെളിമണ്ണ്, ചെമ്മണ്ണ്, ചെങ്കൽമണ്ണ്, മണൽമണ്ണ് വനമേഖലയിലെ ഫലഭൂയിഷ്ടമായ കറുത്തമണ്ണ് എന്നിവയാണ് ഇവിടെകാണുന്നമണ്ണിനങ്ങൾ. മണൽമണ്ണ്, ചെളിമണ്ണ് എന്നീ മണ്ണിനങ്ങളുള്ള വയലുകളിൽ നെല്ല് കൃഷിചെയ്യുന്നു. കരഭൂമിയിൽ കാപ്പി,കുരുമുളക്, തെങ്ങ്, കവുങ്ങ്, എന്നിവ മിശ്രവിളയായും റബ്ബർ ഏകവിളയായും കൃഷിചെയ്തുവരുന്നു. കൂടാതെ, ഏലം, മഞ്ഞൾ, ഇഞ്ചി, ചേന, ചേമ്പ്, വാഴ, എന്നീ കാർഷിക വിളകളും കൃഷിചെയ്തുവരുന്നു. മുൻകാലങ്ങളിൽ ഈ പഞ്ചായത്തിലേക്ക് ആവശ്യമായ നെല്ല്, കപ്പ, പച്ചക്കറികൾ എന്നിവ ഇവിടെത്തന്നെ ഉൽപാദിപ്പിച്ചിരുന്നു. തേങ്ങ, ശർക്കര, എണ്ണകൾ, തുടങ്ങിയ ചില ഭക്ഷ്യവസ്തുക്കൾ മാത്രമേ ഇറക്കുമതിചെയ്തിരുന്നുള്ളു. വാഴ, പപ്പായ, ചക്ക നാടൻമാങ്ങ തുടങ്ങിയ ഫലങ്ങളും സുലഭമായിരുന്നു. 1965 കാലഘട്ടത്തിൽ422 ടണ്ണോളം നെല്ല് ലെവിയായി ശേഖരിച്ചിരുന്നു. എന്നാൽ ഇന്ന് നെൽപ്പാടങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിന്നും മാഞ്ഞുകൊണ്ടിരിക്കുകയാണ്. ഉള്ളവ തന്നെ ഇഷ്ടികകളങ്ങൾക്കും മറ്റു നാണ്യവിളകൃഷിക്കുവേണ്ടി വഴിമാറി കൊണ്ടിരിക്കുകയാണ്. ആദ്യകാലവൻകിട കർഷകർവരെ ഇത്തരത്തിൽ കൃഷി രീതികളിൽ മാറ്റം വരുത്തി മാർക്കറ്റിൽനിന്നും അരിവാങ്ങിക്കുന്ന അവസ്ഥയിലെത്തിയിരിക്കുന്നു. ഈസ്ഥിതിക്ക് മാറ്റം വരേണ്ടത് അത്യാവശ്യമാണ്. താല്കാലിക ലാഭത്തിനുവേണ്ടി വിളകൾ മാറ്റി കൃഷിചെയ്യുന്നത്

കാർഷികരംഗത്ത് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കും. കാപ്പി നശിപ്പിച്ച് കുരുമുളകും കൊക്കോയും കൃഷിചെയ്ത കർഷകർ ഇന്ന് അങ്കലാപ്പിലാണ്. കൊക്കോയുടെ വിലയിടിവുംകുരുമുളകിന്റെ ദ്രുതവാട്ടവും കർഷകരെ വീണ്ടും കാപ്പികൃഷിയിലേക്ക് തിരിച്ചുവരാൻ പ്രേരിപ്പിക്കുന്നു. നെൽ വയലുകളിൽ ഈ പ്രദേശത്ത് മുൻകാലങ്ങളിൽ ധാരാളമായി കൃഷി ചെയ്തിരുന്ന തൊണ്ടി, വെളിയൻ, ഗന്ധകശാല, ജീരകശാല, എന്നീഇനങ്ങൾ ഇപ്പോൾ നാമമാത്രമായി മാത്രമേ കൃഷിചെയ്യുന്നുള്ളൂ. പകരം അത്യുൽപാദന ശേഷിയുള്ള ഇനങ്ങളായ ജയ, ഭാരതി,ഐ ആർ20, എടവക എന്നിവ കൃഷിചെയ്തുവരുന്നു.

കുമ്പള കൊല്ലിത്തോട്, വാര്യാട്തോട്, കൊരലാടിതോട്, കൊളവയൽ,തോട്, മലക്കാട് തെനേരി തോട്, വാളംവയൽതോട്, കുപ്പാടിതോട്, ഇടിമുണ്ട കല്ലുപാടിതോട്, കാരാപ്പുഴ തോട്, അമ്പുകുത്തിതോട് ഇവ ചേർന്ന് മുട്ടിൽപുഴ രൂപംകോള്ളുന്നു. കബനി നദിയുടെ പോഷകനദികളായ പനമരം, മാനന്തവാടിപുഴകളിൽ ചേരുന്ന അനേകം അരുവികളും,തോടുകളും, ഈ പ്രദേശത്ത് കൂടി ഒഴുകുന്നു. കുമ്പളാട് തോട്, ചെറുനെല്ലൂർതോട്, ചിലഞ്ഞിച്ചാൽതോട്, മുരണിക്കരതോട് നെന്മേനിതോട്, ആലത്തട്ടതോട്, - ആനപ്പാറതോട്,മാണ്ടാട് തോട്, ചാഴിവയൽതോട്, ഇവയെല്ലാം ചേർന്ന് പനമരം പുഴയെ പോഷിപ്പിക്കുന്നു. മഴക്കാലത്ത് വെള്ളപ്പൊക്കവും,വേനൽക്കാലത്ത് വരൾച്ചയും നേരിടുന്നവയാണ്. ഇവയിൽ ചിലതോടുകൾ.ഇതൊഴിവാക്കാൻ മഴവെള്ളം ഭൂമിയിൽ പതിക്കുന്നിടത്തുതന്നെ കഴിയുന്നത്ര സംഭരിക്കുക എന്നതാണ് മണ്ണ്– ജലസംരക്ഷണത്തിന്റെകാതലായവശം.ഇതിനായി കല്ലുകയ്യാലകൾ, പുല്ലുകയ്യാലകൾ, മൺകയ്യാലകൾ, ചെടികയ്യാലകൾ കുഴികൾ തുടങ്ങിയവ നിർമ്മിക്കേണ്ടിയിരിക്കുന്നു. കൂടാതെ, കുളങ്ങൾ, ചെക്കുഡാമുകൾ തുടങ്ങിയവ നീരൊഴുക്കു തടയുന്നതിനുംജലം സംഭരിച്ചുവെക്കുന്നതിനും ഉപകരിക്കും. ചെറനല്ലൂർ, ആനപ്പാറ, മുട്ടിൽ, ചെറുമൂല, കരിമം, കാട്ടാഞ്ചേരി, തോട്ടംകൊല്ലി എന്നിവിടങ്ങളിൽ ചെറിയ അണക്കെട്ടുകളുണ്ട്. എന്നാൽ യഥാസമയത്ത് ഷട്ടർ ഇട്ട് ജലം സംഭരിച്ചു നിർത്താനുള്ള സംവിധാനങ്ങളില്ല. കൂടാതെ കനാൽ സൗകര്യങ്ങളും ഇല്ല. ഉള്ളവ സംരക്ഷിക്കുകയും നീർമറി പ്രദേശങ്ങളിൽകുളങ്ങളുംചെറിയ ചെക്ക് ഡാമുകളും, നിർമ്മിക്കുകയും ചെയ്യേണ്ടതുണ്ട്. ചക്യാനിക്കുളം, കുപ്പാടികുളം, വാരിട്ടുകുളം, ചെറുനല്ലൂർകുളം എന്നിവ നല്ല നീരുറവയുള്ള ജലസ്രോതസ്സുകളാണ്, പഞ്ചായത്തിലെ ഭൂരിഭാഗം ഭൂവുടമകളും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്, ഇതുസംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

പട്ടിക 1

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 3035 |
| 2 | ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ | 665 |
| 3 | രണ്ട് ഹെക്ടറിന് മുകളിൽ | 240 |

**ഭൂവിനിയോഗം**

പഞ്ചായത്തിന്റെ ആകെ വിസ്തൃതി 4794.5 ഹെക്ടറാണ്. ഇത് നിലം, പുരയിടം, പുറമ്പോക്ക്, കൃഷിയോഗ്യമായ തരിശ്, കൃഷിയാഗ്യമല്ലാത്ത തരിശ് എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ബന്ധപ്പെട്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2

| ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 848 |
| പുരയിടം | 3635 |
| പുറമ്പോക്ക് | 108.20 |
| കൃഷിയോഗ്യതരിശ് | 43 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 65 |

പട്ടിക 3 നെൽകൃഷി

| നമ്പർ | വിള | – | വിസ്തീർണ്ണം |
|---|---|---|---|
| 1 | നെല്ല് | ഒന്നാം വിള (നഞ്ച) | 748 ഹെക്ടർ |
| 2. | നെല്ല് | രണ്ടാംവിള (പുഞ്ച | 236 ഹെക്ടർ |

**പാടശേഖര സമിതികൾ**

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പട്ട 19 പാടശേഖര സമിതികളാണ് ഇപ്പോൾ നിലവിലുള്ളത്, പലതും വേണ്ടത്ര ഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത്.പാടശേഖരസമിതികളുടെവിശദാംശങ്ങൾ താഴെ പറയുംപ്രകാരമാണ്.

പാടശേഖരത്തിൽ മുഖ്യവിളയായി നെല്ലിനു പുറമേ വാഴ, പയർ , ഇഞ്ചി എന്നിവയും കൃഷിചെയ്തു വരുന്നു. ജലസേചനത്തിന്റെ അഭാവത്തിൽ 250 ഹെക്ടർ സ്ഥലത്ത് മാത്രമാണ് രണ്ടാംവിള നെൽകൃഷിചെയ്യുന്നത്. ജലസ്രോതസ്സുകൾ മുഴുവൻ ഉപയോഗപ്പെടുത്തുകയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും ചെയ്താൽ 500 ഹെക്ടറോളം സ്ഥലത്ത് 2ാം വിളനെൽകൃഷിചെയ്യുവാൻകഴിയും.

**നാണ്യവിളകൾ**

പ്രധാനമായും കാപ്പി, കുരുമുളക്, എന്നീവിളകളാണ് പഞ്ചായത്തിൽ കൃഷിചെയ്യുന്നത്. 1172ഹെക്ടർസ്ഥലത്ത് കാപ്പിയും കുരുമുളകും മിശ്രമായി കൃഷിചെയിതിട്ടുണ്ട്. കുരുമുളക് കൃഷി സംരക്ഷണത്തിനായി പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും കൂടി 20 കുരുമുളക് സംരക്ഷണസമിതി നിലവിലുണ്ട്. ഒരുവാർഡിൽ തന്നെ ഒന്നിൽകൂടുതൽ സംരക്ഷണസമിതികൾ നിലവിലുണ്ട്. വിശദാംശങ്ങൾ പട്ടിക 5ൽ ചേർക്കുന്നു.

**തെങ്ങുകൃഷി**

തെങ്ങുകൃഷി വികസനത്തിനായി പഞ്ചായത്തിൽ ഒരു നാളികേര വികസന സമിതി നിലവിലുണ്ട്. (അഡ്ഹോക്ക്കമ്മറ്റി) 366.1 ഹെക്ടർസ്ഥലത്ത് മിശ്രവിളയായി തെങ്ങുകൃഷിചെയ്യുന്നു. സമഗ്ര നാളികേര

പട്ടിക 4

| ക്രമനമ്പർ | പാടശേഖരസമിതിയുടെ പേര് | കർഷകരുടെ എണ്ണം | മൊത്തം വിസ്തൃതി |
|---|---|---|---|
| 1. | മടക്കിമല | 39 | 27.216 ഹെക്ടർ |
| 2. | വാഴക്കണ്ടി, പറളിക്കുന്ന് | 107 | 61.432 |
| 3. | ചിലഞ്ഞിച്ചാൽ, കൂടൽമൂി | 195 | 110.272 |
| 4. | അമ്പുകുത്തി | 96 | 37.50 |
| 5 | മാണ്ടാട് | 121 | 86.324 |
| 6. | തൊണ്ടുപ്പാളി | 91 | 59.148 |
| 7. | മാനിക്കുനി | 131 | 83.86 |
| 8. | പനങ്കണ്ടി, മംഗലംകുന്ന് | 45 | 29.824 |
| 9. | മൂതിമൂല | 31 | 11.436 |
| 10. | കാക്കവയൽ,വാര്യാട് | 82 | 45.488 |
| 11. | തെനേരി, ഒറ്റക്കൊമ്പൻമൂല | 71 | 26.592 |
| 12. | മലക്കാട് | 76 | 25.82 |
| 13. | മന്ദംകൊല്ലി | 51 | 18.26 |
| 14. | കാട്ടാംചേരി,തെനേരി,കല്ലുപാടി | 130 | 47.228 |
| 15. | കരിങ്കണ്ണിക്കുന്ന്,കോളേരി,വാഴവറ്റ | 112 | 49.692 |
| 16. | കണ്ണിപുളപ്പ് | 35 | 18.884 |
| 17. | മലങ്കര പാടശേഖരം | 18 | 6.722 |
| 18. | വാഴവറ്റ, വാളംവയൽ | 53 | 19.44 |
| 19. | പാക്കം പാലക്കാട്ടുകുന്ന് | 90 | 40.228 |

പട്ടിക 5

| ക്രമനമ്പർ | കുരുമുളക് സമിതിയുടെ പേര് | കർഷകരുടെ എണ്ണം | മൊത്തം വിസ്തൃതി |
|---|---|---|---|
| 1. | മടക്കിമല | 158 | 33.039 ഹെക്ടർ |
| 2 | കുമ്പളാട് | 183 | 87.896 |
| 3. | പരിയാരം | 325 | 168.96 |
| 4. | അമ്പുകുത്തി | 95 | 59.14 |
| 5. | കുട്ടമംഗലം | 146 | 64.568 |
| 6. | മാണ്ടാട് | 221 | 109.38 |
| 7. | മുട്ടിൽമല | 121 | 75.54 |
| 8. | തൊണ്ടുപ്പാളി | 175 | 123.232 |
| 9. | മാനിക്കുനി | 198 | 99.268 |
| 10. | പനങ്കണ്ടി | 79 | 37.392 |
| 11. | വാര്യാട് | 109 | 33.808 |
| 12. | തെനേരി, ഒറ്റക്കൊമ്പൻമൂല | 59 | 23.325 |
| 13. | പക്ക്യാനിക്കുന്ന് | 148 | 61.712 |
| 14. | മലക്കാട് | 75 | 42.512 |
| 15. | കരിങ്കണ്ണിക്കുന്ന്,കല്ലുപാടി,തെനേരി | 177 | 104.728 |
| 16. | കല്ലുപാടി | 32 | 16.434 |
| 17. | കുപ്പാടി തോട്ടംകൊല്ലി | 85 | 40.64 |
| 18. | വാഴവറ്റ | 276 | 157.8 |
| 19 | കരിങ്കണ്ണിക്കുന്ന്,കോളേരി | 265 | 116.676 |
| 20. | പാക്കം, പാലക്കാട്ട്കുന്ന് | 260 | 151.708 |

വികസന പദ്ധതിപ്രകാരം തെങ്ങുകൃഷിക്ക് ജലസേചനം നടത്തുന്നതിനായി കിണറും പമ്പ്സെറ്റും സ്ഥാപിക്കുന്നതിന് കേരവികസന സമിതിമുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ബാങ്ക് സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു.

**വളം**

സഹകരണമേഖലയിലുള്ള രണ്ടും സ്വകാര്യമേഖലയിലുള്ള 7ഉം ഉൾപ്പടെ ഒൻപത് വളം വിപണന കേന്ദ്രങ്ങളാണുള്ളത്. കൃഷിക്കുപയോഗിക്കുന്നത്85% രാസവളങ്ങളാണ്.ഇത് തികച്ചും ശാസ്ത്രീയമായരീതിയിലുള്ള മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല നടന്നുവരുന്നത്, ജൈവവളം വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള രാസവളപ്രയോഗം കൃഷിചെലവ് കുറക്കുവാൻ സഹായിക്കും. ഇക്കാര്യത്തിൽ കർഷക സമിതികൾ ഉണർന്ന് പ്രവർത്തിക്കേണ്ടതാണ്. ജൈവവളങ്ങളുടെ ധാരാളമായ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൃഷിഭവന്റെ പരിധിയിലുള്ള വളം വിൽപ്പന കേന്ദ്രങ്ങളിലൂടെ കഴിഞ്ഞ3 വർഷങ്ങളായി വിതരണം ചെയ്ത വളത്തിന്റെ അളവ് താഴെ പറയും പ്രകാരമാണ്.

(പട്ടിക- 6)

വളത്തിന്റെ ഉപയോഗം

| വർഷം | നൈട്രജൻ($N_2$) | ഫോസ്ഫറസ്(P) | പൊട്ടാഷ്(K) |
|---|---|---|---|
| 1993–94 | 10–5 ടൺ | 13–79ൽ | 12–8ടൺ |
| 1994–95 | 15–ടൺ | 16.6 ടൺ | 17.4 ടൺ |
| 1995–96 | 19.4 ടൺ | 17.4 ടൺ | 21–6 ടൺ |

പട്ടിക 7 പണിപൂർത്തിയാക്കിയ ജലസേചന പദ്ധതികൾ

| നമ്പർ | പേര് | പുതുക്കിയ വർഷം | തുക (ലക്ഷത്തിൽ) | ഉപയോഗിച്ചെടുത്ത വിസ്തൃതി |
|---|---|---|---|---|
| 1. | ചെറനല്ലൂർ തോട് വി.സി.ബി | 1966 | .24 | 13.38 ഹെക്ടർ |
| 2 | കാക്കവയൽ തോട് വി.സി.ബി | 1970 | 2 | 17.23 |
| 3 | ആനപ്പാറ വി.സി.ബി | 1968 | .036 | 33.06 |
| 4 | കോളേരിവയൽ വിയർ | 1968 | .042 | 13.76 |
| 5 | പനങ്കണ്ടിതോട് വി.സി.ബി | 1976 | 9.752 | – |
| 6 | പരിയാരംകുളം | 1971 | 0.036 | 3.24 |
| 7 | പനങ്കണ്ടി കുളം | 1974 | .285 | 18.62 |
| 8. | ഓടൻചിറ | 1983 | – | 14.16 |
| 9. | പാക്കംകുളം | 1986 | .430 | 25.91 |
| 10. | മലക്കാട് കനാൽ നീട്ടൽ | 1994 | 3.60 | 14.17 |
| 11. | പരിയാരംകുളം റിപ്പേർ | 1995 | 4.00 | 14.35 |
| 12. | കല്ലുപാടി വി.സി.ബി.വികസനം | 1995 | 2.17 | 12.15 |
| 13. | കള്ളംപെട്ടി കുളം | 1996 | 4.54 | 17.34 |

**കീടനാശിനികൾ**

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കും കുരുമുളകിന്റെ ദ്രുത വാട്ടത്തിനെതിരെയുമാണ് പ്രധാനമായും കീട, കുമിൾനാശിനികൾ ഉപയോഗിച്ചു വരുന്നത്. കീട–കുമിൾനാശിനികൾ തെളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ മരുന്നിന്റെ കൃത്യ മായ അളവിലോ കർഷകർ കൃത്യനിഷ്ഠ പാലിക്കാറില്ല. തന്മൂലം കീടങ്ങളുടെ വംശവർദ്ധനവിനും മിത്ര കീടങ്ങളുടെ നാശത്തിനും കാരണമാകുന്നു.

**കാർഷികോപകരണങ്ങൾ**

പാടശേഖര കമ്മറ്റികൾക്കായി കൃഷിഭവൻമുഖേന നൽകിയ ഒരു ട്രാക്ടർ, 4 പവർട്രില്ലറുകൾ എന്നിവയും കുരുമുളക് സമിതികൾക്ക് നൽകിയ 117 റോക്കർ സ്പെയറുകളുമാണ് കാർഷിക യന്ത്രോപകരണങ്ങളായി ഉള്ളത്. ഇതുകൂടാതെ സ്വകാര്യ വ്യക്തികളുടെ കൈവശത്തിൽനിന്ന് 23 ട്രാക്ടറുകളും 13 ട്രില്ലറുകളും 60 നാപ്സാക്ക് സ്പ്രെയറുകളും 96 റോക്കർ സ്പ്രെയറുകളും 607 നാടൻ കലപ്പയും കാർഷിക് ഉപകരണങ്ങളായി പഞ്ചായത്തിലുണ്ട്. ഒരു കാലത്ത് കൃഷിക്ക് പൂർണ്ണമായും ആശ്രയിച്ചിരുന്ന നാടൻഉഴവു കാളകൾ ഇന്ന് നാമമാത്രമായി മാറിയിരിക്കുന്നു.

**കാർഷിക വായ്പ**

മടക്കിമല സർവ്വീസ് സഹകരണബാങ്ക്, വാഴവറ്റ കൽപ്പറ്റ ഗ്രാമീണബാങ്കുകൾ, കൈനാട്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കാർഷിക വികസന ബാങ്ക് കൽപ്പറ്റ, ഭൂപണയ ബാങ്ക് കൽപ്പറ്റ എന്നിവയാണ് ഈ പഞ്ചായത്തിലെ കർഷകർക്ക് വായ്പ അനുവദിക്കുന്ന സ്ഥാപനങ്ങൾ. കർശനമായ വായ്പാനിയന്ത്രണങ്ങൾ മാറ്റുകയും കാലതാമസം ഒഴിവാക്കുകയും ചെയ്താൽ കർഷകരുടെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ ഒരു പരിധിവരെ കഴിയുന്നതാണ്.

**കൂലി, സേവനം**

കാർഷികമേഖലയിൽ മെച്ചപ്പെട്ട കൂലി ഇന്നു ലഭ്യമാണെങ്കിലും ആവശ്യത്തിനു തൊഴിലാളികൾ ഈ രംഗത്തില്ല എന്നതു വസ്തുതയാണ്. കർണ്ണാടക,

തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുവരുന്ന തൊഴിലാളികളാണ് ഒരു പരിധിവരെ കാർഷികരംഗത്ത് ഇന്ന് ആശ്രയം. ഗ്രാമങ്ങളിലേക്ക് നഗര സംസ്കാരം വളർന്ന് വരുന്നതിന്റെ പ്രത്യാഘാതങ്ങളാണിതിനു കാരണം. തൊഴിൽ ഇല്ലാത്ത യുവതലമുറക്ക് കാർഷികവൃത്തികളോടുള്ള വിമുഖതയും കെട്ടിട നിർമ്മാണം തുടങ്ങിയ വൻതോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉയർന്ന കൂലി ലഭിക്കുന്നുവെന്നതും തൊഴിലാളികളെ കാർഷികരംഗത്തുനിന്നും അകറ്റുന്നു.

**കാർഷികമേഖലയിൽ യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി**

ഈ പദ്ധതിപ്രകാരം ഇരുപതു വയസ്സിനും മുപ്പത്തിയഞ്ചുവയസ്സിനും ഇടയിൽ പ്രായമുള്ള 100 യുവജനങ്ങളെ തിരഞ്ഞെടുത്ത് (എട്ടുപേർ SC/ST വിഭാഗം) അംഗത്വ ഫീസ് മുഴുവൻ അടച്ച് പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരംഗം മരണപ്പെട്ടുപോയി. അയാളുടെ അവകാശിക്ക് മരണാനന്തരം ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. നാലംഗങ്ങൾക്ക് മാത്രമാണ് പദ്ധതിപ്രകാരം ചെറിയ ആനുകൂല്യം ലഭിച്ചത്. ബാക്കി യുവജനങ്ങൾക്ക്കാർഷിക മേഖലയിൽസബ്സിഡിയോടുകൂടി ഏതെങ്കിലും തൊഴിൽ സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട്.

**കാർഷികോത്പന്ന വിപണനം, സംസ്ക്കരണം**

പഞ്ചായത്തിലെ എഴുപതു ശതമാനം ജനങ്ങളും കാർഷികമേഖലയുമായി ബന്ധപ്പെട്ടവരാണ്. കാർഷികോത്പന്നങ്ങൾക്ക് മതിയായ വില കർഷകർക്ക് പലപ്പോഴും കിട്ടാറില്ല. ലാഭക്കണ്ണുള്ള വൻകിട കച്ചവടക്കാരുടെ ചൂഷണത്തിന് കർഷകർ ഇരയാകുന്നു. ഇവിടെ നിന്ന് അന്യ സ്റ്റേറ്റുകളിലേക്ക് പോകുന്ന ഇഞ്ചി, കുരുമുളക് എന്നിവയുടെ സത്ത് വൻ വിലപിടിപ്പുള്ളവയാണ്. അവ ഇവിടെ തന്നെ സംസ്ക്കരിക്കാനുള്ള ഫാക്ടറി സഹകരണാടിസ്ഥാനത്തിലോ മറ്റോ അനുവദിച്ചാൽ ഉല്പന്നങ്ങൾക്ക് നല്ല വില കിട്ടുമെന്ന് ഉറപ്പുവരുത്താം. പഞ്ചായത്തിന് വൻതോതിൽ വിദേശനാണ്യം നേടിത്തരുന്നതിന് ഇത് വഴിതെളിക്കും. കാപ്പി, നെല്ല് എന്നീ വിളകളുടെ കാര്യത്തിലും ഇത്തരത്തിലുള്ള സംസ്ക്കരണശാല തുടങ്ങേണ്ടതുണ്ട്. ധാരാളം തൊഴിൽ സാധ്യതകളും ലഭിക്കും. കൃഷിഭവൻ, ബ്ലോക്ക്, പഞ്ചായത്തു തലങ്ങളിൽ നിന്നും കർഷകർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല. അർഹരായവർക്ക് ആനുകൂല്യങ്ങൾ തക്ക സമയത്ത് ലഭിക്കുന്നതിന് ഉദ്യോഗസ്ഥന്മാരും കർഷക സമിതികളും ശ്രദ്ധിക്കേണ്ടതുണ്ട്. പല കർഷക സമിതികളും നിർജ്ജീവമാണ്. കാലാകാലങ്ങളിൽ അംഗങ്ങളെ വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും, കൂട്ടായ മണ്ണ് പരിശോധന, കർഷകരെ ബോധവത്ക്കരിക്കൽ തുടങ്ങിയവ നടത്തുകയും വേണം. കാർഷികാഭിവൃദ്ധിക്കുപുറമെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ താഴെ പറയുന്ന പദ്ധതികൾ കൂടി ആവിഷ്ക്കരിച്ചു നടത്തേണ്ടതാണ്.

1. കറവ മാടുകൾ, ആട് , കോഴി എന്നിവ വളർത്തൽ
2. തീറ്റപ്പുൽ കൃഷി
3. പച്ചക്കറി , കൂൺ കൃഷി
4. മത്സ്യം വളർത്തൽ

ഇവയിൽ കർഷകർക്കുവേണ്ടത്ര സാങ്കേതിക ഉപദേശങ്ങളും ധനസഹായവും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ചാൽ നിരവധി പേർക്ക് തൊഴിലും ഉപജീവനമാർഗ്ഗവുമാകും. ഇത് പഞ്ചായത്തിലെ ജനങ്ങളുടെ പോഷകാഹാര കമ്മി പരിഹരിക്കുന്നതിന് ഉതകും. പഞ്ചക പദ്ധതി പ്രകാരം അപേക്ഷ നൽകിയ കർഷകർക്ക് ഈ കാര്യത്തിൽ മുൻഗണന നല്കാവുന്നതാണ്.

**പ്രശ്നങ്ങൾ**

പ്രധാനമന്ത്രിയുടെ പ്രത്യേക നെൽകൃഷി വികസന പദ്ധതി പ്രകാരം കൃഷിഭവൻ മുഖേന 83% സബ്സിഡിയോടു കൂടി ചിലഞ്ഞിച്ചാൽ, മാനിക്കുനി, കണ്ണിപ്പുളപ്പ്, മാണ്ടാട്, വാഴക്കണ്ടി, എന്നീ 5 പാടശേഖരത്തിൽ തുടങ്ങിയ ജലസേചന പദ്ധതികൾ വാഴക്കണ്ടി ഒഴികെ മറ്റിടങ്ങളിലെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന ഒറ്റ കാരണത്താൽ 4 പാടശേഖരങ്ങളിലും കൂടി 100 ഹെക്ടർ സ്ഥലത്ത് രണ്ടാംവിള പുഞ്ച കൃഷി ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ പാടശേഖരങ്ങളിൽ ഉടനടി വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയാൽ നെല്ലുല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും.

**നേഴ്സറികൾ, നടീൽ വസ്തുക്കൾ**

തെങ്ങ്, കവുങ്ങ് തൈകൾ, കുരുമുളക് വള്ളി

കൾ എന്നിവ കൃഷിഭവൻ മുഖേന കർഷകർക്ക് എത്തിച്ചുകൊടുക്കാറുണ്ടെങ്കിലും അവയുടെ ഗുണമേന്മയും ലഭ്യതയും കുറ്റമറ്റ രീതിയിലല്ല. അത്യുൽപാദനശേഷിയുള്ള നെല്ലിനങ്ങൾ കുരുമുളക്, കവുങ്ങ്, തെങ്ങ് തുടങ്ങിയ നടീൽ വസ്തുക്കൾ പഞ്ചായത്തിന്റെ ഉള്ളിൽ തന്നെ ലഭ്യമാക്കിയാൽ നമ്മുടെ കാർഷികരംഗത്ത് വളരെയധികം മാറ്റം വരുത്തുവാൻ കഴിയും.

ഉല്പാദന ക്ഷമതയുള്ള CxR റോബസ്റ്റ കാപ്പിവിത്തുകൾ കോഫി ബോർഡിന്റെ കൽപ്പറ്റ ലേയ്സൺ ഓഫീസിൽ നിന്ന് ലഭിക്കും. കർഷകന്റെ ഡിമാന്റിനനുസരിച്ച് നടീൽ വസ്തുക്കൾ ലഭിക്കയാൽ മിക്കവരും പഞ്ചായത്തിന്റെ പുറത്തുള്ള സ്വകാര്യ നേഴ്സറികളിലാണ് ശരണം പ്രാപിക്കുന്നത്. കൃഷിഭവന്റേയും കാർഷിക സമിതികളുടേയും മേൽനോട്ടത്തിൽ എല്ലാ വാർഡുകളിലും നേഴ്സറി തുടങ്ങി നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ചു ലഭ്യമാക്കേണ്ടതുണ്ട്.

**കൃഷിഭവൻ**

1987 സെപ്റ്റംബർ മാസത്തിലാണ് പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. തികച്ചും കാർഷികമേഖലയായ പഞ്ചായത്തിൽ 3 കൃഷി അസിസ്റ്റന്റ് മാരും ഒരു കൃഷി ഓഫീസറുമായി തുടങ്ങിയ കൃഷിഭവൻ 2 കൃഷി അസിസ്റ്റന്റ് മാരും ഒരു കൃഷി ഓഫീസറുമായി ചുരുങ്ങുകയാണ് ചെയ്തത്. കൃഷിഭവന്റെ പ്രവർത്തനം പൂർണമായ തോതിൽ കർഷകർക്കു ലഭിക്കുവാൻ ജീവനക്കാരുടെ കുറവ് നികത്തേണ്ടുണ്ട്.

**കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ**

ഇഞ്ചിയുടെ മൂട് ചീയൽ, വാഴയുടെ തുരപ്പൻ നെല്ലിന്റെ കുലവാട്ടം, കുരുമുളകിന്റെ ദ്രുതവാട്ടം, കവുങ്ങിന്റെ മഹാളി രോഗം എന്നിവ കാർഷിക വിളകളുടെ ഉല്പാദനം കുറക്കുന്ന ഘടകങ്ങളാണ്. കീടരോഗബാധക്കെതിരെ കർഷകർ വൻതോതിൽ കീടനാശിനികൾ ശാസ്ത്രീയമായ രീതിയിൽ ഉപയോഗിച്ചുവരുന്നു. വിളവെടുപ്പിന് തൊട്ടുമുമ്പുള്ള കീടനാശിനി പ്രയോഗം ഉത്പന്നങ്ങളിൽ വിശാംശം അടിഞ്ഞുകൂടി നമുക്കുതന്നെ ദോഷം വരുത്തുന്നു.

കീടങ്ങളെ നിയന്ത്രിക്കാൻ ജൈവ കീടനാശിനികളും സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങളും അവലംബിക്കേണ്ടതുണ്ട്. കൃഷിഭവൻ, കർഷകസമിതികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ ഈ കാര്യത്തിൽ മുൻകൈ എടുക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

പുഴയിൽ നിന്നുള്ള മണൽ വാരൽ കൃഷിയെ സാരമായി ബാധിക്കുന്നു. പുഴയുടെ ആഴം വർദ്ധിച്ച് ഇരുകരകളിലുമുള്ള മണ്ണിന്റെ ഈർപ്പ ഘടനക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്.

മണ്ണൊലിപ്പ് : ഭൂരിഭാഗം കരഭൂമിയും ചെരിഞ്ഞ പ്രദേശങ്ങളാണ് മഴക്കാലത്ത് ശക്തമായ ഒഴുക്കിൽ വളക്കൂറുള്ള മേൽമണ്ണ് കൊല്ലംതോറും നല്ലൊരളവിൽ നഷ്ടരപ്പെടുന്നു. ഇത് മൊത്തത്തിലുള്ള കാർഷികോത്പാദനത്തെ ബാധിക്കുന്നുണ്ട്.

നെൽപ്പാടങ്ങൾ നികത്തി മറ്റു കൃഷി ചെയ്യുന്ന പ്രവണത പഞ്ചായത്തിൽ വ്യാപകമായി കാണുന്നു. നെൽകൃഷിയുടെ ഉല്പാദന ചെലവ് കൂടിയതും മറ്റു വിളകൾക്ക് ലഭിക്കുന്ന ന്യായമായ വിലയുമാണ് ഇതിന് പ്രധാന കാരണം. ഇഷ്ടികക്കളങ്ങളാക്കുന്ന നെൽവയലുകളും പഞ്ചായത്തിലുണ്ട്.

ജലസേചന സൗകര്യമില്ലായ്മയും ഒരു പരിധി വരെ ഇതിനു കാരണമാണ്.

**പ്രകൃതി ക്ഷോഭം**

പ്രകൃതി ക്ഷോഭം ലക്ഷക്കണക്കിന് രൂപയുടെ വിളനാശമാണ് ഓരോ വർഷവും പഞ്ചായത്തിൽ ഉണ്ടാകുന്നത്. പ്രത്യേകിച്ചും വാഴകൃഷിക്ക് വിള ഇൻഷുറൻസ് പദ്ധതി, ഉദാരമാക്കേണ്ടത് അത്യാവശ്യമാണ്.

**നിർദ്ദേശങ്ങൾ**

1. വാർഡുകളിൽ നിന്ന് വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ കുളങ്ങളോ തടയണകളോ നിർമ്മിണ്ടതാണ്. ഈ.സി. മുക്ക്, അവിലിടിക്കുന്ന്, സിദ്ധമതക്കുന്ന്, ആലൂർ കുന്ന്, കുമ്പളാട് , കൊരഞ്ഞിവയൽ, പുല്ലേരി, പള്ളിമൂല, കക്കാടൻ കൊല്ലി, കൈപ്പാത്തി മൂല, മുക്രിമൂല ചെരനല്ലൂർ മുരണിക്കര, എടപ്പെട്ടി , ചുള്ളിമൂല പാലമംഗലം, കൈതൂക്കി വയൽ, കുംബള ക്കൊല്ലി, കൊളവയൽ തൊണ്ടുപ്പാളി , നെന്മേനി, ഒളവത്തൂർ, വാഴവറ്റ, അരിമുണ്ട, പക്യാനിക്കുന്ന് പാക്കം, ചീപ്രം, അമ്പുകുത്തി ,കരിങ്കണ്ണിക്കുന്ന്

2. 110 ഹെക്ടറോളം പുഞ്ച നെൽകൃഷി ചെയ്യാൻ കഴിയുന്ന ചിലഞ്ഞിച്ചാൽ, മാണ്ടാട്, കണ്ണിപ്പുള്ളപ്പ് മാനിക്കുനി, വാഴക്കണ്ടി എന്നീ പാടശേഖരങ്ങളുടെ

പണി പൂർത്തിയാക്കിയ പമ്പുസെറ്റുകൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

3. നടീൽ വസ്തുക്കൾ ഉല്പാദന ശേഷിയുള്ള വിത്തിനങ്ങൾ എന്നിവ അതാത് വാർഡുകളിൽ കർഷക സമിതികൾ ഉപയോഗിച്ച് വിതരണം ചെയ്യുക.

4. രാസവളങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം തന്നെ ജൈവവളങ്ങളും ഉപയോഗിക്കുന്നതിനായി കംപോസ്റ്റ് നിർമ്മിക്കുവാൻ കർഷകർക്ക് പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കുക. മണ്ണിര കമ്പോസ്റ്റ് രീതിയും നടപ്പിലാക്കാവുന്നതാണ്.

5. കൃഷിയെ ബാധിക്കുന്ന രോഗകീടങ്ങൾക്കെതിരെ കർഷക സമിതികളുടെ ആഭിമുഖ്യത്തിൽ സംയോജിത കീട നിയന്ത്രണ നടപടികൾ ആരംഭിക്കുക. ഇതിനായി വിവിധ കർഷക സമിതികൾക്ക് നല്കിയ സ്പ്രെയറുകൾ ഉപയോഗപ്പെടുത്തണം. സാങ്കേതിക നിർദ്ദേശങ്ങൾ കൃഷിഭവനിൽ നിന്നും നല്കുക.

6. മണ്ണൊലിപ്പ് തടയുന്നതിനായി കയ്യാല നിർമ്മിക്കുക. ഇതിന് കർഷകരെ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക സഹായം നല്കുകയും ചെയ്യാവുന്നതാണ്. എല്ലാ വാർഡുകളിലും മണ്ണുസംരക്ഷണ പ്രവർത്തനം നടത്തേണ്ടതാണ്. തോടുകളുടെ വശങ്ങൾ കല്ലുകെട്ടി ബലപ്പെടുത്തേണ്ടതാണ്.

7. നിലവിലുള്ള ഡാമുകളുടെ അറ്റകുറ്റ പണികൾ തീർത്ത് കൃഷിക്കാരന് ഗുണപ്രദമായ വിധത്തിൽ കനാലുകൾ നിർമ്മിക്കുക.

8. നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തിയാക്കുക.

9. പുഴയിൽ നിന്നുള്ള മണൽ വാരൽ നിയന്ത്രിച്ച് മണ്ണിന്റെ ഘടന നിലനിർത്തുക.

10. കാർഷിക യന്ത്രങ്ങൾ ആവശ്യമുള്ള കർഷകർക്ക് ലോണായി സബ്സിഡിയോടുകൂടി സ്വന്തമായി ലഭിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കുക.

11. വനിതകൾക്ക് കൂൺകൃഷി, പച്ചക്കറി കൃഷി, കോഴിവളർത്തൽ എന്നിവയിൽ വേണ്ട പരിശീലനം നല്കുക. പച്ചക്കറി കൃഷിയിൽ വളരെയധികം സാധ്യതകൾ പഞ്ചായത്തിലുണ്ട്. സ്കൂൾ വിദ്യാർത്ഥികളിലും ഈ രീതിയിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുക.

12. കോടിക്കണക്കിന് വിദേശനാണ്യങ്ങൾ നേടിത്തരുന്ന, കാപ്പി, ഇഞ്ചി, റബ്ബർ കുരുമുളക് തുടങ്ങിയ കൃഷികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുക.

13. പഞ്ചായത്തിലെ കർഷകരുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

14. പഞ്ചായത്തിലെ ഏറ്റവും മികച്ച കർഷകരെ അംഗീകരിക്കുന്ന വിധത്തിലുള്ള അവാർഡുകളും പ്രോത്സാഹനങ്ങളും നല്കുക.

15. കർഷക സമിതികൾ ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ ക്രമീകരിക്കുക.

സുഗമമായ പ്രവർത്തനത്തിന് ഇതുപകരിക്കും.

16 വാട്ടർഷെഡ് അടിസ്ഥാനത്തിൽ കാർഷിക വികസന പരിപാടികൾ നടപ്പിലാക്കണം,

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ചത് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ കാർഷിക മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതിയും ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും. അതിനുള്ള കൂട്ടായ്മക്കായി നമുക്കൊന്നിക്കാം.



# മൃഗസംരക്ഷണം

ആദ്യകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ പശു, ആട്, എരുമ, പന്നി, മുയൽ തുടങ്ങിയ മൃഗങ്ങളെ ധാരാളമായി വളർത്തിയിരുന്നു. ഉഴവുമാടുകളും വണ്ടിക്കാളകളും സുലഭമായിരുന്നു. മേച്ചിൽ സ്ഥലങ്ങൾ, പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം, കാലിതീറ്റയുടെ ക്രമാതീതമായ വിലക്കയറ്റം എന്നിവ കന്നുകാലി വളർത്തലിൽ നിന്ന് കർഷകരെ പിറകോട്ടുനയിക്കുന്ന ഘടകങ്ങളാണ്. വയലുകൾ നികത്തി മറ്റ് ദീർഘകാല വിളകളിലേക്ക് ജനങ്ങൾ ശ്രദ്ധകേന്ദ്രീകരിച്ചപ്പോൾ വൈക്കോലിന്റെ ലഭ്യതകുറഞ്ഞു. വയൽകൃഷി കുറയുകയും ഉള്ളവതന്നെ കൃഷിചെയ്യുന്നതിന് ട്രാക്ടറുകലും ട്രില്ലറുകളും വരികയും ചെയ്തതോടെ ഉഴവുമാടുകളുടെ സംഖ്യ ക്രമേണ കുറഞ്ഞു.

മുമ്പ് ഈ പഞ്ചായത്തിൽ ഉല്പാദനക്ഷമത കുറഞ്ഞ നാടൻ പശുക്കളെയും, എരുമകളേയും ആണ് വളർത്തിയിരുന്നത്. പാൽവിതരണത്തിനുള്ള സൗകര്യങ്ങളും കൃത്രിമബീജദാനത്തിനുള്ള സൗകര്യങ്ങളും വർദ്ധിച്ചതോടെ ജനങ്ങൾ അത്യുൽപാദന ശേഷിയുള്ള കറവമാടുകൾ വളർത്തി ക്ഷീരോൽപാദനവും വിപണനവും ഒരു ഉപതൊഴിലാക്കി മാറ്റി. പഞ്ചായത്തിലെ 50 ശതമാനത്തോളം പേർ ഇന്ന് ഈ മേഖലയിൽ ഉണ്ട്.

നല്ലയിനം പശുക്കളെ തെരഞ്ഞെടുത്ത് വളർത്തുന്നതിനും കന്നുകാലികൾക്ക് ഉണ്ടാവുന്ന രോഗങ്ങൾ ചികിത്സിക്കുന്നതിനും നമ്മുടെ പഞ്ചായത്തിൽ സൗകര്യങ്ങൾ പരിമിതമാണ്. വാഴവറ്റ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു വെറ്റിനറി ഡിസ്പെൻസറിയും മുട്ടിലിലും, മടക്കിമലയിലും പ്രവർത്തിക്കുന്ന ICDS സബ്സെന്ററുകളും ആണ് ഈ രംഗത്തെ സർക്കാർ സ്ഥാപനങ്ങൾ. ജീവനക്കാരുടെ അഭാവം മൂലം പഞ്ചായത്തിന് അനുവദിക്കപ്പെട്ട പല ICDS സബ്സെന്ററുകളും പ്രവർത്തിക്കുന്നില്ല.

തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം കർഷകർക്ക് എന്നും തലവേദനയുണ്ടാക്കുന്നു. വ്യാപകമായി പുരയിടങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യാനുള്ള ശ്രമം കർഷകരുടെ ഭാഗത്തുനിന്ന് ഉണ്ടാക്കേണ്ടതാണ്. അകിടുവീക്കം, കുളമ്പുരോഗം, മഞ്ഞപ്പിത്തം, താടവീക്കം തുടങ്ങിയ രോഗങ്ങൾ കന്നുകാലികളെ ബാധിക്കുന്നു. മാത്രമല്ല കന്നുകാലികളിലെ വന്ധ്യത കർഷകർക്ക് ബാദ്ധ്യതപോലും ആവുന്നു. പശുവിനെ വളർത്തുന്നവൻ ധാരാളമുണ്ടെങ്കിലും സ്വന്തമായി തൊഴുത്തുള്ളവർ പഞ്ചായത്തിൽ നാമമാത്രമാണ്. നല്ല തൊഴുത്തിന്റെ അഭാവം പലപ്പോഴും കന്നുകാലികൾക്ക് പല രോഗങ്ങളും തദ്വാരാ ക്ഷീരോൽപാദന മാന്ദ്യവും ഉണ്ടാവുന്നതിന് കാരണമാകുന്നു.

മേച്ചിൽ സ്ഥലങ്ങളുടെയും തീറ്റയുടെയും അഭാവമാണ് ആടുവളർത്തൽ മേഖലയിലെ പ്രധാന പ്രശ്നങ്ങളെങ്കിലും നാമമാത്ര സൗകര്യങ്ങളുള്ള കുടുംബങ്ങൾക്കുപോലും വളരെ ലാഭകര

മായി ചെയ്യാവുന്ന ഒരു കൃഷിയാണിത്. വിപണന സാദ്ധ്യതയുടെ കുറവ് മുയൽ വളർത്തലിനെ പ്രതികൂലമായി ബാധിച്ച ഘടകമാണ് ലാഭകരമായി ചെയ്യാവുന്ന മറ്റൊരു തൊഴിലാണ് പന്നി വളർത്തൽ എങ്കിലും പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ മാത്രമേ ഇത് പരീക്ഷിക്കപ്പെടുന്നുള്ളു. മിക്കവീടുകളിലും കോഴി, താറാവ്, തുടങ്ങിയവയെ മുട്ടക്കും മാംസത്തിനും വേണ്ടി വളർത്തുന്നുണ്ട്. പക്ഷേ വാണിജ്യാടിസ്ഥാനത്തിൽ ആരംഭിച്ച കോഴിവളർത്തൽ കേന്ദ്രങ്ങൾ നടത്തിപ്പിലെ പാളിച്ചകൾ മൂലം. വിജയകരമായില്ല. നമ്മുടെ പഞ്ചായത്തിലേക്ക് ആവശ്യമുള്ള മുട്ടയും ഇറച്ചിക്കോഴിയും അന്യസംസ്ഥാനങ്ങളിൽ നിന്ന് വൻ തോതിൽ ഇറക്കുമതിചെയ്യപ്പെടുകയാണ്. വളരെയേറെ തൊഴിൽസാദ്ധ്യതകൾ ഉള്ള ഈ രംഗം വേണ്ടത്ര ഉപയോഗപ്പെടുത്താൻ ബോധപൂർവ്വം ശ്രമിക്കേണ്ടതാണ് . പഞ്ചായത്തിലെ സമ്പത്ത് വൻതോതിൽ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നത് തടയാനും അതുവഴി നമുക്കു കഴിയും. വമ്പിച്ചവിപണന സാദ്ധ്യതയുള്ള മറ്റൊന്നാണ് കാടയിറച്ചി. വിപുലമായ തോതിൽ കാടകൃഷി പരീക്ഷിക്കാവുന്നതാണ്. കൊയ്ത്തുകാലം കഴിഞ്ഞാൽ അന്യജില്ലകളിൽ നിന്ന് കൂട്ടമായി എത്തുന്ന താറാവുകൾ ഒരു പതിവുകാഴ്ചയായിരുന്നു. പോഷകസമ്പന്നമായ താറാവുകൾ കുറഞ്ഞവിലക്ക് നമുക്ക് ലഭിക്കുകയും ചെയ്തിരുന്നു. ഇന്ന് നെൽപ്പാടങ്ങൾ നെല്പാടങ്ങൾ അപ്രത്യക്ഷമായിതുടങ്ങിയതോടെ താറാവു കൂട്ടങ്ങളും അപ്രത്യത്ക്ഷമായിരിക്കുന്നു. മിക്കവാറും എല്ലാ വീടുകളിലും പട്ടി, പൂച്ച എന്നിവയെ വളർത്തുന്നുണ്ട്. സങ്കരഇനത്തിൽ പ്പെട്ട നായ്ക്കളെ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടു വന്ന് വളർത്തുന്നവരുണ്ട്. ഗ്രാമങ്ങളിലെ റോഡുകളിൽ യഥേഷ്ടം അലഞ്ഞുനടക്കുന്ന നാടൻപട്ടികൾ നമ്മുടെ ശാപമാണ്. പേപ്പട്ടിശല്ല്യം നമ്മുടെ പഞ്ചായത്തിൽ വളരെ കൂടുതലാണ്. ജനങ്ങൾ ഇക്കാര്യത്തിൽ ബോധവാന്മാരാവുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ ഉല്മൂലനം ചെയ്യുന്നതിനും പഞ്ചായത്തിനോട് സഹകരിക്കുകയും ചെയ്യേണ്ടതാണ്.

### പ്രധാനപ്രശ്നങ്ങൾ

1. നല്ലയിനം പശുക്കളെ ലഭിക്കുവാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

2. കാലിതീറ്റയുടെ വിലക്കയററം.

3. തീറ്റപ്പുല്ല് ഉൽപാദപ്പിക്കുന്നതിനുള്ള സ്ഥല ദൗർലഭ്യം.

4. പാലിന്റെ വിലക്കുറവ്, കർഷകർ ഉൽപാദിപ്പിക്കുന്ന പാലിന് ന്യായമായ വില കിട്ടുന്നില്ല.

5. പാൽ വിൽക്കാനുള്ള വിപണന സൗകര്യമില്ലായ്മ.

6. ബോധവൽക്കരണ പരിപാടിയുടെ അഭാവം.

7. വായ്പകൾ നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങളുടെ താൽപര്യക്കുറവ്.

8. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

9. അലഞ്ഞ് നടക്കുന്ന പട്ടികൾ നാടിന് ഭീഷണിയാണ്.

### സാധ്യതകൾ

കയ്യാലകളിലും പുറമ്പോക്കു ഭൂമികളിലും തീറ്റപ്പുൽകൃഷിനടത്താവുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ കോഴി, കാട, പന്നി, എന്നിവയെ വളർത്താവുന്നതാണ്.

### നിർദ്ദേശങ്ങൾ

പേപ്പട്ടി വിഷബാധക്കെതിരെയുള്ള പ്രതിരോധകുത്തിവെയ്പ്പിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക.

മിണ്ടാപ്രണികളോടുള്ള ക്രൂരതക്കെതിരെ ഫലപ്രദമായി പ്രവർത്തിക്കുന്ന സൊസൈറ്റി (SPCA) യുടെ പ്രവർത്തനം പഞ്ചായത്തിൽ കാര്യക്ഷമമായ രീതിയിൽ ആരംഭിക്കുക.

മാണ്ടാട്, കൊളവയൽ എന്നിവിടങ്ങളിൽ ആരംഭിച്ച് പിന്നീട് പ്രവർത്തനം നിലച്ച ICDP സബ്ബ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുകയും കാര്യമ്പാടിയിൽ ഒരു ICDP സെന്റർ തുടങ്ങുകയും ചെയ്യണം.

### പരിഹാരമാർഗ്ഗങ്ങൾ

1. നല്ലയിനം കന്നുകാലികളെ കുറഞ്ഞ വിലക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഫാമുകൾ ആരംഭിക്കുക.

2. തീറ്റപ്പുല്ല് വിത്ത് ലഭ്യമാക്കുക

3. കാലിതീറ്റയുടെ ക്രമാതീതമായ വിലക്കയറ്റം തടയുക.

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | 1 | 2 | - | 17 | 2 | 7 | 25 | 72 | - | 7 | 3 | 88 | 25 | - |
| 2 | 1 | 4 | - | 32 | 4 | 10 | 77 | 134 | 6 | 4 | 12 | 124 | 100 | - |
| 3 | 2 | 12 | 3 | 30 | 21 | 55 | 55 | 93 | 8 | 8 | 9 | 180 | 59 | - |
| 4 | - | 4 | - | 31 | 10 | 20 | 66 | 182 | - | 9 | 25 | 84 | 129 | - |
| 5 | - | 5 | - | 9 | 34 | 47 | 13 | 68 | 2 | 2 | 3 | 92 | 34 | - |
| 6 | - | 13 | - | 28 | 9 | 8 | 51 | 130 | - | 2 | 5 | 99 | 110 | - |
| 7 | 2 | 49 | - | 40 | 30 | 54 | 72 | 181 | - | 2 | 74 | 245 | 230 | - |
| 8 | - | 5 | - | 39 | 12 | 37 | 58 | 139 | 7 | 2 | 21 | 118 | 132 | - |
| 9 | 1 | 14 | 1 | 73 | 6 | 20 | 137 | 384 | 4 | 11 | 39 | 293 | 167 | - |
| 10 | - | 7 | - | 27 | 14 | 22 | 105 | 288 | 5 | 2 | 42 | 159 | 118 | - |
| 11 | 2 | 39 | 6 | 36 | 38 | 142 | 62 | 156 | - | 1 | 52 | 145 | 230 | - |
| | 9 | 154 | 10 | 362 | 180 | 422 | 721 | 1827 | 32 | 50 | 285 | 1627 | 1334 | - |

## വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 92 | 397 | 348 | 3 | 4 | – |
| II | 111 | 442 | 360 | 3 | 5 | 6 |
| III | 372 | 871 | 574 | 4 | 14 | – |
| IV | 131 | 320 | 103 | – | 2 | 2 |
| V | 80 | 306 | 125 | 11 | 47 | – |
| VI | 111 | 176 | 220 | 1 | 4 | 13 |
| VII | 527 | 957 | 529 | 2 | 7 | 11 |
| VIII | 225 | 540 | 386 | 2 | 3 | – |
| IX | 762 | 1354 | 840 | – | 6 | – |
| X | 543 | 824 | 722 | 1 | 2 | 4 |
| XI | 530 | 880 | 736 | 1 | 2 | – |
| | 3484 | 7057 | 4943 | 28 | 96 | 36 |

## രോഗവിവരങ്ങൾ

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ Digestive disorders | 290 | 60 | 40 | 20 | 4 | 300 | 10 | 2 | – | 5 |
| 2 | ശ്വാസകോശസംബന്ധമായവ Respiratory diseases | 95 | 10 | 20 | 5 | – | 125 | 5 | – | – | – |
| 3 | ഉപാപചയസംബന്ധം Metabolic diseases | 20 | – | – | – | – | – | – | – | – | – |
| 4 | ത്വക്ക് രോഗങ്ങൾ Skin diseases | 90 | 5 | 10 | 20 | 4 | – | – | – | – | – |
| 5 | ധാതുലവണങ്ങളുടെ അഭാവം Deficiency diseases | 20 | – | – | – | – | – | – | – | – | – |
| 6 | പരാദരോഗങ്ങൾ Parasitic diseases | 537 | 30 | 140 | 20 | 10 | 874 | 5 | – | – | 5 |
| 7 | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders | 298 | 5 | 20 | – | – | – | – | – | – | – |
| 8 | വന്ധ്യത Infertility | 68 | – | – | – | – | – | – | – | – | – |
| 9 | അകിടുവീക്കം Mastitis | 39 | – | 5 | – | – | – | – | – | – | – |
| 10 | മുടന്തൻപനി Ephemeral Fever | 38 | 5 | – | – | – | – | – | – | – | – |
| 11 | പകർച്ചവ്യാധികൾ Contagion diseases | 105 | 5 | 5 | – | 6 | 450 | – | – | – | – |
| | | 1600 | 120 | 340 | 65 | 24 | 1649 | 20 | 2 | – | 10 |

## പേവിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവരുടെ എണ്ണം | | | | 240 | | |
| കുടിയേറ്റത്തിനു ശേഷം കുത്തിവയ്പ് നൽകിയവരുടെ എണ്ണം | 4 | 1 | 20 | 20 | – | – |

4. ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിന് ന്യായവില ഉറപ്പുവരുത്തുക.

5. പഞ്ചായത്തിലെ പ്രധാന ക്ഷീരോൽപാദക കേന്ദ്രങ്ങളായ, മാണ്ടാട്, മുട്ടിൽ, പാക്കം എന്നീ സ്ഥലങ്ങളിൽ ഓരോ ക്ഷീരോൽപ്പാദകസഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

6. നല്ലയിനം കന്നുകാലികളെ തിരഞ്ഞെടുക്കുന്നതിനും ബീജാദാനം നടത്തുന്നതിനും രോഗചികിത്സക്കും പ്രതിരോധത്തിനും മടക്കി, പരിയാരം, മാണ്ടാട്, കൊളവയൽ, കാര്യമ്പാടി എന്നിവിടങ്ങളിൽ മൃഗാശുപത്രി സ്ഥാപിക്കുക.

7. ക്യാമ്പുകളും, സെമിനാറുകളും നടത്തി ബോധവൽക്കരണം സാദ്ധ്യമാക്കാം

8. കുറഞ്ഞപലിശ നിരക്കിൽ ക്ഷീരോൽപ്പാദക കർഷകർക്ക് വായ്പ ലഭ്യമാക്കുക.

9. പുറമ്പോക്ക് സ്ഥലങ്ങളിൽ, തരിശ് ഭൂമിയിലും തീറ്റപുൽകൃഷി വർദ്ധിപ്പിക്കുക.

10 അലഞ്ഞ് നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.

11. വളർത്ത് പട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ് സൗകര്യം വർദ്ധിപ്പിക്കുക.

12. വളർത്തുനായ്ക്കൾക്ക് പഞ്ചായത്തുലൈസൻസ് കാലാകാലങ്ങളിലുള്ള ആരോഗ്യ പരിശോധനയും കർശനമാക്കുക.

**മത്സ്യസമ്പത്ത്**

നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷി രംഗത്ത് വളരെയെറെ സാധ്യതകൾ ഉണ്ടെങ്കിലും ആരും തന്നെ മത്സ്യ രംഗത്ത് താൽപര്യപൂർവ്വം മുന്നോട്ട് വന്നിട്ടില്ല. നിലവിലുള്ള കുളങ്ങളിലും കിണറുകളിലും മത്സ്യം വളർത്തുന്നത് ലാഭകരമാണ്.

**പ്രശ്നങ്ങൾ**

അമിതവിലകൊടുത്ത് കടൽ മത്സ്യങ്ങൾ വാങ്ങി ഉപയോഗിക്കുന്നവരാണ് മിക്കവാറും ജനങ്ങൾ. ഇത്തരം മത്സ്യങ്ങൾ പലപ്പോഴും പഴക്കമേറിയതും അമോണിയം ക്ലോറൈഡ് പോലെയുള്ള വസ്തുക്കൾ കലർത്തി വിൽപ്പനക്കെത്തുന്നവയാണ്. മത്സ്യകൃഷിയുടെ സാങ്കേതികവശങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ ഈ രംഗത്തേക്ക് വ്യക്തികളെ ആകർഷിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

1. മത്സ്യകൃഷി നടത്തുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശം നല്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

2. സാങ്കേതികപരിജ്ഞാനം, മത്സ്യവിത്ത് എന്നിവ ലഭ്യമാക്കുക.

3. പഞ്ചായത്തിന്റെ പൊതുകുളങ്ങളും മറ്റും ലേലം ചെയ്ത് മത്സ്യകൃഷിക്ക് തിരഞ്ഞെടുക്കുക.

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | ക്രിത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 1890 | 1600 | 410 |
| കിടാരി | 519 | 450 | 160 |
| എരുമ | 63 | 50 | 15 |



# വ്യവസായം

ജില്ലാവ്യവസായകേന്ദ്രം ഓഫീസ് ഈ പഞ്ചായത്തി ലാണെങ്കിലും ഉത്പാദനവും വിപണനവുമായി ബന്ധപ്പെട്ട സ്ഥായിയായ വ്യവസായങ്ങളൊന്നും പഞ്ചായത്തിൽ ഇല്ല.

ചെറുകിട വ്യവസായ രംഗത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഈർച്ചമില്ലുകൾ, ഹോളോ ബ്രിക്സ് നിർമ്മാണ ശാലകൾ, കോൺക്രീറ്റ് കെട്ടിട സാമഗ്രികൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ, വെൽഡിംഗ് യൂണിറ്റുകൾ, ഓട്ടോ വർക് ഷോപ്പുകൾ, ഫ്ളോർമില്ലുകൾ, ഓയിൽ മില്ലുകൾ, റൈസ്മില്ലുകൾ പ്രിന്റിംഗ് പ്രസ്, കളിയടക്കനിർമ്മാണശാല, സോഡാ നിർമ്മാണ യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, ചിപ്സ് നിർമ്മാണം ബേക്കറി ഉല്പന്ന യൂണിറ്റ്, പരമ്പരാഗത കുടിൽ വ്യവസായത്തിലുൾപ്പെട്ട കളിമൺ പാത്രനിർമ്മാണം, പപ്പടനിർമ്മാണം, കൊല്ലപ്രവൃത്തി എന്നിവയും പഞ്ചായത്തിലുണ്ട്. കൂടാതെ ഒരു കരിങ്കൽ ക്വാറിയും, ഭാഗികമായി പ്രവർത്തിച്ചുവരുന്ന ചുടുകട്ട നിർമ്മാണവും ഇവിടെ ഉണ്ട്.

### പ്രശ്നങ്ങൾ

പ്രശ്നങ്ങൾ വൈദ്യുത ക്ഷാമമാണ് വ്യവസായത്തിന് വിലങ്ങ് തടിയാവുന്നത്. കാർഷികമേഖലയായ ഈ പഞ്ചായത്തിൽ കാർഷിക വിളകളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള വ്യവസായങ്ങൾ ഒന്നും ഇല്ല. കളിമൺ വ്യവസായത്തിന് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുണ്ട് ധനസഹായം കിട്ടുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്, വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്, സാങ്കേതിക പരിജ്ഞാനക്കുറവ്, എന്നിവയാണ് ഈ മേഖലയിലെ പ്രധാനപ്രശ്നങ്ങൾ.

### സാധ്യതകൾ

ഇഞ്ചിയിൽ നിന്ന് നീർ എടുക്കുന്നതിന്നും കുരുമുളകിൽ നിന്ന് സത്ത് എടുക്കുന്നതിന്നും കളിയടക്ക ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിയ്ക്കുന്നതിന്നും വാഴപ്പോളയിൽ നിന്നും നാരും, 'നാരുത്പന്നങ്ങൾ നിർമ്മിക്കുന്നതിന്നും പഴം പച്ചക്കറി സംസ്കരണത്തിനും ഔഷധനിർമ്മാണത്തിനും കാപ്പി പൊടി നിർമാണയൂണിറ്റ് തുടങ്ങുന്നതിന്നും സാധ്യതകൾ ഏറെ ഉണ്ട്.

### നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവരെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെ പറ്റിയുള്ള ആശങ്കകളും മറ്റും അകറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന്ന് ചർച്ചകളും, സെമിനാറുകളും, പഠനയാത്രകളും സംഘടിപ്പിക്കുക.

2. വ്യവസായകേരളം പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ വരുത്തുക.

3. വായ്പകൾ നൽകുന്നതിൽ ധനകാര്യസ്ഥാപനങ്ങളുടെ ഉദാസീനതയ്ക്കറുതി വരുത്തുക.

4. സഹകരണമേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

| ഇനം | എണ്ണം | തൊഴിലാളി |
|---|---|---|
| ഈർച്ച മില്ലുകൾ | 2 | 16 |
| ഹോളോബ്രിക്സ് | 2 | 14 |
| സിമന്റുകട്ട നിർമ്മാണ യൂണിറ്റുകൾ | 5 | 13 |
| മറ്റു കോൺക്രീറ്റ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നവ | 3 | 7 |
| വെൽഡിംഗ് യൂണിറ്റ് | 5 | 10 |
| സ്റ്റീൽ ഫർണിച്ചർ യൂണിറ്റ് | 1 | 7 |
| ഫോട്ടോ വർക്ക് ഷോപ്പുകൾ | 6 | 18 |
| ഫ്ളോർ മില്ലുകൾ | 8 | 8 |
| ഓയിൽ മില്ലുകൾ | 2 | 2 |
| റൈസ് മില്ലുകൾ | 20 | 20 |
| പ്രിന്റിംഗ് പ്രസ്സ് | 1 | 3 |
| കളിയടക്ക നിർമ്മാണ ശാല | 4 | 20 |
| സോഡ നിർമ്മാണ യൂണിറ്റ് | 1 | 2 |
| റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 1 | 6 |
| ചിപ്സ് നിർമ്മാണം | 2 | 5 |
| ബേക്കറി ഉല്പന്നങ്ങൾ | 2 | 6 |
| കളിമൺപാത്ര നിർമ്മാണം | 6 കുടുംബങ്ങൾ | |
| പപ്പട നിർമ്മാണം | 3 കുടുംബങ്ങൾ | |
| കൊല്ലപ്രവർത്തി | 14 കുടുംബങ്ങൾ | |
| കരിങ്കൽ ക്വാറി | 1 | 150 |
| ചുടുകട്ട നിർമ്മാണ യൂണിറ്റ് | 4 | 60 |
| ഭക്ഷ്യ സംസ്കരണം | 5 | 25 |
| സോഫാ നിർമ്മാണ യൂണിറ്റ് | 2 | 5 |

## വനം

മുട്ടിൽ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 11736.95 ഏക്രയാണ് ഇതിൽ 227.13 ഏക്കർ ഭൂമി വന മേഖലയിൽ ഉൾപ്പെടുന്നു. പ്രസ്തുത ഭൂമി പഞ്ചായത്തിലെ 4,5,6 വാർഡുകളിൽ തെക്ക് പടിഞ്ഞാറതിർത്തിയിലായി സ്ഥിതി ചെയ്യുന്നു. മുട്ടിൽ മല എന്നറിയപ്പെടുന്ന ഈ വനമേഖലയുടെ തെക്ക് ഭാഗം മേപ്പാടി പഞ്ചായത്തും, പടിഞ്ഞാറ് ഭാഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമാണ്. എന്നാൽ വടക്കും കിഴക്കും ഭാഗങ്ങൾ സ്വകാര്യവ്യക്തികളുടെ ഭൂമിയും പഞ്ചായത്ത് റോഡുമാണ് 40 വർഷം മുമ്പ്വരെ (പഴയ സർവ്വേ നമ്പർ 960/1Aയിൽപ്പെട്ട) മുഴുവൻ സ്ഥലവും സർക്കാർ വനമായിരുന്നു. അന്നത്തെ വനത്തിന്റെ പല ഭാഗങ്ങളും ഇന്ന് സ്വകാര്യവ്യക്തികളുടെ അധീനതയിലാണ്.

ഈ വനഭൂമിയിൽ നരി, കാട്ടാട്, കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ്, മുയൽ, കുറുക്കൻ, മൂർഖൻ, അണലി, പെരുമ്പാമ്പ്, കുളക്കോഴി, കാട്ടുകോഴി, എന്നിവ ഉണ്ട്.

തേക്ക്, ഈട്ടി, ചന്ദനം, കരിമരുത്, മരുത് കുന്നി,

പ്ലാവ്, മാവ്, പുന്ന, പാല, വെണ്ടേക്ക്, ഇരൂൾ, കരയം, വെള്ള പൈൻ, ഇലവ്, പാതിരി, അയിനി കാഞ്ഞിരം തുടങ്ങി വിവിധതരം സസ്യജാലങ്ങളുടെ സമ്പന്നമേഖലയാണിത്.

വിശാലമായ ഈ വനപ്രദേശം മുട്ടിൽ പഞ്ചായത്തിലെ കാലാവസ്ഥയെ ഒരു പരിധിവരെ സ്വാധീനിക്കുന്നുണ്ട്. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ കോൽപ്പാറ മുട്ടിൽ മലയുടെ ഭാഗമാണ്. പ്രസ്തുത വനപ്രദേശത്ത് കാട്ടുനായ്ക്കർ, കുറുമർ, എന്നീ ആദിവാസി വിഭാഗങ്ങൾ വസിക്കുന്നു. അവരുടെ മൊത്തം ജനസംഖ്യ 298 ആകുന്നു. മുട്ടിൽ മലയിൽ നിന്ന് നോക്കിയാൽ മുട്ടിൽ പഞ്ചായത്ത് മുഴുവനായും അടുത്ത പഞ്ചായത്തുകളിലെ പല ഭാഗങ്ങളും കാണാവുന്നതാണ്.

മുട്ടിൽ പഞ്ചായത്തിലെ ആലന്തട്ട പ്രദേശത്ത് താമസിക്കുന്ന എം. പി. ശാന്തിവർമ്മ ജെയിൻ അദ്ദേഹത്തിന്റെ ഉടസ്ഥതയിൽ ഉള്ള 70ഓളം ഏക്കൽ സ്ഥലം ഒരു വനപ്രദേശമായി നിലനിർത്തിയിരിക്കുന്നു. പ്രസ്തുത ഭൂമിയിൽ ഇന്ന് നല്ല മൃഗസമ്പത്തും മരസമ്പത്തുമുണ്ട്.

സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി കഴിഞ്ഞ നാലഞ്ച് വർഷങ്ങൾക്കുള്ളിൽ വാക, കാറ്റാടി, സിബാബോൾ, കരിവേങ്ങ, തേക്ക് എന്നിവയുടെ തൈകൾ കർഷകർക്കിടയിൽ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ റോഡുവക്കിൽ അക്കേഷ്യ മരങ്ങൾ നട്ടുപിടിച്ചിട്ടുണ്ട്.

പലപ്പോഴായി ഉണ്ടാകുന്ന കാട്ടുതീ വനനശീകരണത്തിനും ജന്തുജാലങ്ങളുടെ കൂട്ടമായ നാശത്തിനും കാരണമാവാറുണ്ട്. അന്യായമായ രീതിയിൽ കൃഷിഭൂമി വികസനത്തിനം വാസസ്ഥലത്തിന് വേണ്ടിയും വിറകിനായും വനം വൻതോതിൽ വെട്ടി നശിപ്പിക്കപ്പെടുന്നു. വനഭൂമിയുടെ വിസ്യതി കുറയുന്നതിന് ഇത് കാരണമാവുന്നു. ഇത്തരം പ്രവൃത്തികൾ നിരുൽസാഹപ്പെടുത്തേണ്ടതുണ്ട്. വനം നാടിന്റെ സമ്പത്താണ്. കാലാവസ്ഥയെ നിയന്ത്രിക്കുന്നതിനും, ശുദ്ധവായു ഘടന നിലനിർത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും വനങ്ങൾ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വനം വകുപ്പ് നട്ടുപിടിപ്പിച്ച മരങ്ങളുടെ ലിസ്റ്റ് താഴെ പറയും പ്രകാരമാണ്.

| മരത്തിന്റെ പേര് | എണ്ണം |
|---|---|
| 1) തേക്ക് | 10,000 |
| 2) വാക | 8,000 |
| 3) കാറ്റാടി | 12,000 |
| 4) സിബാബോൾ | 4,000 |
| 5) കരിവേങ്ങ | 1,000 |

**നിർദ്ദേശം**

(1) ജനപങ്കാളിത്തത്തോടെ വൃക്ഷങ്ങൾ നട്ടുവളർത്തൽ പരിപാടി വിപുലപ്പെടുത്തുക മരങ്ങൾ നടുമ്പോൾ മാവ്, പ്ലാവ്, പുളി തുടങ്ങിയ നാടിനിണങ്ങിയ ഫലവൃക്ഷങ്ങൾക്കു മുൻഗണന നൽകുക. വനത്തിന്റെ ശാസ്ത്രീയമായ ചൂഷണം കൊണ്ട് സമ്പത്ത് വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.

3) മുട്ടിൽ മലയുടെ താഴ്വരയും വനപ്രദേശവും ഉൾക്കൊള്ളിച്ച് ഒരു വിനോദ സഞ്ചാരകേന്ദ്രം ആരംഭിക്കാവുന്നതാണ്.

# ഊർജ്ജം ഗതാഗതം മാർക്കറ്റ്

ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി മുട്ടിൽ പഞ്ചായത്തിലേക്ക് 1960കളിലാണ് കടന്നുവന്നിട്ടുള്ളത്. നീണ്ട 40 വർഷം കഴിഞ്ഞെങ്കിലും പഞ്ചായത്തിൽ എല്ലാ വാർഡിലും ഇന്ന് വൈദ്യുതി എത്തിയിട്ടില്ല. ഒരു ഇലക്ട്രിക്കൽ സെക്ഷനുവേണ്ട ഉപഭോക്താക്കൾ ഉണ്ടായിട്ടും വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

ഈ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നത് കൂട്ടമുണ്ട 66 K.V. കണിയാമ്പറ്റ 220 K.V സുൽത്താൻ ബത്തേരി 66 K.V എന്നീ സബ് സ്റ്റേഷനുകളിൽ നിന്നാണ്. കൽപ്പറ്റ ,ബത്തേരി സെക്ഷൻ ഓഫീസുകളിൽ നിന്നാണ് ഇവിടെ വൈദ്യുതി വിതരണം നടത്തുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് 3 മുതൽ 17 കിലോമീറ്റർ വരെ അകലെ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ പോകേണ്ടതായി വരുന്നു. അധികൃതരുടെ കണക്കനുസരിച്ച് നിലവിലുള്ള 16 ട്രാൻസ്ഫോമറുകളിൽ ഒന്നുപോലും അധികഭാരം വഹിക്കുന്നില്ല. പക്ഷെ ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ കുറിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ട് തന്നെ ശക്തി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് ഗ്രാമസഭ റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നു. നിലവിലുള്ള മീറ്ററുകൾ പലതും കേടാണെന്ന് അധികൃതർ തന്നെ സമ്മതിക്കുന്നു.

തെരുവു വിളക്കുകളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | |
|---|---|
| ആകെ വൈദ്യുതി ലൈനിന്റെ നീളം | 30 കി.മി |
| *തെരുവ് വിളക്കിന്റെ എണ്ണം* | |
| സോഡിയം വേപ്പർ ലാംപ് | 2 എണ്ണം |
| ഫ്ളൂറസന്റ് ട്യൂബ് | 5 എണ്ണം |
| ബൾബുകൾ | 118 എണ്ണം |
| ആകെ | 125 എണ്ണം |
| തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ തൻവർഷം ചെലവഴിച്ച തുക | 21156രൂപ |

ഈ തുക പഞ്ചായത്ത് വരുമാനത്തിന്റെ 0.74 ശതമാനമാണ്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി സെക്ഷൻ ഓഫീസ് വളരെ അകലെയാണ്
3. മരച്ചില്ലകളും മറ്റും ലൈനിൽ തട്ടുന്നതു മൂലം പ്രസരണ നഷ്ടം കൂടുന്നു.
4. പഞ്ചായത്തിലെ കോളനികളിൽ ഭൂരിഭാഗവും വൈദ്യുതീകരിച്ചവയല്ല
5. ചില വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല
6. കെ.എസ്.ഇ.ബിയുടെ കണക്കിനേക്കാൾ

മുട്ടിൽ പഞ്ചാത്തിലെ ട്രാൻസ്ഫോർമറുകളുടെ കണക്ക്

| ക്രമനമ്പർ | ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലം | കപ്പാസിറ്റി | ഇലക്ട്രിക്കൽ സെക്ഷൻ |
|---|---|---|---|
| 1. | പരിയാരം (കല്യാണമന്ദിരം) | 100 KVA | കൽപ്പറ്റ |
| 2. | എടപ്പെട്ടി (ചുളളിമൂല റോഡ്) | 100 KVA | കൽപ്പറ്റ |
| 3. | മേലേ മുട്ടിൽ (മുസ്ലം പള്ളിക്ക് സമീപം) | 100 K.V.A | കൽപ്പറ്റ |
| 4. | താഴെ മുട്ടിൽ | 250 K.V.A | കൽപ്പറ്റ |
| 5. | വെള്ളിത്തോട് | 63 K.V.A | കൽപ്പറ്റ |
| 6. | ഓർഫനേജ് | 100 K.V.A | കൽപ്പറ്റ |
| 7. | വെള്ളമ്പാടി | 63 K.V.A | കൽപ്പറ്റ |
| 8. | മടക്കിമല | 100 K.V.A | കൽപ്പറ്റ |
| 9. | മാണ്ടാട് | 63 K.V.A | കൽപ്പറ്റ |
| 10. | ചാഴിവയൽ | 63 K.V.A | കൽപ്പറ്റ |
| 11. | വാര്യാട്ട് എസ്റ്റേറ്റ് No.1 | 250 K.V.A | കൽപ്പറ്റ |
| 12. | വാര്യാട്ട് എസ്റ്റേറ്റ് No.2 | 100 K.V.A | കൽപ്പറ്റ |
| 13. | കാക്കവയൽ | 100 K.V.A | കൽപ്പറ്റ |
| 14. | കെ.കെ.ജംഗ്ഷൻ | 63 K.V.A | കൽപ്പറ്റ |
| 15. | കൊളവയൽ | 100 K.V.A | സുൽത്താൻ ബത്തേരി |
| 116. | ചോമാടി | 63 63 K.V.A | സുൽത്താൻ ബത്തേരി |

അവലംബം മേജർ ഇലക്ട്രിക്കൽ സെക്ഷൻ കൽപ്പറ്റ, സുൽത്താൻ ബത്തേരി

എത്രയോ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നു.

7. ബോർഡ് ജീവനക്കാരുടെ അനാസ്ഥ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിഷമങ്ങൾ കൂട്ടുന്നു.

**സാധ്യതകൾ നിർദ്ദേശങ്ങൾ**

സമ്പന്ന കുടുംബങ്ങളിൽ സ്റ്റെബിലൈസർ, സ്റ്റെപ്പ് അപ്പ് എന്നിവ ഉപയോഗിക്കുന്നത് കാരണം മറ്റിടങ്ങളിൽ വോൾട്ടേജ് കുറയുന്നു. പ്രസരണ നഷ്ടം കുറക്കണം ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാൻ മാത്രമായി പ്രത്യേക സംവിധാനം പ്രാദേശിക തലങ്ങളിൽ ഉണ്ടാകണം. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

നല്ല കാറ്റും വറ്റാത്ത നീരുറവയുമുള്ള പ്രദേശമാണ് മുട്ടിൽമല. വിന്റ് മില്ലുകളും മൈക്രോ ഹൈഡൽ പ്രൊജക്ടും ഇവിടെ സ്ഥാപിച്ചാൽ പഞ്ചായത്തിലെ മിക്ക വാർഡുകളിലും വൈദ്യുതി പ്രതിസന്ധി ഒരു പരിധിവരെ തരണം ചെയ്യാൻ കഴിയുന്നതാണ്. പഞ്ചായത്തിലെ മിക്ക വീടുകളിലും ആഹാരം പാകം ചെയ്യാൻ വിറകാണുപയോഗിക്കുന്നത്. ചുരുക്കം ചില വീടുകളിൽ ബയോഗ്യാസും മണ്ണെണ്ണയും ഗ്യാസും കറന്റും ഈർച്ചപ്പൊടിയും ചകിരിയും ചിരട്ടയും ഉപയോഗിക്കുന്നു. ചില പ്രദേശങ്ങളിൽ വിറകിന് വളരെയധികം ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിന് പരിഹാരമായി ഇന്ധനക്ഷമത കൂടിയ പുകയില്ലാത്ത അടുപ്പ് വ്യാപകമാക്കിയാൽ 40%ത്തോളം ഊർജ്ജം ലാഭിക്കാൻ കഴിയും. സർക്കാരിന്റെ സബ്സിഡി ലഭിക്കുന്ന ഈ പദ്ധതി ഉപയോഗപ്പെടുത്തി വിറകുക്ഷാമം പരിഹരിക്കാൻ സാധിക്കും. ഈ പദ്ധതി വിജയിപ്പിക്കുന്നതിന് പഞ്ചായത്ത് തല ബോധവത്ക്കരണ ക്യാമ്പുകളും സാധനസാമഗ്രികളുടെ പ്രദർശനങ്ങളും

സംഘടിപ്പിക്കേണ്ടതാണ്. കുറഞ്ഞ വോൾട്ടേജിലും പ്രവർത്തിക്കുന്ന വിളക്കുകളും സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാട്ടർ ഹീറ്റർ, സൗരോർജ്ജ അടുപ്പ്, വിളക്കുകൾ മുതലായവ അനർട്ടിന്റെ സഹായത്തോടെ പഞ്ചായത്തിൽ ലഭ്യമാക്കണം.

ഈ പഞ്ചായത്തിൽ എരുമ, പോത്ത് പശു എന്നിവ 4200 ഓളം വരും. ഇവയുടെ ചാണകം ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ സാധിക്കും. ബയോഗ്യാസ് ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുമ്പോൾ വിറക് ക്ഷാമം ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. ഇങ്ങനെ ഗ്യാസ് നിർമ്മിക്കുമ്പോൾ ചാണകത്തിന്റെ ഗുണമേന്മ വർദ്ധിക്കുകയാണ് ചെയ്യുന്നത്. ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായവും സബ്സിഡിയും അനുവദിച്ചാൽ ഈ രംഗത്ത് അവർക്കിതൊരു പ്രോത്സാഹനമായിരിക്കും.

## ഗതാഗതം

മുട്ടിൽ പഞ്ചായത്തിൽ വിപുലമായ റോഡ് ശൃംഖലയുണ്ട്. 110.18 കി.മി പഞ്ചായത്ത് റോഡുകളും 5 കി.മീ സ്റ്റേറ്റ് ഹൈവേയും 16 കി.മീ പി.ഡബ്ല്യൂ.ഡി റോഡുകളും ഉണ്ട്. പഞ്ചായത്ത് റോഡുകളിൽ 25.13 കി.മീ ടാർ ചെയ്തതും, 29.5 കി.മി മെറ്റൽ ചെയ്തതും 55.55 കി.മി മണ്ണ് റോഡുകളുമാണ്.

കഴിഞ്ഞ 5 വർഷക്കാലം നിരവധി റോഡുകളുടെ അറ്റകുറ്റ പ്രവൃത്തികളും മറ്റും നടത്തിയിട്ടുണ്ടെങ്കിലും റോഡിന്റെ സ്ഥിതി വളരെ ശോചനീയമാണ്. മിക്ക റോഡുകൾക്കും ഓവുകളും ഓവുചാലുകളും കുറവാണ്. സാമാന്യം മഴ ലഭിക്കുന്ന നമ്മുടെ പഞ്ചായത്തിൽ റോഡിൽ വെള്ളം കെട്ടി നിൽക്കാനും റോഡിന്റെ സ്ഥിതി മോശമാവാനും കാരണമാകുന്നു. ശരിയായ രീതിയിൽ ഓവുചാലുകളും കൾവർട്ടുകളും നിർമ്മിച്ച് റോഡുകളുടെ നില മെച്ചപ്പെടുത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഗുണഭോക്താക്കളുടെ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കാവുന്നതാണ്. നിലവിലുള്ള റോഡുകളെ ബന്ധിപ്പിക്കുന്നതിനുള്ള പാലത്തിന്റെ അഭാവം മൂലം ചില വാർഡുകളിലെത്താൻ 5ഉം 6ഉം കി.മി അധികദൂരം സഞ്ചരിക്കേണ്ട അവസ്ഥയാണിന്നുള്ളത് ഇതിന് പരിഹാരം കാണാൻ ചെലഞ്ഞിച്ചാൽ പുഴക്കും, കമ്പളക്കാട് പുഴക്കും, മണക്കത്തി ഭാഗത്ത് മാണ്ടാട് പുഴക്കും വാഹന ഗതാഗതത്തിനുതകുന്ന പാലങ്ങളും കോളേരി തോട്, വെള്ളിത്തോട്, മലക്കാട്, ചെപ്പോട്, വട്ടമൂല, മുരണിക്കര, മംഗലത്ത് എന്നീ സ്ഥലങ്ങളിൽ നടപ്പാലങ്ങളും ആവശ്യമാണ്.

മുട്ടിൽ അങ്ങാടിയിൽ ഹാൾട്ട് ചെയ്യുന്ന 40ഓളം ഓട്ടോറിക്ഷകളും 25ഓളം ട്രാക്ടറുകളും, 12 ലോറികളും, 22 ടാക്സി ജീപ്പുകളും കാൽനടയാത്രക്കാർക്കും, ബസ് യാത്രക്കാർക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

### സാധ്യതകൾ

ജനപങ്കാളിത്തത്തോടെ റോഡുകൾ നിർമ്മിക്കുകയും അറ്റകുറ്റ പ്രവൃത്തികൾ നടത്താവുന്നതുമാണ്. നമ്മുടെ പഞ്ചായത്തിൽ ഇന്നുള്ള മിക്ക റോഡുകളും ജനപങ്കാളിത്തത്തോടെ നിർമ്മിക്കപ്പെട്ടതും സംരക്ഷണ പ്രവൃർത്തികൾ നടത്തിവരികയും ചെയ്തവയാണ്. തുടർന്നും ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് സന്നദ്ധരായ ജനതയാണ് ഇവിടെ ഉള്ളത്.

### നിർദ്ദേശങ്ങൾ

1. മെറ്റൽ റോഡുകളും മൺറോഡുകളും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

2. ഓടകളും ഓവുകളും നിർമ്മിച്ച് റോഡുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം

3. റോഡിന്റെ ദിശ, ദൂരം, ഈവ കാണിക്കുന്ന ചൂണ്ടുപലകകൾ സ്ഥാപിക്കണം

4. മുട്ടിൽ അങ്ങാടിയിൽ നടപ്പാത നിർമ്മിക്കുകയും വിവിധ വാഹനങ്ങൾക്ക് പ്രത്യേകം പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം

5. 50ാം മൈൽ, പാക്കം, താഴെ മുട്ടിൽ എന്നിവിടങ്ങളിലും മറ്റും ബസ് വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കണം

6. വികസന സാധ്യതയുള്ള റോഡുകളാണ് പഞ്ചായത്തിലുള്ളത്. അതിനാൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ നിശ്ചിത കാല അകലം നിർബന്ധമായും പാലിക്കേണ്ടതും ഇക്കാര്യത്തിൽ പഞ്ചായത്ത് കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

## വാർഡ്-1

| റോഡിന്റെ പേര് | നീളം | ടാറിട്ടത് | മെറ്റൽ | മണ്ണ് | വീതി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. മടക്കിമല- കിണ്ടിപ്പാറ കോളനിറോഡ് | 1.കി.മി. | | സോളിംഗ് | | 6മീറ്റർ |
| 2.മടക്കിമല- കിണ്ടിപ്പാറ കോളനിറോഡ് | 750മീറ്റർ | | | മൺ | 4.5 മീറ്റർ |
| 3. കെൽട്രോൺ വളവ് - അവിലിടിക്കുന്ന്റോഡ് | 800 മീറ്റർ | | സോളിംഗ് | | 4മീ |
| 4. മടക്കിമല- അവിലിടിക്കുന്ന്റോഡ് | 1. കി.മി | | | മൺ | 4മീറ്റർ |
| 5.കമ്പളക്കാട് ഇ.സി മുക്ക് ഈരായിക്കുന്ന് റോഡ് | 500 മീറ്റർ | | | മൺ | 4.5 മീറ്റർ |
| 6. മടക്കിമല-കൊളമൂലക്കുന്ന്- കല്ലുമൊട്ടക്കുന്ന് റോഡ് | 200മീറ്റർ | | | മൺ | 5.5 മീറ്റർ |
| 7. മടക്കിമല-പള്ളിക്കുന്ന് റോഡ് | 1.കി.മി | | | മൺ | 4മീറ്റർ |

### നടപ്പാതകൾ

| | | |
|---|---|---|
| 1. മടക്കിമല- സിന്ദമതക്കുന്ന് | 300മീറ്റർ | 2മീറ്റർ |
| 2. മടക്കിമല-പാമ്പാടിക്കുന്ന് | 700മീറ്റർ | 1.5മീറ്റർ |
| 3. കിണ്ടിപ്പാറക്കുന്ന് | 150 മീറ്റർ | 1മീറ്റർ |
| 4. കെൽട്രോൺ വളവ് പുത്തലൻക്കുന്ന് | 200മീറ്റർ | 1.5മീറ്റർ |

## വാർഡ്-2

| റോഡിന്റെ പേര് | നീളം | ടാറിട്ടത് | മെറ്റൽ | മണ്ണ് | വീതി |
|---|---|---|---|---|---|
| 1. പറളിക്കുന്ന്- കുമ്പളാട്- കല്ലുമൊട്ടക്കുന്ന്- കരണിറോഡ് | 1.5.കി.മി | | 500മീറ്റർ | 1.കി.മി | 8മീറ്റർ |
| 2. തെറ്റുപാടി- പാടിക്കരറോഡ് | 800.മീറ്റർ | | | മൺ | 6മീറ്റർ |
| 3. പരിയാരം- പറളിക്കുന്ന് റോഡ് | 2.കി.മി | 1.കിമി | 1കി.മി | | 8മീറ്റർ |
| 4. തിരുനെല്ലിക്കുന്ന്റോഡ് | 600മീറ്റർ | | | മൺ | 3മീറ്റർ |
| 5. പറളിക്കുന്ന് കുറുമ്പക്കോളനിറോഡ് | 600മീറ്റർ | | | മൺ | 4 മീറ്റർ |
| 6. കുമ്പാളാടുവാട്ടർടാങ്ക് റോഡ് | 500മീറ്റർ | | | | |
| | | | | മൺ | 8 മീറ്റർ |

### നടപ്പാതകൾ

| | | |
|---|---|---|
| 1. കുമ്പളാട് കല്ലുമൊട്ടക്കുന്ന് വാഴക്കണ്ടി വയൽ | 400മീറ്റർ | 2മീറ്റർ |
| 2. കുമ്പളക്കാട് പണിയകോളനി | 300മീറ്റർ | 1മീറ്റർ |
| 3. പറളിക്കുന്ന് പള്ളി ശ്മശാനം | 300മീറ്റർ | 1 മീറ്റർ |
| 4. പറളിക്കുന്ന് ലക്ഷംവീട് അവിലിടിക്കുന്ന് കൊള്ളിപറമ്പ് | 350 മീറ്റർ | 1 മീറ്റർ |
| 5. കുമ്പളാട് കദളിപറമ്പ് | 300മീറ്റർ | .5 മീറ്റർ |

## വാർഡ്– 3

| | | | | | |
|---|---|---|---|---|---|
| 1. പാറക്കൽ– പരിയാരം– ചിലഞ്ഞിച്ചാൽ റോഡ് | 4.കി.മി | 3.കി.മി | 1 കി.മി | | 6മീറ്റർ |
| 2.പരിയാരം– മുണ്ടക്കുറ്റി റോഡ് | 500 മീറ്റർ | | | മൺ | 3 മീറ്റർ |
| 3. ചെലഞ്ഞിച്ചാൽ ചെറനെല്ലൂർ റോഡ് | 1500 മീറ്റർ | | | മൺ | 6 മീറ്റർ |
| 4. പരിയാരം കരണ്ടിക്കൊല്ലി റോഡ് | 1.5 കി.മി | | | മൺ | 6 മീറ്റർ |
| 5. മുട്ടിൽ കരണ്ടക്കൊല്ലി റോഡ് | 500 മീറ്റർ | | | മൺ | 4 മീറ്റർ |
| 6. പരിയാരം മുരണിക്കര റോഡ് | 1.5 കി.മി | | | മൺ | 4 മീറ്റർ |
| 7. ചെലഞ്ഞിച്ചാൽ നെൻമേനി, തൊണ്ടുപാളി റോഡ് | 1.5 കി.മി | 1.കിമി | 1.കി.മി | .5.കിമി | 6മീറ്റർ |
| 8. പരിയാരം എടപ്പട്ടികോളനിറോഡ് | 750 മീറ്റർ | | | മൺ | 4മീറ്റർ |
| 9. പഞ്ചായത്ത് ഓഫീസ് അപ്രോച്ച് റോഡ് | 130 മീറ്റർ | 130 മീറ്റർ | | | |
| 10 പരിയാരംവയൽ പണിയകോളനിറോഡ് | 1.5 കി.മി | | | മൺ | 6 മീറ്റർ |
| 11 ചെലഞ്ഞിച്ചാൽ പുല്ലേരി കോഴിമൂല റോഡ് | 1.കി.മി | | | മൺ | 6 മീറ്റർ |
| 12. പരിയാരം എടപ്പട്ടി ആലന്തട്ട റോഡ് | 1.5 കി.മി | | | മൺ | 4 മീറ്റർ |
| 13. ചേനംകൊല്ലി റോഡ് | 800മീറ്റർ | | | മൺ | 3 മീറ്റർ |

### നടപ്പാത

| | | |
|---|---|---|
| ചെറനല്ലൂർ കരിക്കവീട് | 120 മീറ്റർ | 1.5 മീറ്റർ |

## വാർഡ്– 4

| | | | |
|---|---|---|---|
| 1.മുട്ടിൽ ചുള്ളിമൂല റോഡ് | 2.കി.മി ടാറിംഗ് | | 8 മീറ്റർ |
| 2. ചുള്ളിമൂല എടപ്പട്ടി റോഡ് | 1. കി.മി ടാറിംഗ് | | 6 മീറ്റർ |
| 3. ചുള്ളിമൂല മുട്ടിൽമലറോഡ് | 750 മീറ്റർ | മൺ | 6 മീറ്റർ |
| 4. അമ്പുകുത്തി– ചെറുമൂല റോഡ് | 1.കിമി | മൺ | 6 മീറ്റർ |
| 5. എടപ്പട്ടി പള്ളിക്കവല റോഡ് | 400 മീറ്റർ | മൺ | 6 മീറ്റർ |
| 6. പാറക്കൽ ചുള്ളിമൂല റോഡ് | 800 മീറ്റർ | മൺ | 4 മീറ്റർ |
| 7. ആലന്തട്ട കോളനിറോഡ് | 300 മീറ്റർ | മൺ | 4 മീറ്റർ |

### നടപ്പാതകൾ

| | | |
|---|---|---|
| 1. ചുള്ളിമൂല പണിയകോളനി | 500 മീറ്റർ | 2 മീറ്റർ |
| 2. എടപ്പട്ടി കുറുമകോളനി | 500 മീറ്റർ | 4 മീറ്റർ |

## വാർഡ്– 5

| | | | |
|---|---|---|---|
| 1.മുട്ടിൽ ആനപ്പാറ | 500 മീറ്റർ സോളിംഗ് | | 4 മീറ്റർ |
| 2.പാലമംഗലം മുട്ടിൽ കോളനി റോഡ് | 400 മീറ്റർ | മൺ | 4 മീറ്റർ |
| 3.സ്രാമ്പി കോളനി റോഡ് | 750 മീറ്റർ | മൺ | 3മീ |
| 4. മൂർത്തിമൂല അത്തിലൻകുന്ന് റോഡ് | 1. കി.മി | മൺ | 4 മീറ്റർ |
| 5. ആനപ്പാറ– അടുവാടി റോഡ് | 500മീറ്റർ | മൺ | 4 മീറ്റർ |
| 6. മൂർത്തിമൂല– ലക്ഷംവീട് കോളനിറോഡ് | 700 മീറ്റർ | മൺ | 6 മീറ്റർ |

| | | | | |
|---|---|---|---|---|
| 7. മൂർത്തിമൂല- മുട്ടിൽമലറോഡ് | 1.കിമി | | മൺ | 6 മീറ്റർ |
| 8. കുട്ടമംഗലം- മുട്ടിൽ മലറോഡ് | 1.കി.മി | | മൺ | 6 മീറ്റർ |
| 9. അടുവാടി- ചാഴിവയൽ റോഡ് | 1.കി. മി | | മൺ | 4 മീറ്റർ |
| 10. പട്ടാമ്പിപ്പാലം- ചെറുമൂലവയൽ റോഡ് | 1.കി.മി | സോളിംഗ് | | 4 മീറ്റർ |

## നടപ്പാത

| | | | | |
|---|---|---|---|---|
| 1. മുട്ടിൽകോളനി | 400 മീറ്റർ | | | 1.5 മീറ്റർ |
| 2. ചെറുമൂലവയൽ തോട് | 200മീറ്റർ | | | 1.5 മീറ്റർ |
| 3. മുട്ടിൽ-കൈതൂക്കി | 400 മീറ്റർ | | | 1.5 മീറ്റർ |
| 4. ചെറുമൂല അമ്പുകുത്തി | 600 മീറ്റർ | | | 1.5 മീറ്റർ |
| 5. സി. ബി.എസ്. ഇ പാലമംഗലം | 1.കി.മി | | | 1.5 മി |

## വാർഡ്-6

| | | | | |
|---|---|---|---|---|
| 1. മുട്ടിൽമല മാണ്ടാട് റോഡ് | 2.5 കി.മി | | 2.5 കിമി. | 7 മീറ്റർ |
| 2. കുട്ടമംഗലം മുട്ടിൽമലറോഡ് | 1.7 കി.മി | | മൺ | 8.മീ |
| 3. മാണ്ടാട് എൽ.പി. സ്കൂൾ മുത്തേടം റോഡ് | 1.5 കി. മി. | | മൺ | 8. മീ |
| 4. മണക്കത്ത് റോഡ് | 500 മീ. | | മൺ | 5. മീ |
| 5. മാണ്ടാട് പന്നിക്കുഴി റോഡ് | 700 മീ. | | മൺ | 8 മീ |

## വാർഡ്-7

| | | | | |
|---|---|---|---|---|
| 1.ഒളവത്തൂർ-നെന്മേനി-തൊണ്ടുപാടിറോഡ് | 1.6 കി.മി400 മീ. | 1.200 മീ | | 6 മീ. |
| 2.കൊളവയൽ- തൊണ്ടുപാളി റോഡ് | 1.2 കിമി 400 മീ | 800 മീ | | 6 മീ |
| 3. തൊണ്ടുപാളി-കൂടൽമൂല പണിയ കോളനി റോഡ് | 1.2 കി.മി | | മൺ | 6 മീ |
| 4. തൊണ്ടുപാളി- ചേലഞ്ഞിച്ചാൽ പുഴ റോഡ് | 200 മീ | | മൺ | 8 മീ |
| 5. കൊളവയൽ- കുരിശുകവല റോഡ് | 600 മീ | | മൺ | 6 മീ |
| 6. പനങ്കണ്ടി ഹൈസ്കൂൾ-ഹെൽത്ത്സെന്റർ റോഡ് മെറ്റൽ | 700 മീ | | | 8 മീ |
| 7. ഹെൽത്ത് സെന്റർ-പണിയകോളനി പുഴയോരം റോഡ് | 1.കി.മി | | മൺ | 6 കി.മി |
| 8. പനങ്കണ്ടി- അണകെട്ട് റോഡ് | 400 മീ | | മൺ | 3 മീ |
| 9. കാര്യമ്പാടി മംഗലംകുന്ന് റോഡ് | 1.3 മീ 300മീ | | 1കിമി | 6. മീ |
| 10. മംഗലംകുന്ന്- കൊളവയൽ പുഴറോഡ് | 1.3 കിമി. | | മൺ | 6 മീ |
| 11. ഹെൽത്ത്സെന്റർ-മംഗലത്തുവയൽ റോഡ് | 500 മീ | | മൺ | 4 മീ |
| 12. കാര്യമ്പാടി- ഊരുകണ്ടികോളനി റോഡ് | 2. കിമി. | 1.കിമി | 1. കി.മി | 8 മീ |
| 13. മാനിക്കുനി-മൂതിമൂല റോഡ് | 1.കി.മി | | മൺ | 6 മീ |
| 14. മാനിക്കുനി- വെള്ളിത്തോട് പുഴ റോഡ് | 500 മീ | | മൺ | 3 മീ |

## നടപ്പാതകൾ

| | | | | |
|---|---|---|---|---|
| 1. നെന്മേനി നാലുസെന്റ് കോളനി | 300 മീ | | | 1.5മീ |
| 2. കൊരലാടി പണിയകോളനി | 300 മീ | | | 1.5 മീ |
| 3. കൊരലാടി മംഗലത്ത് | 150 മീ | | | 1. മീ |
| 4. തൊണ്ടുപാളി കോഴിമൂല | 200.മീ | | | 1 മീ |
| 5. കാര്യമ്പാടി പാണ്ടിയാട് വയൽ | 200 മീറ്റർ | | | 2 മീ |
| 6. പനങ്കണ്ടി സ്കൂൾഗ്രൗണ്ട് | 300 മീ | | | 2മീ |
| 7. മംഗലം കുന്ന് പനങ്കണ്ടിവയൽ | 150 മീ | | | 1.5 മീ |
| 8. ഒളവത്തൂർ അമ്പതാം മൈൽ | 100. മീ | | | 1.5മീ |
| 9. മാനിക്കുനി | 150 മീ | | | 2 മീ |

## വാർഡ്-8

| | | | | |
|---|---|---|---|---|
| 1.കാക്കവയൽ കൈപ്പാടം തേനേരിറോഡ് | 1.5 മീ | 800 മീ | 700 മീ | 8 മീ |
| 2. ഒളവത്തൂർ കൊളവയൽ | 1.75കി. മി | | മൺ | 6 മീ |
| 3. തേനേരി നാരങ്ങാക്കണ്ടി കൈപ്പാടം റോഡ് | 1.കിമി | 200 മീ | 800 മീ | 6 മീ |
| 4. തേനേരി വാര്യാട് മാണ്ടാട് റോഡ് | 3. കി.മി | 500 മീ | 2.500മീ | 6 മീ |
| 5. കാക്കവയൽ വെള്ളിത്തോട് റോഡ് | 700 മീ | | മൺ | 6 മീ |
| 6. ചാഴിവയൽ അമ്പതാം മൈൽ റോഡ് | 1.500 മീ | | മൺ | 6 മീ |
| 7. കൊളവയൽ ഒളവത്തൂർകുന്ന് റോഡ് | 750 മീ | മൺ | 4. മീ | |

## നടപ്പാതകൾ

| | |
|---|---|
| 1. ഒളവത്തൂർ വാര്യാട് | 350 മീ |
| 2. വാര്യാട് ഒളവത്തൂർക്കുന്ന് | 250 മീ |

## വാർഡ്- 9

| | | | | |
|---|---|---|---|---|
| 1. വാഴവറ്റ കരിങ്കണ്ണിക്കുന്ന് തൂമുള്ളിറോഡ് | 3.7 കി.മി | 3.7 കി.മി | | 8. മീ |
| 2. വാഴവറ്റ മേലേകുരിശ് കവല പട്ടാമ്പിക്കുന്ന് റോഡ് | 2600 മീ സോളിംഗ് | | | 7മീ |
| 3. കരിങ്കണ്ണിക്കുന്ന് കടവയൽ കോളേരിറോഡ് | 1.600 മീ സോളിംഗ് | | | 6 മീ |
| 4. കരിങ്കണ്ണിക്കുന്ന് കടവയൽ കോളനി റോഡ് | 400 മീ | | മൺ | 4 മീ |
| 5. കരിങ്കണ്ണിക്കുന്ന് പന്നിക്കുഴി റോഡ് | 1. കി.മി സോളിംഗ് | | | 5 മീ |
| 6. കരിങ്കണ്ണിക്കുന്ന് ആവലാട്ട് കോളനി റോഡ് | 800 മീ | | മൺ | 6 മീ |
| 7. കരിങ്കണ്ണിക്കുന്ന് തേനേരി റോഡ് | 1650 മീ. | ടാറിംഗ് | | 8മീ |
| 8. തെനേരി വാര്യാട് പന്നിക്കുഴി റോഡ് | 3. കിമി | ടാറിംഗ് | | 8 മീ |
| 9. വാഴവറ്റ തിയേറ്റർ ലക്ഷംവീട് റോഡ് | 500 മീ | സോളിംഗ് | | 6 മീ |
| 10 പട്ടാമ്പിക്കുന്ന്-കല്ലുപാടി കോളനി റോഡ് | 1.കി.മീ | | മൺ | 6 മീ |
| 11. വാഴവറ്റ തിയേറ്റർ കരിമത്തുവയൽകോളനി | 300 മീ | | മൺ | 5 മീ |

| | | | | |
|---|---|---|---|---|
| 12. കല്ലുപാടി കാട്ടാഞ്ചേരി തേനേരി റോഡ് | 300 മീ | | മൺ | 5 മീ |

## നടപ്പാതകൾ

| | |
|---|---|
| 1. കരിങ്കണ്ണിക്കുന്ന് കോളേരിവയൽ | 400 മീ |
| 2. തെനേരി കാട്ടാഞ്ചേരി വയൽ | 500 മീ |

## വാർഡ്-10

| | | | | |
|---|---|---|---|---|
| 1.വാഴവറ്റ കൊച്ചുമൂല ഊരപ്പക്കുന്ന്റോഡ് | 1.25 മീറ്റർ | | മൺ | 6 മീറ്റർ |
| 2. വാഴവറ്റ വാളംവയൽ റോഡ് | 1200 മീറ്റർ | | മൺ | 6 മീറ്റർ |
| 3. കല്ലുപാടി, കുപ്പാടി വാഴവറ്റ റോഡ് | 2.350 മീ. | ടാറിംഗ് | | 8മീ |
| 4. തേനേരി-പകൃാക്കുന്ന് മാലക്കാട് റോഡ് | 1 കി.മി | | മൺ | 6 മീറ്റർ |
| 5. കല്ലുപാടി-മലക്കാട്- മീനങ്ങാടി റോഡ് | 1.5. കി.മി | 500 മീറ്റർ | | 6 മീ |
| 6. കുപ്പാടി കണ്ണപ്പുളവ് അരിമുണ്ടറോഡ് | 2. കി.മി | 1.കി.മി | | 6 മീ |
| 7. വാഴവറ്റ-വാളംവയൽ-മലങ്കര റോഡ് | 2.5 കി.മി | | | 6 മീ |
| 8. പട്ടാമ്പിക്കുന്ന് വാളംവയൽ റോഡ് | 1.കി.മി | | | 6 മീ |
| 9. പട്ടാമ്പിക്കുന്ന്- സ്വർഗ്ഗം കുന്ന് റോഡ് | 1.കി.മി | | മൺ | 6 മീ |
| 10 കല്ലുപാടി-ഓലയിടംക്കുന്ന് കുപ്പാടിറോഡ് | 1500 മീ | | | 6 മീ |
| 11. കുപ്പാടി തോട്ടാംകൊല്ലിറോഡ് | 1.കിമി. | മെറ്റലിംഗ് | | 6 മീ |
| 12. തേനേരി കണ്ണൻകല്ലേൽക്കുന്ന് റോഡ് | 600 മീ | | മൺ | 4 മീ |
| 13. കാക്കവയൽ സ്കൂൾ പകൃാനിക്കുന്ന് മലക്കാട് റോഡ് | 1.5 കി.മി 1കി.മി | 500 മീ | | 6 മീ |

## വാർഡ്-11

| | | | | |
|---|---|---|---|---|
| 1. ഏഴാംച്ചിറ-കോളേരിക്കുന്ന് റോഡ് | 1.5 കി.മി | സോളിംഗ് | | 8 മീ |
| 2. വാഴവറ്റ- ഏഴാംചിറ റോഡ് ടാറിംഗ് | 2.5കി.മി ടാറിംഗ് | | | 8.മീ |
| 3. പാക്കം-ആനക്കുന്ന്റോഡ് | 800 മീ | | 800മൺ | 8 മീ |
| 4 പാക്കം-ചിപ്രംറോഡ് | 1.കിമി | സോളിംഗ് | | 5 മീ. |
| 5. ചിപ്രം-കാരാപ്പുഴ റോഡ് | 1.2 കി.മി | 700മീസോളിംഗ് | 500മീമൺ | 5 മീ |
| 6. പാക്കം- പാലക്കാട്ട്ക്കുന്ന് റോഡ് | 1.5 കി.മി ടാറിംഗ് | | | 5 മീ |
| 7. പാലക്കാട്ട്ക്കുന്ന്- പടിഞ്ഞാറെകോളനി റോഡ് 300 മീ മൺ300 3 മീ. | | | | |
| 8. പാലക്കാട്ട് കുന്ന്- കിഴക്കേകോളനി | 250മീ | | മൺ | 3 മീ |
| 9. കാരാപ്പുഴ- ഊരാപ്പാക്കുക്കുന്ന്റോഡ് | 500 മീ. | സോളിംഗ് | | 5 മീ |
| 10. കാരാപ്പുഴ കൊച്ചുമൂലക്കുന്ന് റോഡ്, | 600മീ | സോളിംഗ് | | 5മീ |
| 11. നായിക്കൊല്ലിക്കുന്ന്- പടിഞ്ഞാഞ്ഞാറെക്കുന്ന് റോഡ് | 300 മീ. | സോളിംഗ് | | 3. മീ |
| 12. പാലമാളം കുന്ന് -ഏഴാംചിറ റോഡ് | 600മീ | സോളിംഗ് | | 3മീ |

## നടപ്പാതകൾ.

| | | |
|---|---|---|
| 1. പാലക്കാട്ട്ക്കുന്ന് പടിഞ്ഞാറെകോളനി | 50മീ | 2. മീ |
| 2. പാക്കം കോളനി നടപ്പാത | 200.മീ | 2 മീ |
| 3. പാക്കം വയലിലേക്ക് | 50 മീ | 2 മീ |
| 4. പാലക്കാട്ട്ക്കുന്ന് പാക്കംപടിഞ്ഞാറെ വയലിലേക്ക് | 200 മീ | 1.5 മീറ്റർ |

## ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

| | റോഡിന്റെ സ്വഭാവം (നീളം) | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ടാർ | | | | | |
| | കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | PWD | NH | മറ്റുള്ളവ | ആകെ |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| ഒന്നാം വാർഡ് | 2.450 | | 1.800 | 1.കിമീ | 16 കി.മീ | 5 കി.മീ | | 4.25 കിമീ |
| രണ്ടാം വാർഡ് | 2.500 | | 1.5 കി.മി | 3.130 | | | | 5. കി.മീ |
| മൂന്നാം വാർഡ് | 11. കിമി | | 2 കിമീ | 3 കി.മി | | | | 16.130 |
| നാലാം വാർഡ് | 3.550 | | | | | | | 6.550 കിമി |
| അഞ്ചാം വാർഡ് | 4.950 | | 1300 മീ | | | | | 6.250 കി.മി |
| ആറാം വാർഡ് | 5400 മീ | | 1500മീ | | | | | 6.900 കിമീ |
| ഏഴാം വാർഡ് | 8700 | | 4 കി.മി | 800മീ | | | | 13.500 കി.മീ |
| എട്ടാം വാർഡ് | 6200 മീ | | 3.5 കി.മി | 500മീ | | | | 10.200 കി.മി |
| ഒമ്പതാം വാർഡ് | 2800 മീ | | 5.700 | 8350 മീ | | | | 16.850 കി.മീ |
| പത്താം വാർഡ് | 6150 മീ | | 3. കിമീ | 4350 മീ | | | | 13. 500 കിമീ |
| പതിനൊന്നാം വാർഡ് | 1850 | | 5.200 | 4.കി.മീ | | | | 11.050കി.മി |
| | 55.550കി.മി | | 29.500കിമി | 25.130 കി.മീ | | | | 110.180.കി.മീ |

**പുതിയ റോഡുകളും നടപ്പാതകളും**

1. മുട്ടിൽ പൊതു ശ്മശാനത്തിലേക്ക് റോഡ്
2. വെള്ളിതോട് കൊളവയൽ റോഡ്
3. മംഗലം കുന്ന് മാനിക്കുനി റോഡ്
4. തൊണ്ടുപാളി പനങ്കണ്ടി റോഡ്
5. നെന്മേനി – 4 സെന്റ് കോളനി
6. പരിയാരം – കക്കാടംകൊല്ലി – മുട്ടിൽ റോഡ്
7. ചുള്ളിമല – കോൽപാറ കോളനി റോഡ്
8. പുല്ലേരി – മുരണിക്കര റോഡ്
9. കരിങ്കണ്ണിക്കുന്ന് പാക്കം റോഡ്

നടപ്പാതകൾ

| വാർഡ് | ആവശ്യമായ പാലങ്ങൾ | |
|---|---|---|
| 2 | കുമ്പളാട് പാലം | വാഹന ഗതാഗതത്തിനുതകുന്ന പാലം |
| 3–7 | ചെലഞ്ഞിച്ചാൽ പാലം | |
| 8–6 | പന്നിക്കുഴി പാലം | |
| 10 | മലക്കാട് പുഴക്ക് | |
| | *കോൺക്രീറ്റ് നടപ്പാലങ്ങൾ* | |
| | കോളേരി | |
| | വെള്ളിത്തോട് | |
| | ചേപ്പാടി | |
| | വട്ടമൂല | |
| | മുരണിക്കര | |
| | മംഗലത്ത് | |

## മാർക്കറ്റ്

മുട്ടിൽ പഞ്ചായത്തിൽ മുട്ടിൽ, തെനേരി, വാഴവറ്റ, കാര്യമ്പാടി തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യമാംസ വില്പന ടൗണിൽ തന്നെയുള്ള റോഡരുകിലാണ് നടത്തുന്നത്. മത്സ്യ മാംസ അവശിഷ്ടങ്ങൾ കെട്ടിക്കിടക്കുന്നതുമൂലം പല മലിനീകരണ പ്രശ്നങ്ങളും ഉണ്ടാകുന്നു. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്തിൽ വിപുലമായ വിപണി ഇല്ലെന്നുള്ളതും പരിതാപകരമായ വസ്തുതയാണ്.

### സാധ്യതകൾ

1. ഈ പഞ്ചായത്തിൽ മത്സ്യമാംസ മാർക്കറ്റിന് വിപുലമായ സാധ്യത ഉണ്ട്.

2. പഴം, പച്ചക്കറി, കാർഷിക ഉല്പന്ന മാർക്കറ്റുകളും തുടങ്ങാം

### നിർദ്ദേശങ്ങൾ

ആരോഗ്യമുള്ളതും രോഗബാധ ഇല്ലാത്തതുമായമായ ആടുമാടുകളുടെ ഇറച്ചിമാത്രം വില്ക്കാൻ അനുവദിക്കാവൂ. ഇതിനായി മൃഗഡോക്ടറുടെസർട്ടിഫിക്കറ്റ് നിർബന്ധമാക്കുകയും അറവുശാലക്ക്ലൈസൻസ് ഏർപ്പെടുത്തുകയും വേണം . പുതിയ മത്സ്യമാർക്കറ്റ് ആരംഭിക്കുകയും റോഡരികിലെ വില്പന അവസാനിപ്പിക്കുകയും വേണം. മാർക്കറ്റിനോടനുബന്ധിച്ച് അവശിഷ്ട വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.



# സാമൂഹ്യക്ഷേമം

ജനസംഖ്യയിൽ ഏതാണ്ട് പകുതിയോളം ദരിദ്രരായ നമ്മുടെ പഞ്ചായത്തിൽ 1992ലെ IRDP കുടുംബ സർവ്വേപ്രകാരം 2846 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളതാണ്. എല്ലാജാതി–മത വിഭാഗങ്ങളിൽപ്പെട്ടവരും ദരിദ്രകുടുംബങ്ങളായുണ്ട്. സർവ്വേ അനുസരിച്ച് 629 പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ ദരിദ്രരാണ്. വിവിധ വകുപ്പുകൾ മുഖേനയുള്ള ദാരിദ്ര്യ നിർമ്മാർജന പരിപാടികൾ നടപ്പാക്കുന്നുണ്ടെങ്കിലും ദരിദ്രകുടുംബങ്ങളുടെ എണ്ണം കൂടിവരുന്നതായികാണുന്നു. ദാരിദ്ര്യനിർമ്മാർജനപരിപാടികളിൽ പലതും വേണ്ടത്രവിജയകരമാകുന്നില്ല. അനുവദിക്കാവുന്ന പല പദ്ധതികളും നമ്മുടെ പഞ്ചായത്തിൽ അനുയോജ്യമല്ലെന്നുള്ള പ്രശ്നവുമുണ്ട്.

എട്ടാം പഞ്ചവത്സരപദ്ധതികാലത്ത് ഇതുവരെയായി 222 കുടുംബങ്ങൾക്ക് I.R.D.P പദ്ധതിയിൽ സഹായം ലഭിച്ചിട്ടുണ്ട്. സഹായത്തിന് അർഹരായവരുടെ എണ്ണം കണക്കിലെടുക്കുമ്പോൾ കടലിൽ കായം കലക്കിയപോലെയാണിത്.

### ട്രൈസം

ഗ്രാമീണ യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനു സഹായിക്കുന്ന പരിശീലനപരിപാടിയായ ട്രൈസം (TRYSEM) അനുസരിച്ച് 10 പേർക്കാണ് എട്ടാം പദ്ധതിയിൽ പരിശീലനം നൽകപ്പെട്ടത്. ഇവരിൽതന്നെ പരിശീലനം ലഭിച്ചതൊഴിൽ ചെയ്യുന്നവർ 6 പേർമാത്രമാണ്. പരിശീലനം അപര്യാപ്തമായതുകൊണ്ടും സ്വന്തമായി തൊഴിൽ സംരംഭം തുടങ്ങാൻ തയ്യാറല്ലാത്തതുകൊണ്ടും പരിശീലനം ലഭിച്ചശേഷം മറ്റുതൊഴിലുകളിലേർപ്പെട്ടവരുണ്ട്.

### D.W.C.R.A

ദരിദ്രരായ ഗ്രാമീണ വനിതകളുടെയും കുട്ടികളുടെയും അഭിവൃദ്ധിക്കായി ഗ്രാമവികസനവകുപ്പ് നടപ്പാക്കുന്ന D.W.C.R.A പദ്ധതിയിൽ 6 യൂണിറ്റുകളിലായി 60കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. ഇതിൽ മൂന്നെണ്ണം പശുവളർത്തലും, രണ്ടെണ്ണം കരിങ്കൽ ജെല്ലിനിർമ്മാണവും ഒന്ന് ആടുവളർത്തലുമാണ്. മൂന്ന് യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമവികസന വകുപ്പിന്റെ കീഴിൽ 7 മഹിളാസമാജങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും 4 എണ്ണമേ പ്രവർത്തിക്കുന്നുള്ളു. പ്രവർത്തിക്കുന്നവ തന്നെ ചിട്ടയായ പ്രവർത്തനം സംഘടിപ്പിക്കാറില്ല. വല്ലപ്പോഴുമുള്ള ബോധവൽക്കരണ ക്യാമ്പുകൾപോലുള്ളപരിപാടികളാണ് ഏറ്റെടുത്ത് നടത്തുന്നത്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സാമ്പത്തികസഹായമുൾപ്പെടെയുള്ള സഹായം സർക്കാരിന്റെ ഭാഗത്ത്നിന്നും ഇല്ലെന്നുതന്നെ പറയാം. മഹിളാ സമാജങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ബാലവാടികളൊന്നും നിലവിലില്ല.

### I.C.D.S. അംഗൻവാടികൾ.

നമ്മുടെ പഞ്ചായത്തിൽ ICDS ന് കീഴിൽ 16 അംഗൺവാടികൾ അനുവദിക്കപ്പെട്ടതിൽ

| ക്രമനമ്പർ | അംഗൻവാടികൾ | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | 55 | 20 |
| 2 | 56 | 26 |
| 3 | 57 | 16 |
| 4 | 58 | 26 |
| 5 | 59 | 20 |
| 6 | 60 | 18 |
| 7 | 61 | 17 |
| 8 | 62 | പ്രവർത്തനമില്ല |
| 9 | 63 | 20 |
| 10 | 104 | 30 |
| 11 | 110 | 15 |
| 12 | 114 | 25 |
| 13 | 119 | 55 |
| 14 | 123 | 40 |
| 15 | 151 | 27 |
| 16 | 152 | 30 |
| | ആകെ കുട്ടികൾ | 385 |

(പ്രവർത്തിക്കുന്ന എല്ലാ അംഗൻവാടികളിലും ഒരു വർക്കർ, ഒരു ഹെൽപ്പർ എന്ന തോതിൽ ജീവനക്കാരുണ്ട്)

15എണ്ണം പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ മൊത്തം 385 കുട്ടികൾ ഉണ്ട്. (പട്ടിക 1 ) 13 അംഗൺവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. മാണ്ടാട് അംഗൺവാടി വാടകകെട്ടിടത്തിലും, വാര്യാട്ടുള്ളത് എസ്റ്റേറ്റിന്റെ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. അംഗൺവാടികൾക്ക് കെട്ടിടം, കുടിവെള്ളം, വൈദ്യുതി, മൂത്രപ്പുര, ആവശ്യമായഫർണ്ണിച്ചർ, കളിക്കോപ്പുകൾ എന്നിവ ലഭ്യമാക്കേണ്ടതായുണ്ട്. പല അംഗൺവാടികളിലും കുട്ടികളുടെ എണ്ണം വളരെ കുറവാണ്. അംഗൺവാടി വർക്കർ, ഹെൽപ്പർമാരുടെ ശമ്പളം വളരെ കുറവായതുകൊണ്ടു തന്നെ അവരുടെ ജീവിതപ്രയാസങ്ങൾ വർദ്ധിക്കുന്നു. ധാരാളം കുട്ടികൾ ഇന്ന് സ്വകാര്യ നഴ്സറിസ്കൂളുകളിലെത്തുന്നുണ്ട്. ഇത് അംഗൺവാടികളിൽ കുട്ടികളുടെ എണ്ണം കുറയാനിടയാക്കുന്നു.

ഗ്രാമവികസനവകുപ്പ് പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗവികസനവകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ തുടങ്ങിയ വിവിധ വകുപ്പുകൾ മുഖേനയുള്ള ക്ഷേമ പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ നടക്കുന്നുണ്ടെങ്കിലും ഇനിയും കൂടുതൽ സഹായം ലഭിക്കേണ്ടതായുണ്ട്. ഇന്നത്തെ ക്ഷേമപ്രവർത്തനങ്ങൾപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന്റെ ചുമതലക്കാരായി മുട്ടിൽ നോർത്ത്, സൗത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ(വി. ഇ. ഒ മാർ )പ്രവർത്തിക്കുന്നു. ഇവരുടെ ഓഫീസുകൾ മുട്ടിൽ പോസ്റ്റാഫീസിനു സമീപമാണുള്ളത്.

വിവിധവകുപ്പുകൾ മുഖേന നമ്മുടെ പഞ്ചായ

| അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയരോഗി പെൻഷൻ | അവശ കായികതാര പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിൽ രഹിത വേതനം |
|---|---|---|---|---|---|---|---|
| 20 | 56 | 13 | 19 | 6 | 1 | 204 | 232 |

ത്തിൽ വിതരണം ചെയ്യപ്പെടുന്ന പെൻഷൻ-സാമ്പത്തിക ആശ്വാസനടപടികൾ എന്നിവ അർഹരായ മുഴുവൻ ആളുകൾക്കും ലഭിക്കുന്നില്ല വിവിധ പെൻഷൻ പദ്ധതികളെക്കുറിച്ചുള്ള അജ്ഞതമൂലം സഹായത്തിന് അപേക്ഷിക്കുന്നതിനു പോലും കഴിയാത്ത അർഹരായവർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അപേക്ഷകന്റെ യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതിനുള്ള പ്രയാസം കാരണം അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. വിവിധ വകുപ്പുകൾ വഴി പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്ന സഹായങ്ങൾ സംബന്ധിച്ച പട്ടിക നോക്കുക.

## പൊതുവിവരണം

മറ്റു ക്ഷേമപദ്ധതികൾക്കനുബന്ധമായി പൊതുവിതരണ പരിപാടി മുഖേനയും ജനങ്ങൾക്ക് സഹായം ലഭിക്കുന്നുണ്ട്. അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, ധാന്യപ്പൊടികൾ എന്നിവ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള 12 റേഷൻകടകളിലൂടെ വിതരണം ചെയ്യപ്പെടുന്നു. സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റും പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ നിത്യോപയോഗസാധനങ്ങൾ ന്യായവിലക്ക് വിതരണം ചെയ്യുന്നുണ്ട്. പൊതുവിതരണ കേന്ദ്രങ്ങളായ മിക്ക റേഷൻകടകളിലും പല തരത്തിലുള്ള ക്രമക്കേടുകളും അഴിമതിയും നടക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. അനർഹരായവരുടെ പേരിലുള്ള റേഷൻകാർഡുകൾ ഉപയോഗിച്ചും ക്രമക്കേടുകൾ നടക്കുന്നുണ്ട്. എന്നാൽ അർഹതപ്പെട്ട പല കുടുംബങ്ങൾക്കും ഇനിയും റേഷൻകാർഡുകൾ ലഭിക്കേണ്ടതായിട്ടുണ്ട്. നിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കളുടെ വിതരണം പലയിടങ്ങളിലും റേഷൻകടക്കാരനും, ഉപഭോക്താവും തമ്മിലുള്ള സംഘർഷത്തിനുവരെ കാരണമാകുന്നു. വിതരണക്കാരന് ഇന്ന് ലഭിക്കുന്ന കമ്മീഷൻ അപര്യാപ്തമാണ്. ഇത് കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് ഇവക്ക് കാരണമാകുന്നു.

സാമൂഹ്യക്ഷേമപരിപാടികൾ മെച്ചപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ

1. ഗ്രാമവികസന വകുപ്പുമുഖേനയുള്ള സഹായ പദ്ധതികൾ കൂടുതൽ കുടുംബങ്ങൾക്ക് ലഭ്യമാക്കുക.

2. അർഹരെ തെരഞ്ഞെടുക്കുന്നതിനായി ജനകീയകമ്മറ്റികൾ നിലവിൽ വരണം.

3. ഉദ്യോഗസ്ഥതലത്തിലെ അഴിമതിയും ഇടത്തട്ടുകാരുടെ ചൂഷണവും അവസാനിപ്പിക്കുന്നതിനായി വിജിലൻസ് കമ്മറ്റികൾക്ക് രൂപം നൽകണം.

4. സഹായവിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി വേണം

5. സ്വയംതൊഴിൽ പരിശീലനത്തിന് തെരഞ്ഞെടുക്കുമ്പോൾ പ്രദേശികമായി അനുയോജ്യമായവ തെരഞ്ഞെടുക്കാനുള്ള സാഹചര്യം ഉണ്ടാവണം.

6. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങഅങൾ ലഭ്യമാക്കണം.

7. DWCRA പദ്ധതിയിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഗ്രാമീണവനിതകൾക്ക് തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.

8. മേൽപ്പറഞ്ഞ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തിരെഞ്ഞടുക്കുന്നതിനായി ഗ്രാമസഭയുൾപ്പെടെയുള്ള ജനകീയകമ്മറ്റികൾ നിലവിൽ വരണം.

9. അംഗൺവാടികൾക്ക് ആവശ്യമായ കെട്ടിടം, കുടിവെള്ള സൗകര്യം, വൈദ്യുതി, മൂത്രപ്പുര, ഫർണിച്ചർ, കളിക്കോപ്പുകൾ എന്നിവ ലഭ്യമാക്കുന്നതിനായി

| ലക്ഷംവീട് കോളനി | 4 സെന്റ് കോളനി | പുറമ്പോക്ക് കോളനി |
|---|---|---|
| മാനിക്കുനി | നെന്മേനി | 50–ാം മൈൽ |
| കുട്ടമംഗലം | കരിങ്കണ്ണിക്കുന്ന് | ഇടപ്പെട്ടി |
| ചെറുമൂല | | മംഗലംകുന്ന് |
| പറളിക്കുന്ന് | | വെള്ളമ്പാടി |

സ്ഥിരം ജനകീയ കമ്മറ്റികൾ രൂപീകരിക്കുകയും വേണം.

10. അംഗൺവാടിജീവനക്കാർക്ക് മതിയായ ആനുകൂല്യങ്ങൾ നൽകണം. അതിന് കൂടുതൽ ഫണ്ട് നീക്കിവക്കുന്നതിനായി നടപടി വേണം. ഇതൊക്കെചെയ്താൽ അംഗൺവാടികളുടെ പ്രവർത്തനം ആകർഷകമാവും

11. വിവിധ പെൻഷൻ-ആശ്വാസങ്ങൾ ലഭിക്കുന്നതിന് അർഹരായവരെ തെരഞ്ഞടുക്കുന്നതിന് ഗ്രാമപഞ്ചായത്തിനും ഗ്രമപഞ്ചായത്തിനും ഗ്രാമസഭക്കും അധികാരം നൽകണം.

12. ഓരോ പൊതുവിതരണ കേന്ദ്രവുമായി ബന്ധപ്പെട്ട് ജനകീയകമ്മറ്റികൾ രൂപീകരിക്കുകയും ജനപ്രതിനിധികൾക്കും പ്രസ്തുത കമ്മറ്റി ഭാരവാഹികൾക്കും റേഷൻ ഷാപ്പുകൾ പരിശോധിക്കുന്നതിനുള്ള അധികാരം നൽകുകയും വേണം. കൂടുതൽ നിത്യോപയോഗസാധനങ്ങൾ റേഷൻകടവഴി വിതരണം ചെയ്യണം. ഇതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മുൻഗണനനൽകേണ്ടതാണ്.

## സേവനമേഖല

ജനങ്ങളും സർക്കാരും തമ്മിലുള്ള ബന്ധത്തിന്റെ പ്രഥമിക കണ്ണികളാണ് പഞ്ചായത്ത്, വില്ലേജ് ഓഫീസ് മുതലായവ. ഭൂമിയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ വില്ലേജ് ഓഫീസുകളിൽ ലഭ്യമായിരിക്കും. സർക്കാർ നടപ്പാക്കിവരുന്ന വിവിധയിനം പെൻഷൻപദ്ധതികൾ പ്രാവർത്തികമാക്കുന്നതും റവന്യുവകുപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പ്രാദേശികതലത്തിൽ കൈകാര്യം ചെയ്യുന്നതും വില്ലേജ് ഓഫീസുകൾ മുഖേനയാണ്. സാധാരണക്കാർക്ക് ലഭിക്കേണ്ടുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വില്ലേജ് ഓഫീസർക്ക് അധികാരമുണ്ട്. നമ്മുടെ പഞ്ചായത്തിൽ മുട്ടിൽ നോർത്ത്, സൗത്ത് എന്നിങ്ങനെ രണ്ട് വില്ലേജുകളുണ്ട്. രണ്ടിനും സ്വന്തമായി കെട്ടിടമുണ്ട്.

പഞ്ചായത്തീരാജ് സംവിധാനത്തിൽ അധികാരാവകാശങ്ങൾ കൂടുതലായി അനുവദിച്ചുകിട്ടിയ പഞ്ചായത്ത് ഓഫീസുകൾക്ക് ഇന്ന് പണ്ടത്തേതിനേക്കാൾ പ്രസക്തിയുണ്ട്. പാർപ്പിടം, കുടുംബക്ഷേമം, കൃഷി, വിദ്യാഭ്യാസം തുടങ്ങിയവ പഞ്ചായത്തിന്റെ മേൽനോട്ടത്തിലാണ്. സാധാരണക്കാരന്റെ പ്രശ്നങ്ങളുമായി ഏറ്റവുമധികം ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. ജനനമരണങ്ങളും, വിവാഹങ്ങളും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യപ്പെടേണ്ടതുണ്ട്. മുട്ടിൽ ടൗണിനടുത്തു തന്നെയുള്ള സ്വന്തം കെട്ടിടത്തിലാണ് പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നത്.

മുട്ടിൽ, പരിയാരം, മടക്കിമല, വാഴവറ്റ, കാര്യമ്പാടി എന്നിവിടങ്ങളിൽപ്രവർത്തിക്കുന്ന 5 ബ്രാഞ്ച് പോസ്റ്റാഫീസുകൾ ഈ പഞ്ചായത്തിലുണ്ട്. കാര്യമ്പാടി ഒഴികെ മറ്റൊന്നിനും സ്വന്തമായ കെട്ടിടങ്ങളില്ല. ജനകീയ മുന്നേറ്റത്തിലൂടെ സ്വന്തമായി കെട്ടിടം സംഘടിപ്പിച്ച കാര്യമ്പാടി, മറ്റുപ്രദേശങ്ങൾക്ക് മാതൃകയാണ്.

## പാർപ്പിടം

വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ആശാവഹമായ മാറ്റത്തിന് വെമ്പൽ കൊള്ളുന്ന നമ്മുടെ ഗ്രാമത്തിലെ പാർപ്പിടപ്രശ്നം വളരെ ഗുരുതരവും പരിതാപകരവുമാണ്. 7255 വീടുകളുള്ളതിൽ ബഹുഭൂരിപക്ഷം വീടുകളുടേയും, മേൽക്കൂര പുല്ലും ഓലയും കൊണ്ടു നിർമ്മിച്ചവയാണ്. ശേഷിച്ചവ ഓടും, കോൺക്രീറ്റുമാണ്. ഈ രംഗത്ത് ഗൾഫ് പണത്തിന്റെ സ്വാധീനം അങ്ങിങ്ങായിക്കാണാം. സാമ്പത്തികമായി ഉയർന്നവർ ഭവനനിർമ്മാണത്തിന് ഇഷ്ടിക, സിമന്റ് കട്ട തുടങ്ങിയവ ഉപയോഗിക്കുമ്പോൾ ദരിദ്രവിഭാഗങ്ങൾ മൺകട്ടയും തറമെഴുകാൻ കരിയും, ചാണകവും ഉപയോഗിക്കുന്നു. ഇത്തരത്തിലുള്ള വീടുനിർമ്മാണം നമ്മുടെ

കെട്ടിടങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം (ഒരു നിലയുള്ള കെട്ടിടങ്ങൾ) | | |
|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല/പുല്ല് |
| 1 | 441 | 3 | 6 | 336 | 93 |
| 2 | 339 | 32 | 39 | 191 | 77 |
| 3 | 797 | 20 | 118 | 428 | 192 |
| 4 | 817 | 18 | 181 | 406 | 167 |
| 5 | 776 | 15 | 69 | 392 | 300 |
| 6 | 420 | 6 | 63 | 198 | 153 |
| 7 | 926 | 7 | 55 | 474 | 390 |
| 8 | 664 | 10 | 65 | 389 | 200 |
| 9 | 722 | 5 | 65 | 450 | 202 |
| 10 | 795 | 6 | 61 | 364 | 344 |
| 11 | 558 | 7 | 65 | 282 | 204 |
| ആകെ | 7255 | 129 | 787 | 3910 | 2322 |

ഗ്രാമത്തിന്റെ എല്ലാ വാർഡുകളിലും നടക്കുന്നുണ്ട്.

സമൂഹത്തിൽ വന്നമാറ്റം ഭവനനിർമ്മാണ രംഗത്തും, പ്രതിഫലിച്ചിട്ടുണ്ട്. പണ്ടുകാലത്ത് മുളയുടെ വാരിയും, മണ്ണും കൊണ്ട് നിർമ്മിച്ചിരുന്നവീടുകൾ ഇന്ന് മൺകട്ട, ഇഷ്ടിക, സിമന്റ് കട്ട, കല്ല് തുടങ്ങിയവകൾ ഉപയോഗിച്ച് പ്രാഥമികസൗകര്യങ്ങളോടെ നിർമ്മിക്കുന്നു എന്നാൽ ദുർബല ജനവിഭാഗങ്ങളിലുള്ളവർ, മൺകട്ട കൊണ്ട് നിർമ്മിച്ച വീടുകളിലാണ് ഇന്നും കഴിയുന്നത്.

പാവപ്പെട്ടവർക്കും, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്കും, സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന പരിമിതമായ ധനസഹായം ഉപയോഗിച്ചുകൊണ്ടുള്ള പാർപ്പിട നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഭവനനിർമ്മാണരംഗത്ത് കേരളഹൗസിംഗ് ബോർഡ്, വൈത്തിരി താലൂക്ക് കാർഷികവികസനബാങ്ക്, തുടങ്ങിയസ്ഥാപനങ്ങൾ വായ്പകൾ നൽകിവരുന്നു. സങ്കീർണ്ണങ്ങളായ സാങ്കേതികത്വ പ്രശ്നങ്ങൾ കൊണ്ട് ജനങ്ങൾക്ക് യഥാവസരം വായ്പലഭിക്കുന്നില്ല. ഈ പഞ്ചായത്തിൽ 74 പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലായി 670 കുടുംബങ്ങളുണ്ട്. വീടുകൾ പൊതുവെ താമസയോഗ്യമല്ല. 4 ലക്ഷം വീട് കോളനിയും, 2- നാലു സെന്റ് കോളനിയും പുറംപോക്ക് കോളനികളുമുണ്ട്. ഈ മൂന്ന് വിഭാഗം കോളനികളിലും, പാർപ്പിട പ്രശ്നങ്ങളും പ്രാഥമിക സൗകര്യ പ്രശ്നങ്ങളുമുണ്ട്. ഭവന നിർമ്മാണ വസ്തുക്കളുടെ അനിയന്ത്രിതമായ വിലക്കയറ്റവും വായ്പാ സംഘങ്ങൾ ഈടാക്കുന്ന വർദ്ധിച്ചപലിശനിരക്കും, ഇടത്തരക്കാരുടെ വീടുനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു. കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കം വിധം പാടങ്ങൾ നികത്തി പുരയിടങ്ങളാക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നതായിക്കാണാം ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടതുണ്ട്.

പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ ധാരാളം ഉണ്ടെങ്കിലും ഭൂരിപക്ഷം തൊഴിലാളികളും , കോൺട്രാക്റ്റർമാരുടെ കീഴിൽ ജോലിചെയ്യുന്നവരാണ്. ഈരംഗത്തെ പുരുഷതൊഴിലാളികൾക്ക് 110.ക യും സ്ത്രീതൊഴിലാളികൽക്ക് 80 കയുമാണ്. കൂലിനിരക്ക് മുൻകാലങ്ങളെ അപേക്ഷിച്ച് ഈ രംഗത്ത് കോൺട്രാക്റ്റ് സമ്പ്രദായം കുടിവരികയാണ്.

**പ്രശ്നങ്ങൾ**

11. ഭവനരഹിതരായ പല കുടുംബങ്ങൾക്കും സ്വന്തമായി സ്ഥലമില്ല

2. നിലവിലുള്ള വായ്പാ പദ്ധതികൾ ലഭിക്കുന്നതിനുള്ള സാങ്കേതികത്വം ഗുണഭോക്താക്കളെ പ്രതി

കൂലമായി ബാധിക്കുന്നു.

3. ഭവന നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റവും, അടിക്കടിയുള്ള ഭൂമിയുടെ വിലക്കയറ്റവും ഭവനനിർമ്മാണരംഗത്തെ പ്രശ്നങ്ങളാണ്.

4. സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നും ദുർബല ജനവിഭാഗങ്ങൽക്ക് ലഭിക്കുന്ന ധനസഹായം വളരെ പര്യാപ്തവും അനുവദിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം തുച്ഛവുമാണ്. ലക്ഷം വീട്, 4 സെന്റ് കോളനി നിവാസികൾക്ക് രേഖയില്ലാത്തതിനാൽ യാതൊരു വിധ ധനസഹായവും ലഭ്യമല്ല അനധികൃത വിൽപ്പനയും നടക്കുന്നു.

5. പരിസ്ഥിതിക്കനുയോജ്യമായ വീടുകൾ നിർമ്മിക്കാത്തതുകൊണ്ട് ചിലവുകൂടുകയും ജീവിതം ദുരിതപൂർണ്ണ മാവുകയും ചെയ്യുന്നു.

6. കൃഷിയോഗ്യമായ സ്ഥലങ്ങൾ പുരയിടങ്ങളാക്കുക വഴി കാർഷിക വിഭവങ്ങൾ നശിക്കുന്നു. ആദായം ഗണ്യമായി കുറഞ്ഞ് കുടുംബവരുമാനത്തിൽ മാറ്റമുണ്ടാകുന്നു.

7. ഭവനനിർമ്മാണരംഗത്ത് വിവിധ ഏജൻസികൾ മുഖേന വിതരണം ചെയ്യുന്ന ധനസഹായത്തെ സംബന്ധിച്ച് ഗുണഭോക്താക്കൾ അജ്ഞരാണ്.

8. പഞ്ചായത്തിലെ 1000 ൽ അധികം കടുംബങ്ങൾ വാസയോഗ്യമായ വീടില്ലാത്തവരാണ്.

9. കുടിലുകൾക്ക് വീട്ടുനമ്പറില്ലാത്തതിനാൽ റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ തുടങ്ങിയവക്ക് വിഷമം നേരിടുന്നു.

**നിർദ്ദേശങ്ങൾ**

1. സ്വന്തമായി വീടുവെയ്ക്കാൻ സ്ഥലമില്ലാത്ത പാവപ്പെട്ട കുടുംബങ്ങൾക്ക് വീടുവക്കുന്നതിന് സൗജന്യമായി ഭൂമി ലഭ്യമാക്കണം.

2. സർക്കാർ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കുന്ന ഭവന വായ്പാപദ്ധതികളുടെ സാങ്കേതിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കണം. ഭവനനിർമ്മാണ വായ്പകളുടെ അപേക്ഷകൾ ഗ്രാമപഞ്ചായത്തിലൂടെ വിതരണം ചെയ്യണം. ഭവനനിർമ്മാണ വായ്പകളുടെ പണയാധാര രജിസ്റ്റർ ഫീസ് വെട്ടിക്കുറക്കണം.

3. ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ലൈസ് ഇടപ്പെട്ട് വിതരണം ചെയ്യണം.

4. ദുർബല വിഭാഗക്കാർക്കുള്ള ഭവനനിർമ്മാണ വായ്പാതുക ഇരട്ടിയായി വർദ്ധിപ്പിക്കണം. കൂടുതൽ കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭ്യമാക്കണം. നടപടിക്രമങ്ങൾ ലഘൂകരിക്കണം. നിർമ്മാണതൊഴിലാളികൾക്ക് ചിലവുകുറഞ്ഞ വീട് നിർമ്മിക്കാനുതകും വിധം പഞ്ചായത്ത് തലത്തിലുള്ള പരിശീലനം നൽകുക. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ അധികാരങ്ങളും ഗ്രാമപഞ്ചായത്തിന് നൽകണം കോളനി സർവ്വെ നടത്തി രേഖയില്ലാത്തവർക്ക് രേഖ നല്കുക.

5. നിശ്ചിത ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകൾക്ക് സെസ്സ് ചുമത്തി ഭവനരഹിതരെ സഹായിക്കാൻ നിധി സ്വരൂപിക്കുക.

6. കാർഷിക യോഗ്യമല്ലാത്ത സ്ഥലത്ത് വീടു നിർമ്മിക്കുക.

7. വിവിധഏജൻസികൾ മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് ഗ്രാമപഞ്ചായത്തു മുഖേനയാക്കുക.

8. ഭവനനിർമ്മാണ രംഗത്തെ ധൂർത്തിന് വിരാമമിടുക, വായ്പാ ഏജൻസികളുടെ പലിശനിരക്ക് കുറക്കുക.

9. ഇരട്ട വീടുകളായ ലക്ഷംവീടുകൾ ഒറ്റവീടാക്കുക. അതോടൊപ്പം പ്രാഥമികസൗകര്യങ്ങൾ ഏർപ്പെടുത്തുക.

10. പഴക്കം ചെന്ന പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ റിപ്പയർ ചെയ്യുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക

11. ഭവനനിർമ്മാണ രംഗത്തെ സന്നദ്ധസംഘടനകളുടെ ഇടപെടൽ ഒഴിവാക്കി പൂർണ്ണമായും ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലാക്കുക.

12. ഭവനനിർമ്മാണ രംഗത്ത് വായ്പകൾ നൽകുമാറ് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെ ശാഖ ആരംഭിക്കുകയും ഗുണഭോക്താക്കൾക്ക് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

13. പഞ്ചായത്തിലെ മുഴുവൻ കുടിലുകൾക്കും വീട്ടുനമ്പർ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.



# ആരോഗ്യം കുടിവെള്ളം

ആരോഗ്യമുള്ള ഒരു സമൂഹത്തിനുമാത്രമേ ആരോഗ്യമുള്ള ഒരു നാളെയെകുറിച്ച് ചിന്തിക്കാൻ പോലും കഴിയൂ. പഞ്ചായത്തിന്റെ സ്ഥിതിവിവരക്കണക്കുകളും അന്വേഷണ റിപ്പോർട്ടുകളും, വളരെ ദരിദ്രമായ ഒരു ആരോഗ്യപരിപാലന സംവിധാനത്തിന്റെ ചിത്രമാണ് നമുക്കു തരുന്നത്. പഞ്ചായത്തിൽ ആകെയുള്ള ഒരു സർക്കാർ ആശുപത്രി, അതിർത്തിപ്രദേശമായ വാഴവറ്റയിലെ (10-ാം വാർഡ്) പ്രാഥമിക ആരോഗ്യ കേന്ദ്രമാണ്. 4ാം വാർഡിൽ സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ വക ആശുപത്രി, ജില്ലയിലെ തന്നെ ആദിവാസികളുടെ അഭയകേന്ദ്രമാണ്. വളരെ പരിമിതമായ, ഏറെക്കുറെ ശോചനീയമായ സൗകര്യങ്ങളോടെ മാണ്ടാട് പ്രവർത്തിക്കുന്ന ഒരു സർക്കാർ ഹോമിയോ ഡിസ്പെൻസറിയും, മുട്ടിൽ മാണ്ടാട്, തെനേരി എന്നിവിടങ്ങളിലെ സ്വകാര്യ ഹോമിയോ ഡിസ്പെൻസറികളുമാണ് മറ്റ് ആതുരാലയങ്ങൾ. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ബഹുദൂരം സഞ്ചരിച്ച് കൽപ്പറ്റയിലെ സ്വകാര്യ ആശുപത്രികളെയാണ് ചികിത്സക്കായി ആശ്രയിക്കുന്നത്. വാഴവറ്റ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു കീഴിൽ പഞ്ചായത്തിൽ രണ്ട് കുടുംബക്ഷേമ കേന്ദ്രങ്ങളും നാല് IPP സബ് സെന്ററുകളും പ്രവർത്തിക്കുന്നു. ഇവ പക്ഷേ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. രോഗപ്രതിരോധം, വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നീ കാര്യങ്ങളിൽ ഈ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ജനകീയമായ മുന്നേറ്റങ്ങളാണ് ഇന്നാവശ്യം. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാരുടെയും സേവനം ഈ രംഗത്ത് കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

പട്ടിക 1

| പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ | |
|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം | : വാഴവറ്റ |
| ഐ.പി.പി.സബ് സെന്ററുകൾ | : പനങ്കണ്ടി, കുമ്പ്ളാട്, കുട്ടമംഗലം, പാക്കം |
| കുടുംബ ക്ഷേമ കേന്ദ്രങ്ങൾ | : കല്ലുപാടി, പരിയാരം |
| ഹോമിയോ ഡിസ്പെൻസറി | : മാണ്ടാട് |

സേവനസൗകര്യങ്ങൾ : അലോപ്പതി രംഗത്ത് ഡോക്ടർ, നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ക്ലാർക്ക്, ഹോസ്പിറ്റൽ അറ്റൻഡർ, പാർട് ടൈംസ്വീപ്പർ എന്നീ വിഭാഗങ്ങളിലെ ഒരാൾ വീതം വാഴവറ്റ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ജോലി ചെയ്യുന്നു. ആരോഗ്യപ്രവർത്തനത്തിന് ഫീൽഡ് വിഭാഗത്തിൽ ഒൻപത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും രണ്ട് ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും രംഗത്തുണ്ട്. മാണ്ടാട് പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയിലും ഡോക്ടരുടെ സേവനം ലഭ്യമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ആയുർവേദ ഡിസ്പൻസറി

യുടെ പ്രവർത്തനം കാര്യക്ഷമമല്ല.

**രോഗങ്ങൾ:**

പരിസരശുചിത്വമില്ലായ്മ മൂലവും വ്യക്തിശുചിത്വമില്ലായ്മ മൂലവും ഉണ്ടാകുന്ന രോഗങ്ങൾ വ്യാപകമാണെന്ന് സ്ഥിതിവിവരകണക്കുകൾ വ്യക്തമാക്കുന്നു. ജലജന്യരോഗങ്ങളും വ്യാപകമാണ്. പുകവലി, പുകയില മുറുക്ക് എന്നിവ മൂലം കാൻസർ തുടങ്ങിയ രോഗങ്ങൾ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇതിനെതിരെ ശക്തമായ ബോധവൽക്കരണം അടിയന്തിരപ്രാധാന്യമർഹിക്കുന്നു. എഴുപത്തിയൊന്ന് ആദിവാസികോളനികളടക്കം 77 കോളനികളിലും ജനസാന്ദ്രതയേറിയ മറ്റു ഭാഗങ്ങളിലും കേന്ദ്രീകരിച്ച്, സബ്സെന്ററുകളുടെ നേതൃത്വത്തിൽ ജനകീയ കമ്മറ്റികൾ രൂപീകരിക്കുകയും ബോധവൽക്കരണം കാര്യക്ഷമമാക്കുകയും ആണ് പോംവഴി. അന്ധവിശ്വാസവും അജ്ഞതയും സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന രണ്ടു മഹാവിപത്തുകളാണ്. രോഗം വന്നാൽ ചികിത്സിക്കുന്നതിനു പകരം മന്ത്രവാദവും മറ്റും നടത്തുന്ന രീതി ചില ആദിവാസി മേഖലയിൽ ധാരാളമായി കണ്ടുവരുന്നു.

പട്ടിക 2

മാതൃശിശു സംരക്ഷണം

(അവലംബം: വാഴവറ്റ പ്രാഥമികാരോഗ്യകേന്ദ്രം രേഖകൾ, 31.3.1996ന് ഉള്ള കണക്ക്)

| | |
|---|---|
| മൂന്നുവയസ്സ് പ്രായമുള്ള കുട്ടികൾ: | 1420 |
| 3മുതൽ 5 വയസ് പ്രായമുള്ള കുട്ടികൾ | 980 |
| ഗർഭിണികൾ | : 434 |
| പ്രത്യേക പരിചരണം വേണ്ടുന്ന ഗർഭിണികൾ | : 69 |
| 1995-96 കാലഘട്ടത്തിലെ ജനനം : | 307 |
| ചാപിള്ള | 6 |
| ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ മരണം : | 5 |
| പ്രതിരോധ കുത്തിവെപ്പുകൾ : | BCG : 376 |
| | DPT : 431 |
| | OPV : 431 |
| മീസിൽസ് : | 370 |
| അയേൺഫോളിക് ആസിഡ് കിട്ടിയ കുട്ടികൾ: | 513 |

**കക്കൂസ്:**

പൊതുസ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം രോഗങ്ങൾക്ക് വലിയൊരു കാരണമാകുന്നു. കക്കൂസിന്റെ അഭാവം നമ്മുടെ പഞ്ചായത്തിലെ 60%വീടുകളിലും ഉണ്ടെന്ന് സ്ഥിതിവിവരക്കണക്കുകൾ പറയുന്നു. ആളുകൾ തിങ്ങിപാർക്കുന്ന കോളനി പ്രദേശങ്ങളിൽ കക്കൂസ് സൗകര്യങ്ങൾ ഇല്ലാത്തതുമൂലം പരിസരമലിനീകരണവും ജലജന്യരോഗങ്ങൾക്കു സാദ്ധ്യതയും വളരെയേറെയാണ്. അടിന്തിരപ്രാധാന്യമുള്ള ഒരു പ്രശ്നമായി ഇക്കാര്യം പരിഗണിക്കുകയും കക്കൂസ് നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാൻ പഞ്ചായത്തിന് കഴിയണം. വാഴവറ്റ, മുട്ടിൽ, കാര്യമ്പാടി തുടങ്ങിയ സ്ഥലങ്ങളിൽ മൂത്രപ്പുരകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കണം.

കോളനി പ്രദേശങ്ങളിൽ (ആദിവാസി കോളനികളിൽ വിശേഷിച്ചും) പൊതുകക്കൂസ് നിർമ്മിക്കുകയും അവയുടെ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും വേണം.

പട്ടിക 3

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

(അവലംബം : IRDP സർവ്വേ റിപ്പോർട്ട്)

| | |
|---|---|
| സാനിട്ടറി കക്കൂസ് ഇല്ലാത്ത വീടുകൾ | 2947 |
| വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകൾ | 108 |
| പൂർത്തീകരിച്ചവ | 96 |
| ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം | 2743 |

**പരിസരശുചിത്വം:**

പഞ്ചായത്തിലെ ജനസാന്ദ്രതയേറിയ പ്രദേശങ്ങളായ മുട്ടിൽ, വാഴവറ്റ, കാര്യമ്പാടി എന്നീ സ്ഥലങ്ങളിലെ പരിസരമലിനീകരണം രോഗാതുരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നവയാണ്. പൊതുസ്ഥലങ്ങളിൽ നടത്തുന്ന മത്സ്യവ്യാപാരവും, പൊതുമൂത്രപ്പുരയില്ലായ്മയും ഈ പ്രദേശങ്ങളുടെ മലിനീകരണത്തിൽ വലിയ പങ്കുവഹിക്കുന്നു. പഞ്ചായത്തിൽ അറവുശാലകൾ പ്രത്യേകസ്ഥലങ്ങളിൽ സ്ഥാപിക്കുകയും അറവുമാടുകളെ പരിശോധനക്ക് വിധേയമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം. ഈ പ്രദേശങ്ങളിൽ അഴുക്കുചാലുകൾ

### പട്ടിക 4
### പഞ്ചായത്തിലെ ആദിവാസി കോളനികളുടെ എണ്ണം

| വാർഡ് | കോളനികൾ | | | | |
|---|---|---|---|---|---|
| | പണിയ | കുറുമ | കാട്ടുനായ്ക്ക | കുറിച്യ | ആകെ |
| 1 | 1 | | | | 1 |
| 2 | 3 | 1 | | | 4 |
| 3 | | 2 | | | 2 |
| 4 | 6 | 1 | 3 | | 10 |
| 5 | 5 | | | | 5 |
| 6 | 1 | | | 2 | 3 |
| 7 | 13 | 3 | | | 16 |
| 8 | 3 | 1 | 1 | | 5 |
| 9 | 2 | 1 | | 1 | 4 |
| 10 | 9 | 3 | 1 | | 13 |
| 11 | 7 | 1 | | | 8 |
| ആകെ | 50 | 13 | 5 | 3 | 71 |

അത്യാവശ്യമാണ്. പരിസരശുചിത്വമില്ലായ്മ, കോളനികളിൽ അനവധി രോഗങ്ങൾ പരക്കുന്നതിന് ഇടയാക്കുന്നതായി കാണുന്നു. ഈ മേഖലയിൽ ബോധവൽക്കരണപ്രവർത്തനങ്ങൾക്ക് സംവിധാനമുണ്ടാക്കണം.

പഞ്ചായത്തിലെ സ്വകാര്യ-പൊതുശ്മശാനങ്ങൾക്ക് ചുറ്റുമതിലുകൾ കെട്ടാനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതും, ശ്മശാന സൗകര്യമില്ലാത്ത ആദിവാസികോളനികൾക്ക് ശ്മശാന സൗകര്യമുണ്ടാക്കുന്നതിനായി സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ:**

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ ഒരളവോളം പരിഹരിക്കുന്നതിന് ഇനിപ്പറയുന്ന നിർദ്ദേശങ്ങൾ സഹായകമാകും.

1) വാഴവറ്റ പ്രാഥമികാരോഗ്യകേന്ദ്രം 50 കിടക്കകളോടെ രോഗികളെ കിടത്തി ചികിൽസിക്കാൻ കഴിയുന്ന ആശുപത്രിയാക്കി മാറ്റുക.

2) കുടുംബക്ഷേമ കേന്ദ്രങ്ങളിലും IPP സബ്സെന്ററുകളിലും ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും ഡോക്ടർമാർ വന്ന് രോഗികളെ പരിശോധിച്ച് ചികിത്സ നടത്തുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക. അതിനാവശ്യമായ വാഹനസൗകര്യം ഉണ്ടാക്കുക.

3) മാണ്ടാട് നിലവിലുള്ള ഹോമിയോ ഡിസ്പൻസറിയുടെ ശോചനീയാവസ്ഥ പരിഹരിക്കുക.

4) പരിസരശുചീകരണത്തിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും, മത്സ്യ- മാംസ വിപണനത്തിന് ഈ ജനസാന്ദ്രതയേറിയ മേഖലകളിൽ (മുട്ടിൽ, വാഴവറ്റ, കാര്യമ്പാടി) പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. രോഗമില്ലാത്തവയുടെ മാത്രം മാംസം വില്ക്കാൻ അനുവദിക്കുക.

5) മുട്ടിൽ, വാഴവറ്റ, കാര്യമ്പാടി എന്നിവിടങ്ങളിൽ അഴുക്കുചാലുകൾ നിർമ്മിക്കുക.

6) കോളനികളിൽ പൊതുകക്കൂസ് നിർമ്മിക്കുകയും അവയുടെ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുക. കക്കൂസ് നിർമ്മാണത്തെ പൊതുവിൽ പ്രോത്സാഹിപ്പിക്കുകയും ധനസഹായം നൽകുകയും ചെയ്യുക.

7) പുകവലി, പുകയില ഉപയോഗം എന്നിവക്കെതിരെ സബ്സെന്ററുകൾ കേന്ദ്രീകരിച്ച് ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നിരന്തരം നടത്തുക.

8) ലഭ്യമായ രണ്ട് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ ഹോട്ടലുകളിലെയും മറ്റ് ഭക്ഷണശാലക

ളിലെയും ശുചിത്വനിലവാരം പരിശോധിക്കുക.

9) പ്രൈമറി തലത്തിൽ പൗരത്വ പരിശീലന ക്ലാസുകൾ നിർബ്ബന്ധമാക്കുക.

10) കുടിവെള്ളം അണുവിമുക്തമാണെന്ന് ഉറപ്പാക്കി വിതരണം ചെയ്യുക. ജലദൗർലഭ്യമേഖലകളിൽ കൂടുതൽ കിണറുകൾ കുഴിക്കുക.

11) മുട്ടിൽ പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുക.

12) ഒന്നാം വാർഡിൽ കുടംബക്ഷേമ കേന്ദ്രം സ്ഥാപിക്കുക

13) പഞ്ചായത്തിൽ ഒരു മൊബൈൽ ആശുപത്രി പ്രവർത്തനം ആരംഭിക്കുക.

14) മുട്ടിൽ, കാര്യമ്പാടി, വാഴവറ്റ തുടങ്ങിയ സ്ഥലങ്ങളിൽ പൊതുകക്കൂസും മൂത്രപ്പുരയും നിർമ്മിക്കണം.

## കുടിവെള്ളം

വയനാടു ജില്ലയിൽ ഭൂപ്രകൃതിയിൽ വളരെയേറെ വൈവിധ്യമുള്ള ഒരു പഞ്ചായത്താണ് മുട്ടിൽ പഞ്ചായത്ത്. മുട്ടിൽ നോർത്ത്, സൗത്ത് എന്നീ രണ്ട് റവന്യൂ വില്ലേജുകളിലായി പതിനൊന്ന് വാർഡുകൾ ഈ പഞ്ചായത്തിലുണ്ട്. കുന്നുകളും, മലകളും, ചരിഞ്ഞ പ്രദേശങ്ങളും ആണ് കൂടുതൽ. ചില ഭാഗത്ത് ചതുപ്പുനിലങ്ങളും കാണാം. ഭൂപ്രകൃതിയിലെ ഈ പ്രത്യേകത കൊണ്ടുതന്നെ ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം വളരെയേറെ അനുഭവപ്പെടുന്നു. പഞ്ചായത്തിലെ ജനസംഖ്യയിലെ 50%ത്തോളം കുടിവെള്ളത്തിനായി പൊതുകിണറിനെയോ, പൈപ്പ് ജലത്തെയോ ആണ് ആശ്രയിക്കുന്നത്.

എന്നാൽ ഈ സൗകര്യം പോലും വളരെ പരിമിതമായ തോതിൽ മാത്രമേ ഉള്ളൂ എന്നതാണ് വസ്തുത. വർഷം മുഴുവൻ വെള്ളം കിട്ടുന്ന പൊതുകിണറുകളും കേണികളും വേണ്ടത്രയില്ല ഈ പഞ്ചായത്തിൽ. കുന്നിൻ പ്രദേശങ്ങളിലും മലമുകളിലും താമസിക്കുന്നവർക്ക് കുടിവെള്ളത്തിനായി വളരെദൂരം നടന്നുപോകേണ്ട അവസ്ഥയാണ് ഉള്ളത്. ഇതിനൊരു ശാശ്വതമായ പരിഹാരം കണ്ടെത്തേണ്ടത് അനിവാര്യമാണ്.

പറളിക്കുന്ന്, തിരുനെല്ലിക്കുന്ന് കുമ്പ്ളാട്, കിണ്ടിപ്പാറകുന്ന്, ഈരായികുന്ന്, കല്ലുമൊട്ടക്കുന്ന്, മുണ്ടക്കുറ്റി കുന്ന്, ചേനം കൊല്ലി, കരിയാത്തൻ പാറ എടപ്പെട്ടി കോളനി, ആനപ്പാറ, സ്രാമ്പി കോളനി, മുട്ടിൽ ഹൈസ്ക്കൂൾ പരിസരം, മുട്ടിൽ മല, കുട്ടരംഗലം കുന്ന്, മുട്ടിൽ ടൗൺ, വാര്യാട്കുന്ന്, വെള്ളിത്തോട്, പുഷ്കരൻ കോളനി, കരിങ്കണ്ണിക്കുന്ന്, കല്ലുപാടികുന്ന്, ആവിലാട്ടുകുന്ന്, പട്ടാളികുന്ന്, കടവയൽകുന്ന്, അമ്പലക്കുന്ന്, മലക്കാട് കുന്ന്, ചീപ്രം, കാരാപ്പുഴ, മുരപണിക്കരകുന്ന്, പാലമാളംകുന്ന്, മൂർത്തിക്കുന്ന്-എന്നീ ഉയർന്ന പ്രദേശങ്ങളിലാണ് ഈ പഞ്ചായത്തിൽ കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്.

മേൽപറഞ്ഞ പല സ്ഥലങ്ങളിലും പൊതുകിണറുകളോ, പൈപ്പ് ലൈനുകളോ ഉണ്ടെങ്കിൽ തന്നെയും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ആവശ്യമായത്ര വെള്ളം ലഭ്യമല്ല.

അശാസ്ത്രീയമായ നിർമ്മാണമാണ് ഇതിനു പ്രധാന കാരണം. ഏറ്റവും കൂടുതൽ ജനങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ കിണറുകൾ കുഴിക്കുകയാണെങ്കിൽ ഈ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

ഏകദേശം 67 പൊതു വാട്ടർടാപ്പുകളും 46 പൊതു കിണറുകളും 95 കേണികളും ആണ് ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ളത്. നിരവധി കുഴൽ കിണറുകൾ നിർമ്മിച്ചെങ്കിലും മാണ്ടാട്ടും വാഴവറ്റയിലേതുമൊഴിച്ചുള്ള ഒന്നും പ്രവർത്തനക്ഷമമല്ല.

കിണറുകൾ പലതും ഉപകാരപ്രദമല്ലാത്ത അവസ്ഥയിലാണ്. വെള്ളം വറ്റിയ കിണറുകൾ കൂടുതൽ താഴ്ത്തുന്നതിനോ, കേടായ പൈപ്പ് ലൈനുകൾ നന്നാക്കുന്നതിനോ വേണ്ടത്ര ശുഷ്കാന്തി അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഇത്തരം സമീപനരീതികൾ മാറിയാൽ മാത്രമേ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് അറുതിവരുത്തുവാൻ കഴിയൂ.

പഞ്ചായത്തിൽ നൂറോളം കോളനികൾ ഉണ്ട്. ചില കോളനികളിൽ ജലക്ഷാമം വളരെയേറെ രൂക്ഷമാണ്. ശുദ്ധജലത്തിന്റെ ദൗർലഭ്യം കോളനി മേഖലയിൽ പലതരത്തിലുള്ള ജലജന്യരോഗങ്ങൾക്കും പകർച്ച വ്യാധികൾക്കും കാരണമായിത്തീർന്നിട്ടുണ്ട്. കോളനികളിലെ കുടിവെള്ളക്ഷാമത്തിന് അറുതി വരുത്താത്തിടത്തോളം ആ മേഖലയെ പകർച്ച വ്യാധികളിൽ നിന്നും മാറാരോഗങ്ങളിൽ നിന്നും രക്ഷിക്കുവാൻ സാധിക്കുകയില്ല.

### പരിഹാരമാർഗ്ഗങ്ങൾ:

കുമ്പളാടുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് ഒരു പരിധിവരെ ആ പ്രദേശത്തെ കുടിവെള്ളക്ഷാമത്തിന് അറുതി വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ തൊട്ടടുത്ത പറളിക്കുന്ന്, തിരുനെല്ലി, ചെലഞ്ഞിച്ചാൽ, പരിയാരം എന്നീ പ്രദേശങ്ങളിലേക്ക് ഈ പദ്ധതിയുടെ പ്രയോജനം എത്തിയിട്ടില്ല. ഈ പ്രദേശങ്ങളിലേക്ക് അടിയന്തിരമായി ശുദ്ധജലം എത്തി

ക്കുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കണം പൈപ്പ് ലൈൻ നീട്ടുകയാണെങ്കിൽ തൊട്ടടുത്ത ഒന്നും മൂന്നും വാർഡുകളിലെ ജനങ്ങൾക്ക് വളരെയേറെ ഉപകാര പ്രദമാകുന്ന ഒരു പദ്ധതിയാണ് കുമ്പളാട് ശുദ്ധജല വിതരണപദ്ധതി.

എടപ്പട്ടി കോൽപ്പാറ കുന്നിൻ മുകളിൽ ടാങ്ക് നിർമ്മിച്ചാൽ, എടപ്പെട്ടി, കരിയാത്തൻപാറ, എടപ്പെട്ടി കോളനി എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കുവാൻ കഴിയുന്നതാണ്.

കേരള വാട്ടർ അതോറിട്ടിയുടെ മുട്ടിൽമലയിലുള്ള ശുദ്ധജലവിതരണപദ്ധതി മുട്ടിൽ, കുട്ടമംഗലം, മാണ്ടാട്, കൊളവയൽ എന്നീ പ്രദേശങ്ങളിൽ ബന്ധപ്പെട്ട് കിടക്കുന്നു. പാറക്കൽ, എടപ്പെട്ടി ഭാഗങ്ങളിലേക്കും ഇതിന്റെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പൈപ്പ്ലൈൻ നീട്ടേണ്ടതാണ്.

തൂമുള്ളി ശുദ്ധജല വിതരണപദ്ധതി പഞ്ചായത്തിലെ 9, 10 വാർഡുകളിലെ ജനങ്ങൾക്ക് ഒരു പരിധിവരെ പ്രയോജനപ്പെടുന്നു. ഈ പദ്ധതി പതിനൊന്നാം വാർഡിലേക്ക് വ്യാപിപ്പിച്ച്, ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. മുട്ടിൽ മലയിലെ വറ്റാത്ത നീരുറവയിൽ നിന്ന് പൈപ്പുവഴി ജനങ്ങൾ ജലം ശേഖരിക്കുന്നുണ്ട്. അവിടെ ടാങ്ക് നിർമ്മിച്ച് പൈപ്പിടുകയാണെങ്കിൽ, പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മുട്ടിൽ മലയിലേയും, കുട്ടമംഗലം കുന്നിലേയും നിവാസികൾക്ക് വളരെയേറെ ഉപകാരപ്രദമായിരിക്കും.

പഞ്ചായത്തിന്റെ കീഴിൽ വാഴവറ്റയിൽ നിർമ്മിച്ച ശുദ്ധജലവിതരണപദ്ധതി, കരിങ്കണ്ണിക്കുന്ന്, പാക്കം, കാരാപ്പുഴ എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്കു കൂടി ഉപകാരപ്രദമാകുന്ന രീതിയിൽ പൈപ്പ് ലൈൻ നീട്ടേണ്ടതാണ്.

മംഗലംകുന്ന്, പനങ്കണ്ടി, കാര്യമ്പാടി, 50–ാംമൈൽ കോളനി, കൊളവയൽ, നെന്മേനി ഞാത്തുമ്മൽ കോളനികൾ എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മാനിക്കുനിയിൽ വാട്ടർടാങ്ക് നിർമ്മിച്ചാൽ മതി. അതിനുള്ള എല്ലാത്തരത്തിലുള്ള അനുകൂലഘടകങ്ങളും അവിടെയുണ്ട്.

8, 9, 10 വാർഡുകളിലെ ജലക്ഷാമം ഒരു വിധം പരിഹരിക്കുന്നമലക്കാട് ശുദ്ധജലപദ്ധതി പതിനൊന്നാം വാർഡിലേക്കും വ്യാപിപ്പിക്കാവുന്നതാണ്. കൂടാതെ തെനേരി, വാര്യാട്കുന്ന്, വെള്ളിത്തോട്, കയ്പാടം എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനും ഈ പദ്ധതിക്ക് കഴിയും.

പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്നതിനുള്ള ഒരു വൻ പദ്ധതിക്ക് എല്ലാസാദ്ധ്യതകളും ഉള്ള ഒന്നാണ് മുട്ടിൽ മലയിലെ കരിയാത്തൻപാറയുടെ മുകൾ ഭാഗത്തുള്ള വറ്റാത്ത നീരുറവ പമ്പിംഗ് ഇല്ലാതെ തന്നെ നടത്താൻ കഴിയുന്ന ഒന്നാണിത്. ഏകദേശം 10 ലക്ഷം രൂപ ഉണ്ടെങ്കിൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാവുന്നതേയുള്ളു.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലും പൈപ്പ്ലൈൻ ഉണ്ടെങ്കിലും ടാപ്പിൽനിന്ന് വരുന്ന ജലം പലപ്പോഴും കുടിക്കുവാൻ പറ്റാത്തവിധം അശുദ്ധമാണ്. നിറവ്യത്യാസത്തോടു കൂടിയുള്ള ജലമാണ് ലഭിക്കുന്നത്. ഇത് ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു. പല രോഗങ്ങൾക്കും കാരണമായിതീരുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജലശുദ്ധീകരണം ആവശ്യമാണ്.

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ ഒന്നായ കുടിവെള്ളത്തിന്റെ അപര്യാപ്തത നാടിന്റെ വികസനത്തിനു തന്നെ വിഘാതമായി നിൽക്കും. ഏത് വിധത്തിലെങ്കിലും ഇത് പരിഹരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

**നിർദ്ദേശങ്ങൾ**

1. നിലവിലുള്ള കിണറുകളും കുളങ്ങളും ആഴം കൂട്ടി വെള്ളം ലഭ്യമാക്കുക.

2. പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും പഞ്ചായത്തിന്റെ കീഴിലാക്കുക.

3. കോട്ടത്തറ പഞ്ചായത്തിലെ തേന മൂലക്കുന്നിലുള്ള ജലസ്രോതസ്സിൽ നിന്നും ജലം പമ്പു ചെയ്തു മടക്കിമല, പറളിക്കുന്ന് ഭാഗങ്ങളിൽ എത്തിക്കുക.

4. പനങ്കണ്ടി, ഊരപ്പാക്കുന്ന്, ഓലയിടം കുന്ന്, മലങ്കര മുണക്കത്തിക്കുന്ന് എന്നിവിടങ്ങളിൽ കിണറുകൾ കുഴിക്കുക.

5. പനങ്കണ്ടിസ്കൂൾ, കുറുമകൊല്ലി കോളനികൾ എന്നിവിടങ്ങളിൽ ജലം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

6. മാനിക്കുനി, പനങ്കണ്ടി ഭാഗത്തുള്ള ജലക്ഷാമം പരിഹരിക്കുന്നതിന് മാനിക്കുനി ാഗത്ത് ടാങ്ക് പണിയുക.

7. വീടുകൾക്ക് പൈപ്പുകണക്ഷൻ നൽകുന്നതിന് അധികൃതർ തയ്യാറാവേണ്ടതാണ്.

8. മുട്ടിൽ മലയിൽ നിലവിലുള്ള ജലസംഭരണിയിലെ

| വാർഡ് | നിലവിലുള്ള സൗകര്യങ്ങൾ | പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|---|
| I | കിണറുകൾ | കൈപ്പാട്ടുകുന്ന്, കിണ്ടിപ്പാറകുന്ന്, കണ്ണമ്പാറകുന്ന്, ഈതറകുന്ന്, കിണർവേണം, കേണിവേണം. | 5 കിണറുകളും 2കേണിയും വേണം. കുമ്പളാട് ജലവിതരണപദ്ധതി 1ാം വാർഡിലേക്ക് നീട്ടണം, 1 കുഴൽകിണർവേണം. |
| II | ടാപ്പുകൾ, കിണറുകൾ കേണികൾ | ഉയർന്നപ്രദേശങ്ങളിൽ ജലദൗർലഭ്യത | 2 കുഴൽകിണർ, 6 കിണറുകൾ വേണം, ടാപ്പുകൾ നീട്ടണം. |
| III | ടാപ്പുകൾ കിണറുകൾ | നിലവിലുള്ള ടാപ്പുകളിൽ വെള്ളമില്ല. ചെരനെല്ലൂർ കോളനി, മുണ്ടക്കുറ്റിക്കുന്ന് M.K റോഡിലേക്ക് പൈപ്പില്ല. | കിണറുകൾ വേണം. പൈപ്പ് ലൈൻ നീട്ടുകയും നിലവിലുള്ളവയിൽ യഥേഷ്ടം വെള്ളം കിട്ടാൻ സംവിധാനം വേണം |
| IV | കിണറുകൾ കേണികൾ | ജലക്ഷാമം രൂക്ഷം. സംവിധാനങ്ങൾ ഇല്ല. | കോൽപാറ കുന്നിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് വഴി വെള്ളം എത്തിക്കണം, കോൽപാറ, എടപ്പെട്ടി, അമ്പലക്കുന്ന്, കരിയാത്തൻപാറ എന്നിവിടങ്ങളിൽ ടാപ്പ് ഇടുക |
| V | കിണറുകൾ കേണികൾ ടാപ്പുകൾ | ജലശേഖരണത്തിനായി 3/4 കിലോമീറ്ററോളം സഞ്ചരിക്കണം. | മുട്ടിൽ മലയിലെ ജലം സംഭരിച്ച് പൈപ്പുവഴി എല്ലാ സ്ഥലത്തും ജലം എത്തിക്കുക 2 കിണർ 4 കേണി 1കുഴൽകിണർ. |
| VI | ടാപ്പ്, കിണറുകൾ കേണികൾ | ജലസ്രോതസ്സുകളുണ്ടെങ്കിലും ആവശ്യത്തിന് ജലം കിട്ടുന്നില്ല. | മുട്ടിൽ മലയിലെ ജലം സംഭരിച്ച് കുട്ടമംഗലം, മലയോരങ്ങൾ എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക 5 കിണർ 2 കുഴൽ കിണർ |
| VII | ടാപ്പുകൾ കിണറുകൾ കേണികൾ | പനങ്കണ്ടിക്കുന്നിലും മംഗലം കുന്നിലും പൈപ്പുവെള്ളംകിട്ടുന്നില്ല. | മാനിക്കുനി ജലവിതരണ പദ്ധതിക്ക് അഡീഷണൽ ടാങ്ക് പണിയുക. 7 കിണറുകൾ വേണം. 12 കേണികൾ വേണം |
| VIII | കിണറുകൾ കേണികൾ | പുഷ്കരൻ കോളനി, കരുമാലിക്കുന്ന്, വെള്ളമില്ല. | കിണറുകളും കേണികളും കുഴിക്കണം. പൈപ്പ് ലൈൻ സ്ഥാപിക്കണം |
| IX | ടാപ്പ്, കിണർ കേണി. | ആവിലാട്ടുക്കുന്ന്, പട്ടമ്പികുന്ന്, കടവയൽ, കരിങ്കണ്ണിക്കുന്ന്, കല്ലുവാടികുന്ന്, ആക്കമാറ്റംകുന്ന്, പന്നിക്കുഴി, അമ്പലക്കുന്ന്, കോളേരിക്കുന്ന് ശുദ്ധജലക്ഷാമം. | പൈപ്പ് ലൈൻ നീട്ടി 7 ടാപ്പുകൾ സ്ഥാപിക്കുക. കിണറുകൾ നന്നാക്കുക. 3 പുതിയ കിണറുകൾ കുഴിക്കുക. വീടുകൾക്ക് പൈപ്പ് കണക്ഷൻ നല്കുക |
| X | കിണറുകളും പൈപ്പും | കിണറുകളിൽ വെള്ളമില്ല. പൈപ്പ് ലൈനിൽ ടാപ്പ്സ്ഥാപിച്ചിട്ടില്ല. | കിണറുകൾ നന്നാക്കുക, പുതിയവ കുഴിക്കുക ടാപ്പുകൾ സ്ഥാപിക്കുക |
| XI | കിണറുകൾ, ടാപ്പുകൾ. | കിണറുകളിൽ വെള്ളമില്ല. | 8 കിണറുകൾ കുഴിക്കണം. 7 ടാപ്പുകൾ സ്ഥാപിക്കുക |

മലിനീകരണം തടയുന്നതിന് കമ്പിവേലി കെട്ടി സംരക്ഷിക്കുക.

9. ജലവിതരണത്തിന് PVC പൈപ്പ് മാത്രം ഉപയോഗിക്കുക.



# വിദ്യാഭ്യാസം

1981ൽ വയനാട് റവന്യൂ ജില്ല നിലവിൽവന്നു. നൂറ്റാണ്ടുകളുടെ ചരിത്രഗതിയിൽ എവിടെയോ പുറന്തള്ളപ്പെട്ടുപോയ ആദിവാസി സമൂഹവും ആധുനികകാലത്ത് കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും എത്തിപ്പെട്ടകുടിയേറ്റക്കാരും ഇവിടെ ഒരു സമ്മിശ്ര സംസ്കാരം സൃഷ്ടിക്കുന്നു. വയനാട്ടിലെ പ്രധാന പാതയായ കോഴിക്കോട് മൈസൂർ റോഡ് ജില്ലാ തലസ്ഥാനമായ കൽപറ്റ നഗരസഭയുടെ അതിർത്തിമുതൽ മുട്ടിൽ ഗ്രാമപഞ്ചായത്തിനെ രണ്ടായി പിളർത്തിക്കൊണ്ട് കടന്നുപോകുന്നു. ആധുനിക കുടിയേറ്റത്തിനുമുൻപ് മുട്ടിൽ ഗ്രാമപഞ്ചായത്തിന്റെ മിക്ക പ്രദേശവും നിബിഡവനങ്ങളായിരുന്നു. ആദിവാസികളും വയനാടൻ ചെട്ടി വിഭാഗത്തിൽപ്പെട്ട ആളുകളും അവരുടെ തനതായ ആചാരാനുഷ്ഠാനങ്ങളോടെ ഇവിടെ ജീവിച്ചുപോന്നു. കാടിനോടും കാട്ടുമൃഗങ്ങളോടും ഏറ്റുമുട്ടി കാലം കഴിച്ച അവർക്ക് അക്ഷരജ്ഞാനം അന്യമായിരുന്നു.

ഇന്നത്തെ കാക്കവയൽ ഗവഃ ഹൈസ്കൂളിന്റെ പൂർവ്വരൂപമായ വെൽഫയർ എൽ. പി സ്കൂളും മാണ്ടാട് ഗവഃ എൽ. പി സ്കൂളുമാണ് മലബാർ ഡിസ്ട്രിക്ട് ബോർഡിനു കീഴിലുണ്ടായിരുന്ന ആദ്യവിദ്യാലയങ്ങൾ. സ്വാതന്ത്ര്യലബ്ധിക്കുശേഷം പൊതുകാര്യപ്രവർത്തകനും വിദ്യാഭ്യാസ തല്പരനും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന പരേതനായ ശ്രീ. എ. വി. രാധാഗോപിമേനോൻ തന്റെ പ്രവർത്തനം വിദ്യാഭ്യാസമേഖലയിലേക്ക് തിരിച്ചു. അദ്ദേഹം ആരംഭിച്ച ഒൻപതു പ്രൈമറി സ്കൂളുകളിൽ മുട്ടിൽ, വാഴവറ്റ, പറളിക്കുന്ന് എന്നീ വിദ്യാലയങ്ങളും ഉൾപ്പെടുന്നു. മുട്ടിൽ ഗ്രാമത്തിൽ ഒരു അപ്പർ പ്രൈമറിസ്കൂൾ ഉണ്ടാകുവാൻ വീണ്ടും കേരളപ്പിറവിവരെ കാത്തിരിക്കേണ്ടി വന്നു. വാഴവറ്റ, മുട്ടിൽ, പനങ്കണ്ടി എന്നീ സ്കൂളുകൾ യു. പി. സ്കൂളുകളായി ഉയർത്തപ്പെട്ടത് 1957 നു ശേഷമാണ്.

1968ൽ വയനാട് മുസ്ലീം ഓർഫനേജ് ഹൈസ്കൂൾ സ്ഥാപിക്കുന്നത് വരെ പഞ്ചായത്തിലെ വിദ്യാർത്ഥികൾ മീനങ്ങാടി, അമ്പലവയൽ, മേപ്പാടി, കല്പറ്റ എന്നിവിടങ്ങളിലെ ഹൈസ്കൂളുകളെയാണ് വിദ്യാഭ്യാസത്തിനായി ആശ്രയിച്ചിരുന്നത്.

1980കളിൽ കാക്കവയൽ ഗവഃ യു. പി. യും, പനങ്കണ്ടി ഗവഃ യു. പി യുംഹൈസ്കൂളുകളായി ഉയർത്തപ്പെട്ടതോടെ സെക്കന്ററി വിദ്യാഭ്യാസത്തിനുള്ള സാദ്ധ്യതവിപുലപ്പെട്ടു. 1994ൽ മുട്ടിൽ W. O. H. S വെക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. ഇപ്പോൾ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ 12 പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ഇവയെല്ലാം കൂടി.

| | |
|---|---|
| ഹയർ സെക്കണ്ടറി | 1 |
| ഹൈസ്കൂൾ | 3 |
| യു. പി. | 5 |
| എൽ. പി. | 11 |

എന്നീക്രമത്തിൽ പഠനസൗകര്യമുണ്ട്.

ഇതിനു പുറമെ L. K. G മുതൽ 10ാം തരം വരെ ക്ലാസ്സുകളുള്ള ഒരു അംഗീകൃത ഇംഗ്ലീഷ് മീഡിയം വിദ്യാലയവും ഇവിടെ പ്രവർത്തിക്കുന്നു.

ഉപരി പഠനത്തിന് യാതൊരു സൗകര്യവുമില്ലാതിരുന്ന നമ്മുടെ പഞ്ചായത്തിൽ 1995ൽ വയനാട് മുസ്ലിം ഓർഫനേജ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിച്ചു. ഇവിടെ ഡിഗ്രിതലത്തിൽ ഫിസ്ക്സ്, ഇലക്ട്രോണിക്സ്, അറബിക് എന്നീ കോഴ്സുകളാണുള്ളത്.

പഞ്ചായത്തിലുള്ള ഏകസർക്കാർ സാങ്കേതിക പരിശീലനസ്ഥാപനം വാഴവറ്റ (പാക്കം) പ്രവർത്തിക്കുന്ന കാർപ്പന്ററി പരിശീലനകേന്ദ്രമാണ്. ഇതാകട്ടെ ITDP യുടെ കീഴിലുള്ളതാകയാൽ പട്ടികവർഗ്ഗവിഭാഗത്തിനു മാത്രമുള്ളതാണ്. മുട്ടിൽ ഓർഫനേജിൽ വിവിധതൊഴിൽ പരിശീലനങ്ങൾ നടത്തുന്നുണ്ട് അവയും അന്തേവാസികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

കുട്ടികളുടെ പഠനപുരോഗതിയിൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ പങ്ക് നിർണ്ണായകമാണ്. അങ്കൺവാടികൾക്ക് ഈ രംഗത്ത് വലിയ സംഭാവനകൾ നൽകാൻ കഴിയും. ഈ പഞ്ചായത്തിൽ ഇപ്പോൾ 15 അങ്കൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ വാഴവറ്റ, പാക്കം, കൊളവയൽ, തെനേരി എടപ്പട്ടി എന്നിവിടങ്ങളിൽ നേഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നു. ഇവയ്ക്കെല്ലാം തന്നെ സ്ഥലസൗകര്യക്കുറവിന്റെയും കളിക്കോപ്പുകളുടെ ദൗർലഭ്യത്തിന്റേയും പ്രശ്നമുണ്ട്. ഗ്രാമപഞ്ചായത്തിലെ ജനസംഖ്യാനുപാതം നോക്കിയാൽ ഇനിയും ഏതാനും അങ്കൺവാടികൾ കൂടി അടിയന്തിരമായും ആരംഭിക്കേണ്ടിയിരിക്കുന്നു.

പട്ടികവർഗ്ഗവിഭാഗങ്ങളിലും മുസ്ലീം സ്ത്രീകളിലും അക്ഷരാഭ്യാസമില്ലാത്തവരുടെ തോത് കൂടുതലാണെന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. 90ലെ സാക്ഷരതായജ്ഞം ഇതിനെതിരായപ്രവർത്തനത്തിന് ആരംഭം കുറിച്ചിരുന്നെങ്കിലും അത് ഫലപ്രമായി തുടരാൻ കഴിയാതെ പോയത് ഈരംഗത്തുണ്ടാക്കിയ പരിമിതമായ നേട്ടംപോലും നഷ്ടപ്പെടുത്തി. ഇപ്പോൾ പഞ്ചായത്തിൽ 10 മുതൽ 15 ശതമാനം വരെ നിരക്ഷരരുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിനേക്കാൾ ഗൗരവത്തോടെ പരിഗണിക്കേണ്ട മറ്റോരു വസ്തുതയാണ് വിദ്യാലയങ്ങളിലെ നിരക്ഷരത. നാലാം തരം കഴിഞ്ഞ കുട്ടികളിൽ നല്ലൊരു വിഭാഗത്തിന് അക്ഷരജ്ഞാനം ആർജ്ജിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ കുട്ടികൾ തുടർന്നുള്ള ക്ലാസ്സുകളിൽ പിന്തള്ളപ്പെട്ടുപോകുന്നത് സ്വാഭാവികമാണല്ലോ.

സാമൂഹ്യ സാമ്പത്തികകാരണങ്ങളാൽ ഒരു ചെറിയ ശതമാനം കുട്ടികൾ ഇടക്കുവച്ചു പഠനം നിർത്തുന്നതായി കാണുന്നുണ്ട്. ഇതുപോലെ ഗൗരമായി പരിഹരിക്കേണ്ട മറ്റൊരു പ്രശ്നമാണ് ക്ലാസ്സുകളിലെ ഹാജർക്കുറവ് പട്ടികവർഗ്ഗവിദ്യാർത്ഥികളിലും സാമ്പത്തിക പിന്നോക്കം നിൽക്കുന്നവരിലും ഈ പ്രവണത കൂടിതലായി കാണുന്നു.

ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് ഗ്രാമസഭകളിലെ ചർച്ച, സ്കൂളുകളിൽനിന്നും ശേഖരിച്ചവിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. എല്ലാ ഗ്രാമസഭകളിലും വിദ്യാഭ്യാസത്തെ സംബന്ധിച്ച് ചർച്ച സംഘടിപ്പിക്കുകയുണ്ടായി. സ്കൂളുകളുടെ ലഭ്യത, സ്വഭാവം, അക്കാദമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക അക്കാഡമിക് സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് പൊതുവായി ചർച്ചചെയ്യപ്പെട്ടു. സാമ്പത്തികസാമൂഹ്യ ചുറ്റുപാടുകൾ പാഠപുസ്തകങ്ങളുടെ ലഭ്യത സ്കൂളുകളുടെ പ്രവർത്തനശൈലി, അദ്ധ്യാപകരുടെ കാര്യക്ഷമത, അദ്ധ്യാപക രക്ഷകർത്തൃസമിതി, മാനേജുമെന്റുകളുടെ പ്രവർത്തനം, പുതിയ സ്കൂളുകളുടെ ആവശ്യകത, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിത്യാദി വിഷയങ്ങളും ചർച്ചയിൽ പരിഗണിക്കപ്പെടുകയുണ്ടായി.

ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതികവും അക്കാഡമികവുമായ സൗകര്യങ്ങൾ തൃപ്തികരമല്ല. മെച്ചപ്പെട്ട SSLC വിജയശതമാനം നിലനിർത്തുന്ന കാക്കവയൽ ഗവഃ ഹൈസ്കൂളിനു സ്ഥലസൗകര്യമില്ലായ്മ വലിയ പ്രശ്നം സൃഷ്ടിക്കുന്നു. ഈ വിദ്യാലയത്തിന് ആവശ്യമുള്ളതിന്റെ പകുതി ക്ലാസ്സ് മുറികൾ പോലും നിലവിലില്ലാത്തതിനാൽ വർഷങ്ങളായി ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു. മാത്രമല്ല പ്രൈമറി വിഭാഗം ഒരു കിലോമീറ്റർ അകലെയുള്ള വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് സ്കൂളുകളിലെ വേർതിരിച്ച ക്ലാസ്സമുറികളുടെ അഭാവം കുട്ടികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്നു. കുടിവെള്ളം സുലഭമായി ലഭിക്കുന്ന വിദ്യാലയങ്ങൾ മുട്ടിൽ യു.പി. ഹൈസ്കൂളുകളാണ്. മറ്റുമിക്കതിനും കിണർ സൗകര്യം ഉണ്ടെങ്കിലും വെള്ളത്തിന്റെ ലഭ്യത തൃപ്തികരമല്ല. മൂത്രപ്പുര, കക്കൂസ്, തുടങ്ങിയവയുടെ കാര്യവും പര്യാപ്തമല്ല. വൈദ്യുതിലഭ്യമായിട്ടുള്ളത് മൂന്ന് ഹൈസ്കൂളുകളിലും മുട്ടിൽ, വാഴവറ്റ, എന്നീ U. P സ്കൂളുകളിലും മാത്രമാണ്. ബ്ലാക്ക്ബോർഡ്, മാപ്പുകൾ, ചാർട്ടുകൾ തുടങ്ങിയബോധന ഉപാധികൾ എല്ലാ സ്കൂളുകളിലും ലഭ്യമാണ്. എന്നാൽ ലൈബ്രറി, ലാബ് എന്നിവയുടെ പ്രവർത്തനം ഒരു വിദ്യാലയത്തിലും കാര്യക്ഷമമല്ല. എല്ലാ

ഹൈസ്കൂളുകളിലും യു.പി. സ്കൂളുകളിലും പരിമിതമായപുസ്തകശേഖരം ഉണ്ടെങ്കിലും അവ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നില്ല എന്നത് പരിഹരിക്കേണ്ട ന്യൂനതയാണ്. കാക്കവയൽ ഹൈസ്കൂളിൽ കമ്പ്യൂട്ടർ സൗകര്യമുള്ളതൊഴിച്ച് മറ്റൊരു സ്കൂളിലും ആധുനികബോധന ഉപാധികളൊന്നും ലഭ്യമല്ല.

വിദ്യാർത്ഥികളുടെ പഠനനിലവാരം മിക്കസ്കൂളുകളിലും വളരെ മോശമാണ്. മൂന്ന് ഹൈസ്കൂളുകളിലെയും SSLC വിജയനിരക്ക് ഇത് വ്യക്തമാക്കുന്നു. പ്രായേണ ഉയർന്ന വിജയനിലവാരം നിലനിർത്തുന്ന കാക്കവയൽ ഗവഃ ഹൈസ്കൂളിൽപോലും ഉയർന്ന മാർക്കു വാങ്ങി ജയിക്കുന്ന കുട്ടികളുടെ എണ്ണം തുലോം പരിമിതമാണ്. ഇത് മിക്ക കുട്ടികളുടേയും ഉന്നതവിദ്യാഭ്യാസത്തിനുള്ള സാദ്ധ്യത മുടക്കുന്നു.

പഠന നിലവാരതാഴ്ചക്കുള്ള പ്രധാന കാരണം സാമൂഹ്യ പിന്നോക്കാവസ്ഥ തന്നെയാണ്. ഇതോടൊപ്പം വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസത്തെക്കുറിച്ചുള്ള രക്ഷിതാക്കളുടെ അവബോധമില്ലായ്മ, അധ്യാപകരുടെ കൂട്ടായ പ്രവർത്തനത്തിന്റെ അഭാവം, മേലുദ്യോഗസ്ഥൻമാരുടെ കാര്യക്ഷമമായ പരിശോധനയുടെ കുറവ് രക്ഷാകർത്തൃസമിതിയുടെ നിസംഗത എന്നിവയും ഇതിനു കാരണമായി കണാവുന്നതാണ്. ഇതിനു പുറമെ ദൃശ്യമാധ്യമങ്ങളുടെ വ്യാപനവും നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരവും കുട്ടികളിൽ പഠനശീലം കുറയുവാൻ കാരണമാകുന്നുണ്ട്.

മുട്ടിൽ, വാഴവറ്റ, കാക്കവയൽ എന്നീ വിദ്യാലയങ്ങൾ ഉപജില്ല, ജില്ല, സംസ്ഥാനതലങ്ങളിൽ മികച്ചപ്രകടനങ്ങൾ കാഴ്ചവെച്ചവയാണ്. സ്കൂൾ ശാസ്ത്രമേളയിൽ പനങ്കണ്ടി ഗവഹൈസ്കൂൾ സംസ്ഥാനതലത്തിലും, മുട്ടിൽ, കാക്കവയൽ സ്കൂൾ ജില്ലാതലത്തിലും സമ്മാനങ്ങൾ നേടിയിട്ടുണ്ട്.കാക്കവയൽ ഗവഃ ഹൈസ്കൂൾ പലപ്പോഴും ജില്ലാ സ്കൂൾ സ്പോർട്സ് മത്സരങ്ങളിൽ ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ ചേർക്കുവാൻ താൽപര്യമുള്ളവരാണ്. എന്നാൽ സ്കൂളുകളുടെ അനാകർഷകത്വം, പഠനനിലവാരത്തിന്റെ താഴ്ച, സമൂഹത്തിൽ സമീപകാലത്തുവന്ന മാറ്റം എന്നിവയുടെ ഫലമായി ഒരു ചെറിയ വിഭാഗം കുട്ടികൾ മുട്ടിൽ, മീനങ്ങാടി, കൽപ്പറ്റ എന്നിവിടങ്ങളിലെ ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാലയങ്ങളെ ചടുലവും ആകർഷകവും ആക്കുന്നതിലൂടെ മാത്രമേ ഈ പ്രവണത അവസാനിപ്പിക്കുവാൻ കഴിയുകയുള്ളു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, വരുന്ന അഞ്ചുവർഷകാലത്തേക്ക് നടപ്പാക്കേണ്ടവിദ്യാഭ്യാസപ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1. 4ാം വാർഡിൽ അമ്പലക്കുന്നിൽ ഒരു L.P. സ്കൂൾ ആരംഭിക്കുക.

2. മാണ്ടാട് പറളിക്കുന്ന് എന്നീ L.P സ്കൂളുകൾ U. P. സ്കൂളുകളായി ഉയർത്തുക.

3. എല്ലാL.P. സ്കൂളുകളോടനുബന്ധിച്ചും ശാസ്ത്രീയമായ രീതിയിൽ പ്രീപ്രൈമറി സ്കൂളുകൾ തുടങ്ങുകയും നിലവിലുള്ളതിന് അംഗീകാരം നൽകുകയും ചെയ്യുക.

4. വാഴവറ്റ, പരിയാരം സ്കൂളുകളെ ഹൈസ്കൂളുകളായി ഉയർത്തുക.

5. കാക്കവയൽ, പനങ്കണ്ടി, വാഴവറ്റ സ്കൂളുകളിൽ പ്ലസ് ടു സൗകര്യം ഏർപ്പെടുത്തുക.

6. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കലാകായികമത്സരങ്ങൾ സംഘടിപ്പിക്കുകയും കഴിവുള്ളകുട്ടികൾക്കായി പ്രത്യേകപരിശീലനപരിപാടി സംഘടിപ്പിക്കുകയും ചെയ്യുക.

7. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം പുനരാരംഭിക്കുക.

8. സ്കൂളുകളിൽ പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കുക.

9. ഉച്ചക്കഞ്ഞിവിതരണത്തിന്റെ ഉത്തരവാദിത്വം പൂർണ്ണമായും P.T.A. സഹകരണത്തോടു കൂടി പഞ്ചായത്ത് ഏറ്റെടുക്കുക.

10. പനങ്കണ്ടി ഹൈസ്കൂൾ, കാക്കവയൽ ഹൈസ്കൂൾ , മാണ്ടാട് എൽ.പി. സ്കൂൾ എന്നിവക്ക് ആവശ്യമായ പുതിയകെട്ടിടങ്ങൾ നിർമ്മിക്കുക.

11. സ്കൂൾ കെട്ടിടങ്ങളുയടെ അറ്റകുറ്റപണികൾ യഥാവസരം പൂർത്തിയാക്കുക.

12. വിദ്യാലയങ്ങൾക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

## വിദ്യാർത്ഥികൾ അധ്യാപകർ പൊതുസൗകര്യങ്ങൾ

### പട്ടിക-1

| നമ്പർ | സ്കൂൾ | ഉടമസ്ഥത | വിദ്യാർത്ഥികൾ | | | പട്ടികജാതി-പട്ടികവർഗ്ഗം | | | അധ്യാപകർ | മൂത്രപ്പുര | ഉപയോഗശൂന്യമായ കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | B | G | T | B | G | D | | | | | |
| 1 | G.H.S. കാക്കവയൽ | Govt | 1018 | 886 | 1904 | 242 | 207 | 444 | 61 | 2 | 2 | ഉണ്ട് | ഉണ്ട് |
| 2 | G.H.S. പനങ്കണ്ടി | Govt | 511 | 545 | 1056 | 155 | 150 | 305 | 38 | 2 | 2 | പരിമിതം | ഉണ്ട് |
| 3 | G.U.P.S.പരിയാരം | Govt | 204 | 239 | 503 | 24 | 26 | 50 | 18 | 1 | - | ഇല്ല | ഉണ്ട് |
| 4 | G.L.P.S. കല്ലുപാടി | Govt | 54 | 51 | 105 | 12 | 18 | 30 | 4 | 2 | 1 | ഇല്ല | ഇല്ല |
| 5 | G.L.P.S മാങ്ങാട് | Govt | 106 | 90 | 196 | 18 | 24 | 42 | 6 | 2 | 2 | ഉണ്ട് | ഇല്ല |
| 6 | G.L.P.S.കാര്യമ്പാടി | Govt | 83 | 79 | 162 | - | - | - | 5 | 2 | 2 | ഉണ്ട് | ഇല്ല |
| 7 | W.H.O.S മുട്ടിൽ | Aided | 324 | 472 | 796 | 22 | 23 | 45 | 40 | 4 | 6 | ഉണ്ട് | ഉണ്ട് |
| 8 | A.U.P.S.വാഴവറ്റ | Aided | 382 | 326 | 708 | 131 | 111 | 242 | 22 | 2 | 2 | ഉണ്ട് | ഉണ്ട് |
| 9 | W.O.U.P.S മുട്ടിൽ | Aided | 702 | 640 | 1342 | 62 | 61 | 123 | 41 | 2 | 0 | ഉണ്ട് | ഉണ്ട് |
| 10 | SSLPS വാഴവറ്റ | Aided | 48 | 61 | 109 | 15 | 17 | 32 | 4 | 2 | 1 | ഉണ്ട് | ഇല്ല |
| 11 | .S.G.L.P.S.കൊളവയൽ | Aided | 78 | 69 | 147 | 40 | 25 | 65 | 4 | 1 | 1 | ഇല്ല | ഇല്ല |
| 12 | A.L.P.S.പറളിക്കുന്ന | Aided | 112 | 126 | 238 | 30 | 30 | 60 | 9 | 1 | 1 | ഇല്ല | ഇല്ല |
| | മൊത്തം | | 3682 | 3584 | 7266 | 751 | 672 | 1323 | 252 | 23 | 20 | | |

13. സ്കൂളുകളിൽ ആധുനികബോധനഉപാധിക ളുടെയും ദൃശ്യ ശ്രവ്യമാധ്യമങ്ങളുടെയും ലഭ്യത ഉറപ്പാക്കുക.

14. അധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ച് 1:3 ആക്കുക

15. പി. ടി. എ. കളുടെയും മദർ പി. ടി.എ കളുടെയും പ്രവർത്തനം സജീവമാക്കുവാൻ യത്നിക്കുകയും രക്ഷിതാക്കളിൽ ആധുനിക വിദ്യാഭ്യാസത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുക.

16. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കൂടുതൽ ഹോസ്റ്റലുകൾ ഏർപ്പെടുത്തുകയും അവയുടെ സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.

17. പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

18. പാക്കത്തുപ്രവർത്തിക്കുന്ന പട്ടികവർഗ്ഗ സാങ്കേതികപരിശീലനസ്ഥാപനത്തിനു സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

19. തുടർ സാക്ഷരതപ്രവർത്തനം വ്യാപിപ്പിക്കുക.

20. ഗ്രന്ഥശാലാ പ്രവർത്തനം വ്യാപിപ്പിക്കുകയും ഗ്രന്ഥശാലകൾക്ക് ദൃശ്യശ്രവ്യ ഉപകരണങ്ങളും പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

21. കളിസ്ഥലങ്ങളില്ലാത്ത പരിയാരം ഗവഃ യു. പി, കല്ലുപാടി ഗവഃഎൽ. പി എന്നിവക്ക് കളിസ്ഥലങ്ങളിൽ ഉണ്ടാക്കുകയും പനങ്കണ്ടി ഗവ. ഹൈസ്കൂൾ, മാണ്ടാട് ഗവഃ എൽ. പി, കാര്യമ്പാടി ഗവഃ എൽ. പി. എന്നിവിടങ്ങളിലെ കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

22. സ്കൂളുകളിലെ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്കും ഇടക്കുവച്ചു പഠനം നിർത്തിയവർക്കും വേണ്ടി തൊഴിലധിഷ്ഠിത പുനർവിദ്യാഭ്യാസത്തിനു സൗകര്യം ഉണ്ടാക്കേണ്ടതാണ്. ഇതിനായി പ്രാദേശികതൊഴിൽസാദ്ധ്യതകളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുകയും ഫലപ്രദമായകർമ്മപരിപാടികൾ ആവിഷ്കരിക്കുകയും വേണം.

സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക, സ്കൂൾപരിശോധനസമ്പ്രദായം ഫലപ്രദമാക്കുക, പി. ടി. എ. കളുടെ ഫലപ്രദമായ ഇടപെടൽ, മാസാന്ത പരീക്ഷകളുടെ നടത്തിപ്പ് എന്നിവയെല്ലാം ഒത്തുചേർന്നാൽ വിദ്യാഭ്യാസമേഖലയെ ഉയർത്തിയെടുക്കാൻ കഴിയും.

പട്ടിക 2 എസ്.എസ്.എൽ.സി.വിജയശതമാനം

| സ്കൂൾ | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|
| GHS കാക്കവയൽ | 69 | 76 | 69 | 68 |
| GHS പനങ്കണ്ടി | 39 | 40 | 31 | 41 |
| W.O.H.S മുട്ടിൽ | 28 | 30 | 22 | 30 |



# സാംസ്കാരികം

എണ്ണത്തിൽ കുറഞ്ഞ വൻകിട കൃഷിക്കാരും ജന സംഖ്യയിൽ മൂന്നിലൊന്നും വരുന്ന ഇടത്തരം കൃഷിക്കാരും ബാക്കി പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരും കർഷകതൊഴിലാളികളും അടങ്ങിയതാണ് ഈ പഞ്ചായത്തിലെ ജനത.

പൂർവ്വകാല സാംസ്കാരിക നില പരിശോധിക്കുമ്പോൾ എണ്ണിപ്പറയാവുന്ന നേട്ടങ്ങളൊന്നും അവകാശപ്പെടാനില്ലാത്ത ഈ പഞ്ചായത്തിന് മതമൈത്രിയുടെ കാര്യത്തിൽ തിളങ്ങുന്ന ഒരു പൂർവ്വചരിത്രമുണ്ട്. അത് ഇന്നും അഭംഗുരം തുടരുന്നുമുണ്ട്. ഇത് ഗ്രാമജനതയുടെ സാംസ്കാരിക അവബോധത്തിന്റെ ദൃഷ്ടാന്തമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന മുസ്ലിം ക്രിസ്റ്റ്യൻ ദേവാലയങ്ങളും അമ്പലങ്ങളും സാംസ്കാരികരംഗത്ത് സ്വാധീനം ചെലുത്തിയ ആരാധനാകേന്ദ്രങ്ങളാണ്. ഇവ മതസൗഹാർദ്ധത്തിന് മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. ഇവ കേന്ദ്രങ്ങളായി ആദ്യകാലങ്ങളിൽ സാംസ്കാരിക പ്രഭാഷണം, മതബോധനം, തിറയാട്ടം തുടങ്ങിയ ചടങ്ങുകൾ നടന്നിരുന്നു.

കുടിയേറ്റത്തെ തുടർന്നുണ്ടായ സത്സംഗം നിന്നവർക്കും വന്നവർക്കും ആദാനപ്രദാനത്തിന് വേദിയായി. തെക്കൻ കേരളത്തിൽനിന്ന് വന്ന കുടിയേറ്റക്കാരുടെ സാംസ്കാരിക മൂല്യങ്ങൾ സ്വീകരിക്കാൻ ആദിവാസികൾ അടക്കമുള്ള ഈ ഗ്രാമക്കാർ ഒട്ടും മടിച്ചില്ല. ഇവിടെ നിലനിന്നിരുന്ന തനിമയെ തള്ളി പറയാൻ കുടിയേറ്റക്കാർ ശ്രമിച്ചിട്ടില്ല. അതുകൊണ്ട് സാംസ്കാരിക രംഗത്ത് അപചയം സംഭവിച്ചിട്ടില്ല. കേരളസംസ്ഥാന രൂപീകരണത്തിനുശേഷം വിദ്യഭ്യാസരംഗത്തുണ്ടായ കുതിച്ചുചാട്ടം പുതിയ വിദ്യാലയങ്ങൾ സ്ഥാപിതമാവാൻ ഇടയാക്കി. ഇത് സാംസ്കാരികരംഗത്ത് പുതിയ ചലനങ്ങൾ സൃഷ്ടിച്ചു. ആയിടയ്ക്ക് ഗ്രന്ഥശാലാ പ്രസ്ഥാനം ഗ്രാമീണ മേഖലയിൽ ഒരു പുത്തൻ ഉണർവേകി. വായനാശീലം വളർന്നതോടുകൂടി വായനശാലകൾ ഗ്രന്ഥാലയങ്ങൾ എന്നിവ രൂപീകൃതമായി. ഇന്ന് പഞ്ചായത്തുടമസ്ഥതയിലുള്ളതും അല്ലാത്തവയുമായ വായനശാലകളും ഗ്രന്ഥാലയങ്ങളും നിലവിലുണ്ട്. ആരംഭശൂരത്വത്തിൽ കവിഞ്ഞ പ്രവർത്തനശൈലി കാഴ്ചവെക്കാൻ കഴിയാത്തതുകൊണ്ട് അവയിൽ പലതും നാമാവശേഷമായി.

ഇന്ന് ഏകദേശം പത്തോളം ക്ലബ്ബുകളും മറ്റു സാംസ്കാരികസംഘടനകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിനോട് ചേർന്ന് ഒരു സാംസ്കാരിക നിലയവുമുണ്ട്. പഞ്ചായത്ത് ലൈബ്രറി, മാണ്ടാട് ഗ്രാമോദയം, തേനേരി സിറ്റിസൺസ്, കൊളവയൽ യംഗ്മെൻസ്, കല്ലുപാടി മഹാത്മ, പാക്കം വീനസ് എന്നിവ പ്രവർത്തനരംഗത്തുണ്ട്.

തൊണ്ടുപ്പാളി, മാണ്ടാട്, വാഴവറ്റ, കാര്യമ്പാടി, പാക്കം എന്നിവിടങ്ങളിൽ മഹിളാസമാജം പ്രവർത്തിക്കുന്നു. കൊളവയൽ കേന്ദ്രമായി ശാസ്ത്രസാഹിത്യ പരിഷത്ത് യൂണിറ്റ് പ്രവർത്തിക്കുകയും വിജ്ഞാനപ്രദമായ പല പരിപാടികളും നടത്തുകയും ചെയ്യുന്നു. ഈ പഞ്ചായത്തിൽ രണ്ട് സിനിമിശാലകൾ ഉണ്ട്. പഞ്ചായത്തിൽ ടി.വി. യുടെ പ്രചാരം വളരെയധികം വർധിച്ചിട്ടുണ്ട്. വിദേശചാനലുകളുടെ കടന്നുകയറ്റം നമ്മുടെ സംസ്കാരത്തെ ബാധിക്കുമെന്ന ഭീഷണി നിലവിലുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാല

പട്ടിക 1

| | പേര് | ഗ്രന്ഥശാല | വായനശാല | ടി.വി.റേഡിയോ |
|---|---|---|---|---|
| 1 | യംഗ് മെൻസ് ആർട്സ് & സ്പോർട്സ് കൊളവയൽ | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | സിറ്റിസൺസ് ലൈബ്രറി തേനേരി | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | മഹാത്മാ ഗ്രന്ഥാലയം കല്ലുപാടി | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | വീനസ് ഗ്രന്ഥശാല പാക്കം | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | ഗ്രാമോദയം മാണ്ടാട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6. | പഞ്ചായത്ത് സാംസ്കാരിക നിലയം | ഉണ്ട് | ഉണ്ട് | ഉണ്ട് |

പട്ടിക 2 ക്ലബുകൾ

1 യംഗ് മെൻസ് കൊളവയൽ
2 സിറ്റിസെൻസ് തെനേരി
3 വീനസ് പാക്കം
4 യംഗ്സ്റ്റേർസ് ക്ലബ് പനങ്ങണ്ടി
5 സ്പൈസസ് മുട്ടിൽ
6 സാൽവോ എടപ്പെട്ടി
7 ഗ്രൈസ് വാഴവറ്റ
8 അമ്പുകുത്തി ക്രിക്കറ്റ് ക്ലബ്
9 ബ്രദേഴ്സ് കാക്കവയൽ
10 എസ്റ്റേറ്റ് ക്ലബ് വാര്യാട്

കളുടെയും ക്ലബ്ബുകളുടെയും പേരുകൾ ചുവടെ ചേർക്കുന്നു.

സാക്ഷരത പ്രവർത്തനം ഈ പഞ്ചായത്തിൽ വമ്പിച്ച മാറ്റം വരുത്തി.സാക്ഷരതായജ്ഞത്തെ നിരക്ഷരരായ ആദിവാസികളും മറ്റുള്ളവരും തുറന്ന മനസ്സോടെ സ്വീകരിച്ചു. സാക്ഷരതാപ്രവർത്തനം അതിന്റെ തീവ്രത കൈമോശം വന്ന നിലയിലാണിപ്പോൾ.തുടർ വിദ്യാഭ്യാസ പരിപാടിയുടെ അഭാവം ആദിവാസിമേഖലയിൽ പിന്നോക്കാവസ്ഥ തുടരാൻ ഇടയാക്കിയിട്ടുണ്ട്.

കലാകായികരംഗത്തെ പതിഭകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും സർക്കാർ തലത്തിൽ നടത്തപ്പെടുന്ന കേരളോത്സവത്തിൽ പഞ്ചായത്ത് സംസ്ഥാനതലത്തിൽ നിരവധി സമ്മാനങ്ങൾ ഇതിനോടകം കരസ്ഥമാക്കിയിട്ടുണ്ട്. ദേശീയ സംസ്ഥാന സ്കൂൾ കായികമേളകളിൽ മികച്ച വിജയങ്ങൾ കരസ്ഥമാക്കുന്ന കാക്കവയൽ സ്കൂൾ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു എന്നത് പഞ്ചായത്തിലെ ഇതര സ്കൂളുകൾക്ക് പ്രചോദനമാണ്.

ക്ലബുകളുടെയും ഗ്രന്ഥാലയങ്ങളുടെയും നേതൃത്വത്തിൽ കലാകായിക മത്സരങ്ങൾനടത്തപ്പെടുന്നു വർഷംതോറും ഉന്നതവിജയങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് പാരിതോഷികങ്ങളും മറ്റും നൽകി ആദരിക്കുന്നതിലും ക്ലബുകളും, ഗ്രന്ഥാലയങ്ങളും പിന്നിലല്ല.

**പ്രശ്നങ്ങൾ**

യുവജനങ്ങൾ പല സ്ഥലത്തും സാംസ്കാരിക മേഖലയിൽ സജീവമായി പ്രവർത്തിക്കുന്നില്ല. ടി.വിയുടെ അതിപ്രസരം വായനാശീലം കുറിയ്ക്കുന്നു.

**സാധ്യതകൾ**

ആവശ്യമായ സ്ഥലവും സൗകര്യങ്ങളും ഒരുക്കി പഞ്ചായത്തിന്റെ സഹായത്തോടെ സ്ഥിരം വായനശാലകൾ പ്രവർത്തിക്കാവുന്നതാണ്. യുവജന സാംസ്കാരിക സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചു സാംസ്കാരിക പ്രവർത്തനത്തിൽ നേതൃത്വം കൊടുക്കാവുന്നതാണ്.

**നിർദ്ദേശം**

വായനാശീലം കുറഞ്ഞുകൊണ്ടിരിക്കുന്ന കാലത്ത് ഗ്രന്ഥങ്ങൾ വീടുകളിലെത്തിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനത്തെപ്പറ്റി ആലോചിക്കാവുന്നതാണ്. പഞ്ചായത്തിൽ ആധുനിക സൗകര്യത്തോടുകൂടി കളിസ്ഥലം നിർമ്മിക്കുകയും കോച്ചിങ്ങ്കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക. പഞ്ചായത്തിൽ അടിയന്തിരമായി സ്പോർട്സ് സ്കൂൾ തുടങ്ങുക.കാലിക പ്രസക്തമായ വിഷയങ്ങളെ അധികരിച്ച് സാംസ്കാരിക നായകന്മാരെ പങ്കെടുപ്പിച്ച് ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക പഞ്ചായത്തിലെ കലാകായിക പ്രതിഭകളെ കണ്ടെത്താനും ആദരിക്കാനും കഴിയുന്ന തരത്തിൽ കേരളോത്സവം സംഘടിപ്പിക്കുക. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറിയുടെസൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ബോധപൂർവ്വം ജനങ്ങൾ തയ്യാറാവണം.

ആദിവാസികലകൾ തനതു മേഖലയിൽ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.



# ഹരിജന ഗിരിജന ക്ഷേമം

പഞ്ചായത്തിലെ ആകെയുള്ള ജനസംഖ്യയുടെ 18 ശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ആളുകളാണ്. പൊതുവെ ഈ വിഭാഗക്കാരുടെ അവസ്ഥ പരിതാപകരമാണ്. ബഹുഭൂരിപക്ഷം കുടുംബങ്ങളും സ്വന്തമായി വീടോ , സ്ഥലമോ ഇല്ലാത്തവരും സാമൂഹ്യ സാമ്പത്തിക സാംസ്കാരിക സ്ഥിതിയിൽ പിന്നോക്കം നില്ക്കുന്ന അവസ്ഥയിലുള്ളവരുമാണ്. ഏറെ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയൊന്നും ഈ വിഭാഗക്കാരുടെ പുരോഗതിക്ക് സഹായകമായിട്ടില്ല. ചോർന്ന് ഒലിക്കുന്ന കുടിലുകളിൽ അന്തിയുറങ്ങുന്ന ഇക്കൂട്ടർ സാക്ഷരതയിലും പിന്നിലാണ്. ഭൂരിഭാഗം ആളുകളും, കാർഷിക മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുത്ത് ജീവിക്കുന്നു. ഒട്ടുമിക്ക കോളനികളിലും പകർച്ച വ്യാധികളും രോഗങ്ങളും സാധാരണയാണ്. പോഷകാഹാര കുറവുമൂലം ആരോഗ്യനില തൃപ്തികരമല്ലാത്ത അവസ്ഥയുമുണ്ട്.

നിരവധി കുടുംബങ്ങൾക്ക് വീടുകളിൽ കക്കൂസ് സൗകര്യം പോലുമില്ല. സർക്കാർ ഏജൻസികളിൽ നിന്ന് ലഭിച്ചിട്ടുള്ള വീടുകൾ പല കാരണങ്ങളാലും പണി തീരാത്ത വീടുകളായി അവശേഷിക്കുന്നു. ജാതീയമായ ഉച്ചനീചത്വങ്ങൾ അല്പസ്വല്പം നിലനിൽക്കുന്നുണ്ടെങ്കിലും, മംഗള കർമ്മങ്ങളിലും മറ്റും എല്ലാ വിഭാഗക്കാരുടേയും സാന്നിദ്ധ്യം ഉണ്ടാവാറുണ്ട്. സർക്കാർ തലത്തിൽ അനുവദിക്കപ്പെടുന്ന പല ആനുകൂല്യങ്ങളെ സംബന്ധിച്ചും ഈ വിഭാഗക്കാർ താരതമ്യേന അജ്ഞരായതിനാൽ വേണ്ടുംവണ്ണം ഉപയോഗപ്പെടുത്തുന്നതിന് കഴിയുന്നില്ല. നിലവിലുള്ള കണക്കനുസരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിൽ 861 കുടുംബങ്ങളിലായി 3962 പേരും പട്ടികജാതി വിഭാഗത്തിൽ 899 പേരുമുണ്ട്. വാർഡ് തിരിച്ചുള്ള വ്യത്യസ്ഥ കോളനികളുടെയും, ആയതിലെ കുടുംബങ്ങളുടെയും, വിവരം താഴെ ചേർക്കുന്നു.

| വാർഡ് | കോളനിയുടെ പേര് | വിഭാഗം | കുടുംബങ്ങളുടെ എണ്ണം | പണിതീർത്ത വീടുകൾ | വേണ്ട വീടുകൾ |
|---|---|---|---|---|---|
| I. | കിണ്ടിപ്പാറ കോളനി | പണിയ | 12 | 4 | 8 |
| | കളനിൽ കോളനി | | 10 | 3 | 7 |
| | തെറ്റുവാടി കോളനി | | 25 | 12 | 13 |
| II | കുമ്പളാട് കോളനി | | 17 | 7 | 10 |
| | വാഴക്കണ്ടി കോളനി | | 6 | - | 6 |
| | കുറുമ കോളനി | | 8 | 2 | 6 |

| | | | | | |
|---|---|---|---|---|---|
| | ലക്ഷംവീട് പറളിക്കുന്ന് | | 6 | 3 | 3 |
| III | കല്ലുംകോരി കോളനി | പണിയ | 11 - | | 11 |
| | പരിയാരം കുറുമ കോളനി | കുറുമർ | 6 | 2 | 4 |
| | ചെലഞ്ഞിച്ചാൽ പണിയകോളനി | പണിയ | 23 | 12 | 11 |
| | മുരുണിക്കര കോളനി | | 13 | 5 | 8 |
| | ചോയി കോളനി | | 10 | 7 | 3 |
| | നൂഞ്ഞ കോളനി | പണിയ | 5 | 2 | 3 |
| IV | ആലംതട്ട പണിയ കോളനി | പണിയ | 46 | 43 | 3 |
| | അമ്പലക്കുന്ന് നായ്ക്ക കോളനി | കാട്ടുനായ്ക്കർ | 6 | 5 | 1 |
| | അമ്പുകുത്തി നായ്ക്ക കോളനി | കാട്ടുനായ്ക്കർ | 16 | 1 | 15 |
| | ചെറുമൂല പണിയ കോളനി | പണിയ | 3 | 2 | 1 |
| | ചെറുമൂല പണിയ കോളനി | പണിയർ | 6 | 5 | 1 |
| | ചുള്ളിമൂല പണിയ കോളനി | പണിയർ | 6 | 1 | 5 |
| | കളത്തിൽ പണിയ കോളനി | പണിയർ | 7 | 6 | 1 |
| | കോൽപ്പാറ നായ്ക്ക കോളനി | കാട്ടുനായ്ക്കർ | 30 | 20 | 10 |
| | എടപ്പെട്ടി മാരംകൊല്ലി,കുറുമ കോളനി | കുറുമർ | 6 | 3 | 3 |
| V. | അട്ടുവാടി പണിയ കോളനി | പണിയ | 15 | 7 | 8 |
| | ചേനംകൊല്ലി പണിയ കോളനി | പണിയ | 6 - - | | |
| | പാലമംഗലം പണിയ കോളനി | പണിയ | 9 | 5 | 4 |
| | കൈതൂക്കി പണിയ കോളനി | പണിയ | 7 | 3 | 4 |
| | ലക്ഷംവീട് പണിയ കോളനി | പണിയ | 14 - - | | |
| VI. | കുമ്പളക്കൊല്ലി പണിയ കോളനി | പണിയ | 18 | 3 | 15 |
| | മാങ്ങാട് കുറിച്യ കോളനി | കുറിച്യർ | 10 | | |
| | " | " | 16 | 14 | 2 |
| | മുത്തേടം കോളനി | | 4 | 2 | 2 |
| | പോമാടി കുറുമ കോളനി | കുറുമർ | 2 | | |
| | ഇരുൾമൽ കുറുമ കോളനി | | 19 | 5 | 6 |
| | കിഴക്കെ ഞാണുമ്മൽ പണിയ കോളനി | പണിയ | 10 | 7 | 3 |
| | കോരലാടി പണിയ കോളനി | " | 10 | 3 | 7 |
| | കോഴിമൂല പണിയ കോളനി | " | 4 | | 4 |

| | | | | | |
|---|---|---|---|---|---|
| | മംഗലംകുന്ന് പണിയകോളനി | ,, | 3 | 2 | 1 |
| | മംഗലത്ത് പണിയ കോളനി | ,, | 6 | - | 6 |
| | മാനിക്കുനി പണിയ കോളനി | ,, | 8 - | | 8 |
| | മൂതിമുല കുറുമകോളനി കുറുമർ | | 13 | 10 | 3 |
| | മൂതിമുല പണിയ കോളനി പണിയർ | | 3 | 1 | 2 |
| | നെന്മേനി പണിയ കോളനി | | 16 | 5 | 11 |
| | ഞാണുമ്മൽ പണിയ കോളനി | ,, | 9 | 5 | 4 |
| | പനങ്കണ്ടി പണിയ കോളനി | ,, | 9 | | 9 |
| | പാണ്ടിയാട്ട് പണിയ കോളനി | ,, | 8 | 3 | 5 |
| | തൊണ്ടുപാളി പണിയ കോളനി | ,, | 10 | 4 6 | |
| | ഊരുക്കണ്ടി പണിയ കോളനി | ,, | 11 | 5 | 6 |
| VII | ചാഴിവയൽ പണിയ കോളനി | പണിയർ | 16 | | |
| | കൈപ്പാടം പണിയ കോളനി | ,, | 8 | | |
| | തെക്കുംപാടി പണിയ കോളനി | ,, | 7 | | |
| | വാര്യാട്ട് കുറുമ കോളനി | കുറുമർ | 6 | | |
| | വാര്യാട്ട് നായ്ക്ക കോളനി | കാട്ടുനായ്ക്കർ | 13 | | |
| IX | വാഴവറ്റ കുറുമ കോളനി കുറുമർ | | 25 | 10 | 15 |
| | എടത്തിൽ പണിയ കോളനി പണിയ | | 13 | 10 | 6 |
| | കടവയൽ കോളനി | | 13 | 10 | 7 |
| | കല്ലുവാടി പണിയകോളനി | | 10 | 10 - | |
| | പന്നിക്കുഴി പണിയ കോളനി | ,, | 10 | 2 | 8 |
| | വാര്യാട് നായ്ക്ക കോളനി | കാട്ടുനായ്ക്കർ | 13 | 10 | 3 |
| X | കല്ലുപാടി കുറുമ കോളനി | കുറുമർ | 3 | 4 - | |
| | വാഴവറ്റ കുറുകോളനി | കുറുമർ | ,, | ,, - | |
| | വാളവയൽ പണിയ കോളനി | പണിയർ | 6 | 6 - | |
| | കുപ്പടി പണിയ കോളനി | പണിയർ | 13 - | | 13 |
| | മലക്കാട്ട് കുറുമ കോളനി | കുറുമർ | 12 | 12 - | |
| | മന്ദംകൊല്ലി കുറുമ കോളനി | കുറുമർ | 6 | 6 - | |
| | മുട്ടിലാടി പണിയ കോളനി | പണിയ | 8 | 8 - | |
| | മലക്കാട് പണിയ കോളനി | ,, | 9 | 9 - | |

| | | | | | |
|---|---|---|---|---|---|
| | മലക്കാട് താഴെ പണിയ കോളനി | " | 2 | 2 | |
| | തെനേരി കോളനി | " | 16 | 16 | |
| | മലക്കാട്ട് നായ്ക്ക കോളനി | കാട്ടുനായ്ക്കർ | 2 | 2 - | |
| | മലങ്കര പണിയ കോളനി | പണിയർ | 8 - | | 8 |
| | പതിയാനി കുറുമകോളനി | കുറുമർ 6 | - - | | |
| | തോട്ടംകൊല്ലി പണിയ കോളനി | പണിയർ | 7 | | 7 |
| XI | ആളോത്ത് പണിയ കോളനി | പണിയർ | 10 | | |
| | ആവിലാട്ട് പണിയ കോളനി | | 14 | 5 | 9 |
| | ചിപ്രം പണിയ കോളനി | | 7 | 3 | 4 |
| | എരഞ്ഞേരി പണിയ കോളനി | " | 5 - | | |
| | കരിമത്ത് വയൽ പണിയ കോളനി | " | 11 | 6 | 5 |
| | നായ്ക്കൊല്ലി പണിയ കോളനി | " | 5 | | |
| | പാലക്കാട്ടുകുന്ന് പണിയ കോളനി | " | 8 - - | | |
| | വാഴവറ്റ കുറുമ കോളനി | കുറുമർ | 29 | 4 | 25 |
| | പാക്കം കോളനി | " | 6 | 2 | 4 |
| | ഓണൻ കോളനി പണിയ | 5 | 3 | 2 | |

കോളനികളോട് തൊട്ടുചേർന്നുകിടക്കുന്ന മാലിന്യങ്ങൾ നിറഞ്ഞ അഴുക്കുചാലുകൾ പരിസര മലിനീകരണത്തിനും പകർച്ച വ്യാധികൾക്കും ഇടയാക്കുന്നു. ലക്ഷം വീടുകളിലെ ഇരട്ട വീട് പല അസൗകര്യങ്ങൾക്കും കാരണമാകുന്നുണ്ട്.

**വിദ്യാഭ്യാസം**

പട്ടിക വർഗ്ഗക്കാരിൽ നിരവധി പേർ ഇന്നും പ്രൈമറി വിദ്യാഭ്യാസം തന്നെ പൂർത്തീകരിക്കുന്നില്ല. പൂർത്തീകരിക്കുന്നവരിൽ തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം നിലനിൽക്കുന്നു. അഞ്ചു ശതമാനത്തോളം പേർ എസ്.എസ്.എൽ.സി. പാസ്സാവുന്നുണ്ടെങ്കിലും തുടർ വിദ്യാഭ്യാസത്തിന് ശ്രമിക്കുന്നില്ല. രക്ഷിതാക്കളുടെ അറിവില്ലായ്മയും, പഠനോപകരണങ്ങൾ കൃത്യ സമയത്ത് ലഭിക്കാത്തതും, വസ്ത്രം, ഭക്ഷണം, ഇവയുടെ കുറവും ഇതിന് കാരണങ്ങളാണ്. താരതമ്യേന മെച്ചപ്പെട്ട സാമൂഹ്യാവസ്ഥയിലുള്ള കുറുമ വിഭാഗത്തിൽപ്പെട്ടവർ വിദ്യാഭ്യാസ കാര്യത്തിൽ മുൻപന്തിയിലാണ്. വിവിധ മേഖലകളിൽ തൊഴിൽ നേടിയവർ ഭൂരിഭാഗവും ഈ വിഭാഗത്തിൽ പെടുന്നവരാണ്.

**തൊഴിൽ**

ഭൂരിപക്ഷം ആദിവാസികളും കാർഷിക മേഖലയിൽ കൂലിവേല ചെയ്ത് ഉപജീവനം കഴിക്കുന്നു. അടുത്ത കാലത്തായി വയലേലകൾ പുരയിടങ്ങളാക്കുന്നതിനാൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞ് വരികയും, തൊഴിലാളികൾ തൊഴിലന്വേഷകരായി മാറുകയും ചെയ്യുന്ന അവസ്ഥയും നിലവിലുണ്ട്. കാർഷിക തൊഴിലാളികൾ സംഘടിതരല്ല, ഏകീകരിച്ച കൂലി സമ്പ്രദായമില്ല. കാർഷിക മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് കൂലി നിരക്ക് പൊതുവെ കുറവാണ്.

ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധവത്ക്കരണം ആവശ്യമാണ്. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് യഥാസമയം ലഭ്യമാക്കുന്നതിന് നിബന്ധനകൾ ലഘൂകരിക്കേണ്ടതുണ്ട്. ഹരിജന ഗിരിജന ക്ഷേമ വകുപ്പുകളുടെയും കോർപ്പറേഷനുകളുടെയും പദ്ധതികൾ പൂർണ്ണമായും ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടില്ല.

**കുടിവെള്ളം**

ഒട്ടുമിക്ക കോളനികളും, കുടിവെള്ളം കാര്യക്ഷ

മമായ രീതിയിൽ ഇല്ല. മിക്ക കോളനികളുടേയും പരിസരത്തു കൂടി പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കോളനികളിലേക്ക് ജലം എത്തിയിട്ടില്ല.

**വൈദ്യുതി**

മിക്ക കോളനികളും വൈദ്യുതീകരിക്കാത്തവയാണ്. വയറിംഗ് കഴിഞ്ഞ് കാത്തിരിക്കുന്നവർ പോലും ഇക്കൂട്ടത്തിലുണ്ട്. കോളനി പരിസരങ്ങളിലൂടെ വൈദ്യുതി കടന്നുപോകുന്നുണ്ടെങ്കിലും കോളനികളിൽ വെളിച്ചം എത്തിയിട്ടില്ല.

**പ്രശ്നങ്ങൾ**

1. കാർഷിക മേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നു.

2. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

3. കോളനികളിൽ പ്രാഥമിക സൗകര്യങ്ങളില്ല.

4. എല്ലാവർക്കും സ്വന്തമായി വീടില്ല.

5. വീട് വെക്കാൻ സ്ഥലമില്ല.

6. വീട് നിർമ്മിക്കാൻ നൽകുന്ന ധനസഹായം നിർമ്മാണത്തിന് മതിയാകാത്തതിനാൽ ദുർവിനിയോഗം ചെയ്യുന്നു.

7. കുടിവെള്ളം ആവശ്യത്തിനില്ല

8. വൈദ്യുതി ഇല്ല

9. ആരോഗ്യ സംരംക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

10. പൊതു ശ്മശാനത്തിലേക്കടക്കം ഗതാഗത സൗകര്യങ്ങളില്ല.

11. കൈവശഭൂമിക്ക് രേഖയില്ല

12. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും, പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

13. മദ്യപാന ശീലം ആദിവാസികളെ വളരെയധികം ബാധിക്കുന്നു. ചാരായ നിരോധനം വന്നെങ്കിലും വ്യാജവാറ്റ് പെരുകുന്നത് വീണ്ടും ഇവരെ മദ്യപാനത്തിനിരയാക്കുന്നു.

**നിർദ്ദേശങ്ങൾ**

യഥാസമയം വീടുകെട്ടി മേയുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

എല്ലാ കോളനികളിലും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക

ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്നവർക്ക് ധനസഹായം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

ഭവന നിർമ്മാണ പദ്ധതിക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.

കൈവശഭൂമിക്ക് രേഖ നല്കുക

ലക്ഷം വീടുകളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുക

കോളനികളിലേക്കും ശ്മശാനത്തിലേക്കും റോഡു സൗകര്യം ഏർപ്പെടുത്തുക.

കോളനികളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പ്രായോഗിക പദ്ധതികൾ ആവിഷ്ക്കരിക്കുക.

പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക

സ്ത്രീ–പുരുഷ ഭേദമന്യേ കർഷകത്തൊഴിലാളികൾക്ക് ഏകീകരിച്ച കൂലി നടപ്പിലാക്കുക

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസസമിതികൾ രൂപീകരിച്ച് ബോധവത്ക്കരണം നടത്തുക.

വിവിധ പെൻഷനുകൾ കാലവിളമ്പം കൂടാതെ അർഹതപ്പെട്ടവർക്ക് ലഭിക്കാനുള്ള സൗകര്യമുണ്ടാക്കുക.

സൗജന്യ വൈദ്യസഹായം ലഭ്യമാക്കുക

വീടില്ലാത്തവർക്ക് വീടും, ഭൂമിയില്ലാത്തവർക്ക് വീടു വെക്കുന്നതിനുള്ള ഭൂമിയും നല്കുക.

മദ്യനിരോധനം കർശനമായി നടപ്പിലാക്കുക

വീട് റിപ്പയർ ചെയ്യുന്നതിന് ധനസഹായം ലഭ്യമാക്കുക

പട്ടികജാതി പട്ടകവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക, കോളനികൾക്കു നല്കുന്ന ആനുകൂല്യങ്ങൾ ഒറ്റപ്പെട്ട ആദിവാസി വീടുകൾക്കും ലഭ്യമാക്കുക. ST പ്രത്യേകിച്ച് പണിയ വിഭാകത്തിലുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് ട്രൈബൽ ഹോസ്റ്റൽ സംവിധാനം വിപുലപ്പെടുത്തുക.

പാരമ്പര്യ ചികിത്സാരീതികൾ പുനരുജ്ജീവിപ്പിക്കുക, ഔഷധത്തോട്ടം നട്ടുവളർത്താൻ പ്രോത്സാഹനം നല്കുക

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി ആദിവാസികളുടെ സഹകരണത്തോടെ ബോധവൽക്കരണംപ്പാക്കുക.

# വനിതാക്ഷേമം



1991ലെ സെൻസസ് പ്രകാരം 13101 സ്ത്രീകളുള്ള മുട്ടിൽ പഞ്ചായത്തിലെ 8879 പേർ മാത്രമാണ് സാക്ഷരരായിട്ടുള്ളത്. നിരക്ഷരതയിൽ ഭൂരിഭാഗവും സാക്ഷരരായിട്ടുള്ളത്. നിരക്ഷരതയിൽ ഭൂരിഭാഗവും പട്ടികവർഗ്ഗ വിഭാഗത്തിലെ പണിയ സമുദായക്കാരാണ്.

ഈ പഞ്ചായത്തിലെ സ്ത്രീകളിൽ അധികം പേരും കൂലിവേല ചെയ്തുജീവിക്കുന്നവരാണ്. 1760 തോളം പേർ കാർഷികമേഖലയിൽ ജോലി ചെയ്തു വരുന്നതിൽ 412ഓളം പേർ കുടുംബസംരക്ഷകരായ വിധവകളും ഗൃഹനാഥകളുമാണ്. കാർഷികമേഖലയിലെ ജോലിസ്ഥിരതയില്ലായ്മയും മറ്റു തൊഴിലുകളിലുള്ള ഇവരുടെ വിമുഖതയും കുടുംബജീവിതം ദുസ്സഹമാക്കുന്നു. സ്വന്തമായി ടൈലറിംഗ് ജോലി നടത്തുന്നവരും സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരും ഗൾഫ്നാടുകളിൽ പോയി ജോലി ചെയ്തുവരുന്നവരുമായ ചുരുക്കം ചില സ്ത്രീകൾ പഞ്ചായത്തിലുണ്ട്. D. W. C. R. A.യുടെ ആറ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

16 മഹിളാ സമാജങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും വാഴവറ്റ പാക്കം മാണ്ടാട് കൊളവയൽ എന്നിവയൊഴിച്ച് മറ്റെല്ലാം നിഷ്പ്രഭമാണ്. സ്ത്രീകളെ സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിനോ പൊതുരംഗങ്ങളിലും മറ്റു സാമൂഹ്യ പ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുന്നതിനോ നാടിന്റെ വികസനപ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉണ്ടാക്കുന്നിനോ സമാജങ്ങൾ ശ്രദ്ധിക്കുന്നില്ല.

സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീധന സമ്പ്രദായത്തിനും സ്ത്രീ പീഡനത്തിനും പുരുഷന്മാരുടെ ഏക പക്ഷീയമായ വിവാഹമോചനത്തിനും എതിരായ പ്രവർത്തനങ്ങൾ നടത്താൻ വേണ്ടത്ര ഔൽസുക്യം മഹിളാ സമാജങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാവാറില്ല. സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിച്ച് ബോധവൽക്കരണവും നിയമത്തെക്കുറിച്ചുള്ള പ്രാഥമിക അറിവുകളും ഉണ്ടാക്കുന്നതിനുള്ള ശ്രമം വനിതാ സംഘടനകൾ തന്നെ മുൻകൈ എടുത്ത് നടത്തണം.

സ്വകാര്യ വൽക്കരണത്തിന്റെ പാതയിൽ സ്ത്രീ, വിൽപനച്ചരക്കും, ഉപഭോഗവസ്തുവുമായി മാറിക്കൊണ്ടിരിക്കുന്നു. ഇതിനെതിരെ പ്രതികരിക്കാൻ സ്ത്രീ സമത്വത്തിനുവേണ്ടി പോരാടാൻ കെല്പുള്ള വനിതാസംഘടനകൾ നമുക്കിന്നാവശ്യമാണ്. ഈ കാര്യത്തിൽ ജനാധിപത്യ മഹിളാഅസോസിയേഷനെ പോലുള്ള സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾ സാഗതാർഹമാണ്.

**പ്രശ്നങ്ങൾ**

വിദ്യാഭ്യാസത്തിൽ പിന്നോക്കവും നിരക്ഷരരുമാണ് വനിതകളിൽ അധികവും. സ്ഥായിയായ വരുമാനമാർഗ്ഗങ്ങൾ ഇല്ലാത്തതും കാർഷികമേഖലയിലെ ജോലി സ്ഥിരത ഇല്ലാത്തതും തുല്യജോലിക്ക് തുല്യവേദന ഇല്ലായ്മയും അവരുടെ ജീവിതത്തെ ബാധിക്കുന്നതാണ്. സ്വന്തമായി വരുമാനമാർഗ്ഗങ്ങൾക്ക് ഉതകുന്ന കുടിൽ വ്യവസായത്തിന്റെ അപര്യാപ്തത സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തതും കൂരകളിലും മറ്റും കുടുംബങ്ങളൊന്നിച്ചു താമസിക്കുമ്പോൾ നേരിടുന്ന മാനസിക പ്രശ്നങ്ങളും ഭർത്താക്കന്മാരുടെ മദ്യപാനം മൂലം കുടുംബഭദ്രതയുടെ തകർച്ചയും പൊതുരംഗത്തും മറ്റും പ്രവർത്തിക്കുന്നവർ വിശുദ്ധി നഷ്ടപ്പെട്ടവരാണെന്ന് ഉള്ള പൊതുജനങ്ങളുടെ പരിഹാസ്യതയും, അവഹേളനവും, സ്ത്രീധനത്തിന്റെയും മറ്റും പേരിൽ ഭർത്തൃവീട്ടുകാരുടെ മാനസികവും, ശാരീരികവുമായ പീഢനങ്ങൾ മൂലം ഉണ്ടാവുന്ന മാനസികാസ്വാസ്ഥ്യതയും ജീവിതയാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ടുപോകാനുള്ള വൈമുഖ്യവും വനിതകളെ സംബന്ധിക്കുന്ന മുഖ്യ പ്രശ്നങ്ങളാണ്.

**നിർദ്ദേശങ്ങൾ**

കുടിൽവ്യവസായങ്ങളും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ചെറുകിട വ്യവസായങ്ങളും ആരംഭിക്കുക.

അടുക്കളത്തോട്ടങ്ങളും കോഴി, ആട് വളർത്തലുകൾക്കും ആവശ്യമായ സഹായം നൽകുക.

തൊഴിൽമേഖലയിൽ കൂലി നിരക്കിൽ തുല്യത വരുത്തുക. പഞ്ചായത്തടിസ്ഥാനത്തിൽ വനിതാക്ഷേമ സെൽ രൂപീകരിച്ച് പ്രവർത്തിക്കുക. സ്വന്തമായി വീടില്ലാത്ത വിധവകൾക്ക് അടിസ്ഥാന സൗകര്യത്തോടുകൂടിയ വീടുകൾ നിർമ്മിച്ചു നല്കുക. സ്ത്രീ പീഡനത്തിനും വിവാഹമോചനത്തിനും ഇരയാകുന്നവർക്ക് മതിയായ സുരക്ഷിതത്വം ഉറപ്പുവരുത്തുക. സ്ത്രീകളെ അവഹേളിക്കുന്ന വിധത്തിലുള്ള പോസ്റ്ററുകളും മറ്റു പ്രചരണങ്ങളും കർശനമായി നിരോധിക്കുക. കുടുംബഭദ്രതയ്ക്ക് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിൽ വരുത്തുക. ഇക്കാര്യത്തിൽ സ്ത്രീകൾ രംഗത്ത് വരണം. പൊതുസ്ഥലങ്ങളിലും തൊഴിൽശാലകളിലും അങ്കണവാടികളിലും സ്ത്രീകൾക്ക് കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക.

അർഹതപ്പെട്ട മുഴുവൻ പേർക്കും സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുക.

സ്ത്രീകൾക്ക് കുടുംബസ്വത്തിൽ തുല്യഅവകാശം നല്കുക.

വിദ്യാഭ്യാസം, ആരോഗ്യം, പരിസരമലിനീകരണം, കടുംബക്ഷേമം, സ്ത്രീസുരക്ഷിതത്വ നിയമങ്ങൾ തുടങ്ങിയവയിൽ ബോധവൽക്കരണ ക്യാമ്പുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കണം.

# സഹകരണം

സ്വാതന്ത്ര്യസമര സേനാനിയും വയനാട്ടിലെ സഹകരണ പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാളുമായ പരേതനായ എം.എ. ധർമ്മരാജയ്യർ 1921ൽ ഐക്യനാണയ സംഘമായി മടക്കിമലയിൽ ആരംഭിച്ച സ്ഥാപനം 1961ൽ സർവ്വീസ് സഹകരണ ബാങ്കായി. കർഷകന്റെ അത്താണിയായി വർത്തിച്ച് പ്രശംസനീയമായ സേവനം കാഴ്ച വയ്ക്കുന്ന സ്ഥാപനമാണ് മടക്കിമല സർവ്വീസ് സഹകരണ ബാങ്ക്.

സഹകരണ പ്രസ്ഥാനം ശൈശവാവസ്ഥയിലായിരുന്ന ഒരു കാലഘട്ടത്തിൽ ക്ലിപ്തരഹിത ബാധ്യതയോടുകൂടിയ ഒരു സഹകരണ സ്ഥാപനത്തിന് മൂലധനം സ്വരൂപിക്കുക എന്ന ശ്രമകരമായ ജോലിയിൽ ഏർപ്പെട്ട് മറ്റ് സംഘടനകൾക്ക് മാതൃകയായി ഈ ബാങ്ക് വർത്തിച്ചു.

ഐക്യനാണയ സംഘമായിരിക്കേ, ഏറ്റവും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘമെന്ന ഖ്യാതി ഈ ബാങ്ക് കരസ്ഥമാക്കിയിട്ടുണ്ട്. വയനാടിന്റെ രാഷ്ട്രീയ, സാമൂഹ്യ, സഹകരണ രംഗങ്ങളിൽ പ്രവർത്തിച്ചിരുന്നവരും, പ്രവർത്തിച്ചുവരുന്നവരുമായ പ്രഗത്ഭരായ പല വ്യക്തികളുടെയും സേവനം ബാങ്കിന്റെ ഈ പുരോഗതിക്ക് പിന്നിൽ ഉണ്ട്.

മുട്ടിൽ ഗ്രാമപഞ്ചായത്തും കോട്ടത്തറ ഗ്രാമപഞ്ചായത്തും ചേർന്നതാണ് ഇതിന്റെ പ്രവർത്തന മേഖല. നിലവിൽ 4653 എ ക്ലാസ് മെമ്പർമാരും 7237 സി.ക്ലാസ് മെമ്പർമാരും 1541624 രൂപ ഓഹരി മൂലധനവും നടപ്പു വർഷത്തിൽ ബാങ്കിന് ഉണ്ട്. ബാങ്ക് ലാഭകരമായി പ്രവർത്തിച്ചുവരുന്നു. മടക്കിമലയിൽ ആസ്ഥാനവും മുട്ടിൽ കോട്ടത്തറ എന്നിവിടങ്ങളിൽ ശാഖകളും ഉണ്ട്. നടപ്പുവർഷത്തിൽ 350 ലക്ഷം രൂപ മൂലധനവും 241 ലക്ഷം രൂപ നിക്ഷേപവും 268 ലക്ഷം രൂപ വായ്പ തുകയുമാണ്.

കാർഷിക വായ്പകൾക്കു പുറമെ കാർഷികേതര വായ്പകൾ നല്കുകയും ഉത്സവകാലങ്ങളിൽ ചന്തകൾ നടത്തുകയും ചെയ്യുന്നു.

**മടക്കിമല ബാങ്ക്**

. 5000 കർഷക കുടുംബങ്ങളാണ് ബാങ്ക് പരിധിക്കുള്ളിൽ പഞ്ചായത്തിൽ ഉള്ളത്. മുഴുവൻ കൃഷിക്കാരും അംഗങ്ങളല്ല. കർഷകാംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പരിഹരിക്കാൻ 3 കോടിയോളം രൂപ ആവശ്യമാണ്. കഴിഞ്ഞ വർഷത്തിൽ 2.25 കോടിയോളം രൂപയാണ് കാർഷിക ആവശ്യത്തിനായി വിതരണം ചെയ്യാൻ കഴിഞ്ഞത്.

**ഹ്രസ്വകാല വായ്പകൾ**

ഹ്രസ്വകാല കാർഷിക-കാർഷികേതര വായ്പകളാണ് വിതരണം ചെയ്യുന്നതെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ വിധത്തിൽ വായ്പ യഥാസമയം നല്കാൻ സംഘത്തിന് കഴിഞ്ഞിട്ടില്ല.

ദീർഘകാല വായ്പകൾ

വൈത്തിരി താലൂക്ക് പ്രവർത്തന പരിധിയായിട്ടുള്ള താലൂക്ക് കാർഷിക വികസന ബാങ്കാണ് കർഷകർക്ക് ആവശ്യമായ ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്നത്. നബാഡിന്റെ കർശന നിയമം നിമിത്തവും സാങ്കേതിക കാരണങ്ങളാലും യഥേഷ്ടം വായ്പ ലഭിക്കുന്നതിന് ഫണ്ട് ഉണ്ടെങ്കിലും നബാഡിന്റെ നടപടികൾ വിഘാതം സൃഷ്ടിക്കുന്നു.

**പാർപ്പിട പ്രശ്നം**

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഗുരുതരമാണ് സഹകരണ മേഖലയിലെ കേരള സ്റ്റെയിറ്റ് ഹൗസിങ് സൊസൈറ്റി ഒഴിച്ച് മറ്റ് ഒരു സംഘവും പാർപ്പിട പ്രശ്നം

| | | |
|---|---|---|
| I 1. സ്ഥാപനത്തിന്റെ പേര് | : | മടക്കിമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 490 |
| 2. പ്രവർത്തനപരിധി | : | മുട്ടിൽ, കോട്ടത്തറ പഞ്ചായത്ത് |
| 3. ക്രഡിറ്റ് / നോൺ ക്രഡിറ്റ് | : | ക്രഡിറ്റ് |
| 4. പ്രവർത്തനം ആരംഭിച്ച വർഷം | : | 4.8.1921 |
| 5. ആകെ അംഗങ്ങൾ | : | എ.4653, സി. 7237 |
| 6. ഒരു ഓഹരിയുടെ വില | : | 10.00 |
| 7. അംഗീകൃത ഓഹരി മൂലധനം | : | 1820000.00 |
| 8. പിരിഞ്ഞുകിട്ടിയ ഓഹരിധനം | : | 1541624.00 |
| 9. സർക്കാർ ഓഹരിയുണ്ടോ | : | ഉണ്ട് |
| 10. ഉണ്ടെങ്കിൽ ലഭിച്ച തുക | : | 93000.00 |
| 11. പരമാവധി കടമെടുക്കാവുന്ന തുക | : | 547684214.45 |
| II പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | : | 24738091.56 |

1. സ്ഥിരം,
2. ഹ്രസ്വകാലം

III നല്കിയിട്ടുള്ള വായ്പകൾ

1. കാർഷിക വായ്പകൾ

| ഇനം | തുക |
|---|---|
| സി.സി.ലോൺ | 12197963.00 |

2. മറ്റ് വായ്പകൾ

| ഇനം | തുക |
|---|---|
| | 16122156.00 |

3. പ്രത്യേക വായ്പകൾ

| ഇനം | തുക |
|---|---|
| ഡി.ആർ.ഡി.പി | 89302.00 |
| അഗ്രി.സി.സി.ഡിപി | 123825 |

4. സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| വയനാട് ജില്ലാ സഹകരണബാങ്ക് | Agri.CCLOAN. | 98,73,566.00 |
| " | മദ്ധ്യകാല വായ്പകൾ | 119486.00 |
| " | ഐ.ആർ.ഡി.പി | 64778.00 |
| " | മറ്റ് വായ്പകൾ | 301798.00 |
| " | ആകെ | 103,59,628.00 |

5. നല്കിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| Agri CC. Loan. | 23,.85,013.00 |
| SRDP | 20,240.00 |
| Other Loan | 16,63,702.00 |
| ആകെ | 40,68,955.00 |

6. സ്ഥാപനത്തിന്റെ ചെലവുകൾ

| | |
|---|---|
| 1. Establishments Charges | 9,56,160 |
| 2. Contingennies | 319,712-75 |

7. വായ്പാ സഹ:സ്ഥാപനങ്ങൾ നടത്തുന്ന പ്രശ്നങ്ങൾ

1. മെമ്പർമാർക്ക് കാർഷിക, കാർഷികേതര വായ്പകൾ നല്കുന്നു
2. ഓണം ഉത്സകാലങ്ങളിൽ ഓണച്ചന്തകൾ നടത്തിവരുന്നു
3. വളം, കീടനാശിനികൾ ഇവ വില്പന നടത്തിവരുന്നു.
4. ആകർഷണീയമായ പലിശ നിരക്കിൽ വിവിധതരം നിക്ഷേപങ്ങൾ സ്വീകരിച്ചവരുന്നു.

പരിഹരിക്കുന്നതിന് വായ്പ വിതരണം ചെയ്യുന്നതിന് തയ്യാറാവുന്നില്ല. പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ നിക്ഷേപസമാഹരണം നടത്തിയും പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചും ഭവനനിർമ്മാണ വായ്പകൾ നൽകാൻ തയ്യാറാകണം. സ്വർണ്ണപണയ വായ്പ, കൺസ്യൂമർ വായ്പ എന്നിവക്ക് പ്രാമുഖ്യം നല്കണം. സ്വകാര്യ ചിട്ടി നടത്തിപ്പിൽ വരിക്കാർക്ക് വന്നേക്കാവുന്ന നഷ്ടത്തിൽ നിന്നും സംരക്ഷണം കിട്ടുന്ന വിധത്തിൽ ബാങ്കിന് ചിട്ടി നടത്താവുന്നതാണ്. പലിശ സബ്സിഡികൾ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകണം. കാർഷിക വായ്പാതുക ആവശ്യം പരിഗണിച്ച് ഉയർത്തണം. ഇപ്പോൾ ആൾജാമ്യം മുഖേന നല്കിവരുന്ന സംഖ്യ പരിമിതമാണ്. വളവും കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യാനും കർഷകരുടെ ഉല്പന്നങ്ങൾ ന്യായവിലക്ക് സംഭരിക്കാനും സംഘത്തിൽ സംവിധാനം ഉണ്ടാകണം. അർഹതപ്പെട്ട മുഴുവൻ കർഷകർക്കും അംഗത്വം നൽകുകയും വേണം. വായ്പകൾ ലഭിക്കുന്നതിന് സഹകരണ സംഘങ്ങളെ കർഷകർ കൂടുതൽ സമീപിക്കുന്നതിനാൽ കാർഷികമേഖലകളിൽ ശാഖ ആരംഭിക്കണം.

നെൽകൃഷി വ്യാപകമല്ലാത്തതിനാൽ കൃഷി ഇടങ്ങളാകെ നാണ്യവിള കൃഷി സ്ഥലങ്ങളായി മാറുകയാണ്. നെൽകൃഷി വികസനത്തിന് സർക്കാരിൽ നിന്നും സബ്സിഡിയായി നൽകുന്ന ധനസഹായം വർദ്ധിപ്പിച്ച് ഊർജ്ജിത നെല്ലുല്പാദനത്തിനാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തുകയും വേണം. വിവിധ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ, തേനേരി, മാണ്ടാട്, മാനിക്കുനി, മുട്ടിൽ, ചെലഞ്ഞിച്ചാൽ, കുംബ്ലാട്, എന്നിവിടങ്ങളിൽ രൂപീകരീക്കണം.

**തെനേരി ക്ഷീരോത്പാദക സഹകരണ സംഘം**

ഒന്ന്, രണ്ട് വാർഡുകൾ ഒഴിച്ചുള്ള വാർഡ് പരിധിയായി തെനേരി ക്ഷീരോത്പാദക സഹകരണസംഘം പ്രവർത്തിക്കുന്നു. ദിവസം പ്രതി 1409.4 ലിറ്റർ പാലാണ് ശേഖരിക്കുന്നത്. 236 ലിറ്റർ പാൽ ദിവസം പ്രതി ആഭ്യന്തര ഉപയോഗത്തിനും 1173.4 ലിറ്റർ പാൽ മിൽമക്ക് നല്കുന്നതിനും വിനിയോഗിക്കുന്നു. ക്ഷീരകർഷകർക്ക് ആകർഷണീയമായ പ്രോത്സാഹനം ഈ രംഗത്ത് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. മൃഗസംരക്ഷണത്തിനായി വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സേവനം യഥാസമയത്ത് തന്നെ ലഭ്യമാക്കുന്നതിന് ഉറപ്പുണ്ടാവുകയും നല്ല ഇനം കറവമാടുകളെ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിന് സംഘം തയ്യാറാകണം. അങ്ങനെ ആയാൽ അഞ്ച് കൊല്ലത്തിനുള്ളിൽ ക്ഷീരോല്പാദക രംഗത്ത് കുതിച്ചുചാട്ടം ഉണ്ടാക്കാം. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പ്രതിദിനം സംഭരിക്കാൻ കഴിയുന്ന പാലിൽ ആഭ്യന്തര ഉപഭോഗം കഴിച്ച് ബാക്കി, പഞ്ചായത്തിൽ തന്നെ സംസ്ക്കരിക്കുന്നതിന് മൂലധനം സ്വരൂപിക്കണം. ആയതിനാവശ്യമായ സഹായം സർക്കാകർ തലത്തിൽ ലഭ്യമാക്കണം. കറവമാടുകളെ വിതരണം ചെയ്യുന്നതോടൊപ്പം തന്നെ കാലിത്തീറ്റ യഥേഷ്ടം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

**കൺസ്യൂമർ :**

നിത്യോപയോഗ സാധനങ്ങൾ സഹായവിലക്ക് വിതരണം ചെയ്യുമാറ് പഞ്ചായത്ത് കേന്ദ്രീകരിച്ച് കൺസ്യൂമർ സ്റ്റോർ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കണം. അത്തരത്തിൽ ആരംഭിക്കുന്ന സ്റ്റോറിന് ജനസാന്ദ്രത അധികമുള്ള, പ്രദേശങ്ങളായ മുട്ടിൽ, വാഴവറ്റ, മടക്കിമല, കാര്യമ്പാടി, മാണ്ടാട്, പരിയാരം, എന്നിവിടങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിച്ച് മിതമായ വിലക്ക് സാധനങ്ങൾ ലഭ്യമാക്കണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നടപടികൾ ഉണ്ടാകണം. അസംഘടിത തൊഴിലാളി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കലുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ടർ സൊസൈറ്റി രൂപീകരിക്കണം. പഞ്ചായത്തിനകത്തുള്ള പ്രവർത്തികൾ പ്രസ്തുത സംഘം മുഖേന നടത്തണം. മറ്റു നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കാനും കഴിയണം. കോഴി വളർത്തൽ സഹകരണ സംഘം ആരംഭിക്കുക വഴി ഇറച്ചിക്കോഴി, മുട്ട, എന്നിവയുടെ ഉപഭോഗം മൂലം അന്യ സംസ്ഥാനങ്ങളിൽ പോകുന്ന നമ്മുടെ

I 1. സ്ഥാപനത്തിന്റെ പേര് : തെനേരി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 40 (ഡി)

2. പ്രവർത്തനപരിധി : മുട്ടിൽ പഞ്ചായത്തിലെ 3,4,5,6,7,8,9,10,11 വാർഡുകൾ

3. ക്രഡിറ്റ് / നോൺ ക്രഡിറ്റ് : ക്രഡിറ്റ്

4. പ്രവർത്തനം ആരംഭിച്ച വർഷം : 1976

5. ആകെ അംഗങ്ങൾ : 867

6. ഒരു ഓഹരിയുടെ വില : 10 രൂപ

7. അംഗീകൃത ഓഹരി മൂലധനം : 10000.00 രൂപ

8. പിരിഞ്ഞുകിട്ടിയ ഓഹരിധനം : 9340 രൂപ

9. സർക്കാർ ഓഹരിയുണ്ടോ : ഇല്ല

തെനേരി ക്ഷീരോത്പാദക സഹകരണ സംഘം

| മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ | പഞ്ചായത്തിൽ തന്നെ വില്ക്കുന്നത് ലിറ്റർ | പുറത്തേക്ക് അയക്കുന്നത് ലിറ്റർ |
|---|---|---|
| 1409.4 | 236. | 1173.4 |

സമ്പത്ത് ഇവിടെ തന്നെ നിലനിർത്താനും പ്രസ്തുത സംഘത്തിൻ കീഴിൽ ചെറുകിട കോഴിവളർത്തൽ യൂണിറ്റുകൾ വീടുകളിൽ ആരംഭിക്കുന്നതിനും സാധിക്കും. ആയതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കണം.

**തൊഴിൽ സാധ്യതകൾ**

കൺസ്യൂമർ വിഭാഗത്തിൽ 5 പേർക്കെങ്കിലും ജോലി ലഭിക്കും ഗ്രൂപ്പ് ഫാമിങ് സംഘം ആരംഭിക്കുക വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. കോഴിവളർത്തൽ സഹകരണ സംഘം വഴി പതിനൊന്നോളം യൂണിറ്റുകൾ ആരംഭിക്കുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വനിതാ സഹകരണ സംഘം തുടങ്ങുക വഴി പഴം, പച്ചക്കറി, സംസ്ക്കരണം, റെഡിമെയ്ഡ്, വസ്ത്രനിർമ്മാണം, അച്ചാർ നിർമ്മാണം, കറിപൗഡർ നിർമ്മാണം എന്നിവകൾ നല്ല നിലയിൽ ആരംഭിക്കാനും തൻമൂലം അവരുടെ ജീവിത നിലവാരം ഉയർത്താനും സാധ്യമാകും. മുമ്പിൽ പറഞ്ഞ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘവും, ലേബർ കോൺട്രാക്ട് സൊസൈറ്റിയും രൂപീകരിക്കുക വഴി ഏറ്റവും ചുരുങ്ങിയത് 25 പേർക്കെങ്കിലും പ്രത്യക്ഷമായി ജോലി ലഭിക്കും. ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി , പഞ്ചായത്തിലെ പതിനൊന്ന് ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിനാധാരം.

**പ്രശ്നങ്ങൾ**

വായ്പ കൃത്യമായി തിരിച്ചടവ് വരുന്നില്ല.

വളം വിതരണം ചിട്ടയോടെ നടക്കുന്നില്ല

അംഗങ്ങൾക്ക് അർഹമായ വിധത്തിൽ വായ്പകൾ യഥാസമയം നല്കാൻ കഴിയുന്നില്ല.

നബാഡിന്റെ കർശന നിയമങ്ങൾ വായ്പ ലഭിക്കുന്നതിന് തടസം സൃഷ്ടിക്കുന്നു.

പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ ഭവനനിർമ്മാണ വായ്പ നല്കുന്നില്ല.

കൃഷിഭവൻ മുഖേനയുള്ള സബ്സിഡികൾ സ്വകാര്യ വളം ഡിപ്പോകൾ മുഖേന നല്കുന്നു.

സബ്സിഡികൾ യഥാസമയം നല്കുന്നില്ല.

യഥേഷ്ടം കാലിത്തീറ്റയും നല്ല ഇനം കറവമാടുകളേയും വിതരണം നടത്തുന്നില്ല.

ആഭ്യന്തര ഉപയോഗം കഴിച്ചുള്ള പാൽ പുറത്ത് സംസ്ക്കരിക്കുന്നു.

മൃഗാശുപത്രി സൗകര്യങ്ങൾ വേണ്ടത്രയില്ല

**നിർദ്ദേശങ്ങൾ**

കർഷകരുടെ ഉല്പന്നങ്ങൾ ശേഖരിക്കാൻ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കണം

വായ്പ ലഭിക്കുന്നതിന് നബാഡ് ഏർപ്പെടുത്തിയിട്ടുള്ള കർശന നടപടികൾ ഉദാരമാക്കണം.

I 1. സ്ഥാപനത്തിന്റെ പേര് : വൈത്തിരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബേങ്ക്, കല്പറ്റ

2. പ്രവർത്തനപരിധി : വൈത്തിരി താലൂക്ക്

3. ക്രഡിറ്റ് / നോൺ ക്രഡിറ്റ് : ക്രഡിറ്റ്

4. പ്രവർത്തനം ആരംഭിച്ച വർഷം : 1985

5. ആകെ അംഗങ്ങൾ : 6963

6. ഒരു ഓഹരിയുടെ വില : 50.00

7. അംഗീകൃത ഓഹരി മൂലധനം : 2 കോടി

8. പിരിഞ്ഞുകിട്ടിയ ഓഹരിധനം : 91.11 ലക്ഷം

9. സർക്കാർ ഓഹരിയുണ്ടോ : ഉണ്ട്

10. ഉണ്ടെങ്കിൽ ലഭിച്ച തുക : 21.20ലക്ഷം

11. പരമാവധി കടമെടുക്കാവുന്ന തുക : 10 ലക്ഷം

II പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ :

1. സ്ഥിരം,
2. ഹ്രസ്വകാലം

III നല്കിയിട്ടുള്ള വായ്പകൾ

1. കാർഷിക വായ്പകൾ

| ഇനം | തുക |
|---|---|
| സാധാരണ വായ്പ | 342.09 ലക്ഷം |
| പദ്ധതി വായ്പ | 801.61 ലക്ഷം |

മറ്റ് വായ്പകൾ

| ഇനം | തുക |
|---|---|
| ഭവന നിർമ്മാണ വായ്പ | 69.44 ലക്ഷം |
| കാർഷികേതര വായ്പ | 153.73 ലക്ഷം |

പഞ്ചായത്ത് പരിധിക്കുള്ളിലെ സഹകരണ സംഘങ്ങൾ ഭവന നിർമ്മാണ വായ്പ നല്കുക.

സബ്സിഡി യഥാസമയം വിതരണം ചെയ്യുക

കൃഷിഭവനിൽ നിന്നും നല്കപ്പെടുന്ന സബ്സിഡികൾ സംഘം മുഖേന ആക്കുക.

സ്വകാര്യ ചിട്ടക്കാരുടെ കബളിപ്പിക്കലിൽ നിന്നും രക്ഷിക്കുന്നതിന് സംഘം ചിട്ടി നടത്തുക.

വാഴവറ്റയിൽ ബാങ്കിന്റെ ശാഖ ആരംഭിക്കുക.

നല്ല ഇനം കറവമാടുകളേയും യഥേഷ്ടം കാലിത്തീറ്റയും വിതരണം ചെയ്യുക.

പാൽ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുക.

മുട്ടിൽ, വാഴവറ്റ, മടക്കിമല, മാണ്ടാട്, കാര്യമ്പാടി, പരിയാരം, എന്നിവിടങ്ങളിൽ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക.

പട്ടികജാതി, പട്ടിക വർഗ്ഗ സഹകരണ സംഘം രൂപീകരിക്കുക.

ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക

കോഴി വളർത്തൽ സഹകരണം സംഘം ആരംഭിച്ച് വാർഡ് അടിസ്ഥാനത്തിൽ യൂണിറ്റ് ആരംഭിക്കുക.

പഞ്ചായത്ത് അടിസ്ഥാനത്തിൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

ഗ്രാമത്തിന്റെ സമസ്ത മേഖലയിലേയും സമ്പൂർണ്ണ വികസനത്തിന് സഹകരണ പ്രസ്ഥാനത്തിന് നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയും എന്നുള്ളതുകൊണ്ട് മേൽപറഞ്ഞ നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ചർച്ചക്കായി സമർപ്പിക്കുന്നു.

# വിഭവസമാഹരണം

മുട്ടിൽ ഗ്രാമപഞ്ചായത്തിന്റെ ഇന്നത്തെ വരവും ചെലവും വിശദമായി പരിശോധിച്ചാൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വവും കടമയും, നിറവേറ്റുന്നതിന് വരുമാനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ് എന്ന് ബോധ്യമാകും. വരുമാനത്തേക്കാൾ കൂടുതൽ ആവശ്യങ്ങളാകയാൽ വിഭവദൗർലഭ്യം വികസനത്തിന് തടസ്സമായി നിൽക്കുന്നു. ഗ്രാമീണ ജനങ്ങൾക്കായി നടത്തുന്ന സ്ഥായിയായ ക്ഷേമപ്രവർത്തനങ്ങൾക്കും, വികസന പ്രവർത്തനങ്ങൾക്കും പുതിയ വരുമാന മേഖലകൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്.

നമ്മുടെ ഗ്രാമത്തിലെ പ്ര ധാന കൃഷി നെല്ലും നാണ്യവിളകളുമാണ്. നെൽകൃഷി പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു. നെൽപാടങ്ങൾ നികത്തി നാണ്യവിളകൾ കൃഷിചെയ്യുന്നതും, പുരയിടങ്ങളാക്കുന്നതിനും പ്രധാന കാരണങ്ങളാണ്. വയലേലകൾ ഇഷ്ടിക കളങ്ങളാക്കുന്ന സ്ഥിതിയും ഏറി വരികയാണ്. തൻമൂലം നെല്ല് ഉല്പാദനത്തിന്റെ അളവ് കുറഞ്ഞുവരുന്നു. അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ജൈവഘടന നഷ്ടപ്പെടുത്തുകയാണ്. വർദ്ധിച്ചുവരുന്ന കൃഷിചിലവ് താങ്ങാനാവാതെ ദരിദ്ര കർഷകർ കർഷകത്തൊഴിലാളികളാകുന്നു. മാത്രവുമല്ല തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്ന സ്ഥിതിയുമുണ്ട്. ഈ ഗുരുതരാവസ്ഥ സംബന്ധിച്ച് ബോധ്യപ്പെടുത്തിയുള്ള മാറ്റത്തിലൂടെ മാത്രമേ കാർഷിക നില ഭദ്രമാക്കാൻ കഴിയൂ. ചെറുകിട കുടിൽവ്യവസായങ്ങളൊഴികെ മറ്റു വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. ഈ രണ്ടു രംഗത്തും ആകർഷണീയവും പ്രോത്സാഹനകരവുമായ ധനസഹായങ്ങൾ നല്കി ഉല്പാദനം വർദ്ധിപ്പിച്ച് വിഭവസമാഹരണരംഗത്ത് ആശാവഹമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. ഗ്രാമപരിധിക്കുള്ളിലുള്ള ധനകാര്യസ്ഥാപനങ്ങൾ വായ്പ വിതരണം ചെയ്യുന്നതിൽ വരുത്തുന്ന കാലതാമസവും, സാങ്കേതികത്വവും ഒഴിവാക്കി നടപടി ക്രമങ്ങൾ ലളിതവത്ക്കരിക്കുന്നതിന് തയ്യാറാകണം. യഥേഷ്ടം വൈദ്യുതി ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചാൽ കാർഷിക വ്യവസായ രംഗത്ത് കാതലായ മാറ്റത്തിലൂടെ വിഭവസമാഹരണത്തിന് ആക്കം കൂട്ടാൻ സാധിക്കുമെന്ന് മാത്രമല്ല ഈ രണ്ടുരംഗത്തും ഇന്നുള്ള മാന്ദ്യം പരിഹരിക്കാൻ കഴിയും. സർക്കാർ കേന്ദ്രങ്ങൾ യാതൊരുവിധ വിവേചനവും കൂടാതെ യഥാസമയം നീതിപൂർവ്വം ജനസംഖ്യാനുപാതികമായും സാമൂഹിക സ്ഥിതിയിലുള്ള മുന്നോക്കപിന്നോക്കവസ്തുക്കൾ മാനദണ്ഡമാക്കിയും വിതരണം ചെയ്യാൻ കഴിയണം. മറിച്ചുള്ള വിതരണം ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകും. വിദേശത്ത് ജോലിചെയ്യുന്ന മലയാളികളിൽ നിന്നും ധനം സ്വരൂപിച്ച് പ്രത്യുത്പാദന പരമായ കാർഷിക വ്യാവസായിക മേഖലകളിൽ നിക്ഷേപിക്കാനും അതുവഴി നാടിന്റെ വികസനത്തിന് വിവിധ വാർഡുകളിലായി വിദേശ ഇന്ത്യക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്താനും കഴിയണം.

പട്ടിക1 വരുമാനത്തിലെ വ്യത്യാസം

| ഇനം | 93–94 | 95–96 | വ്യത്യാസം |
|---|---|---|---|
| കെട്ടിടനികുതി | 301457.37 | 330358.02 | +28900.65 |
| വിനോദനികുതി | 48765.00 | 55710.30 | +6945.39 |
| തൊഴിൽ നികുതി | 122956.00 | 1648.00.00 | +41844.00 |
| ഉപാധിരഹിതം | 249000.00 | 354100.00 | +105100.00 |
| ജെ.ആർവൈ | 118.8951.00 | 1049155.00 | −13846.00 |
| ഗ്രാന്റുകൾ | | | |
| സംഭാവനകൾ | 72020.00 | 288349.00 | +216329.00 |
| 94–95 വർഷത്തെ | | | |
| ക്ലോസിംഗ് ബാലൻസ് | – | 951805.00 | −935095.04 |
| ആകെ വരവ് | 1934507.71 | 286967.75 | |

പട്ടിക 2

മുട്ടിൽ പഞ്ചായത്ത് 95–96 വർഷത്തെ ചെലവ്

| ക്രമനമ്പർ | ഇനം | രൂപ |
|---|---|---|
| 1 | ഭരണചെലവ് | 522526.00 |
| 2 | പൊതുമരാമത്ത് | 520057.00 |
| 3 | വിദ്യാഭ്യാസം | 21597.50 |
| 4 | ജലവിതരണം, ഓട, പൊതുജനാരോഗ്യം | 80342.50 |
| 5 | തെരുവു വിളക്ക് കത്തിക്കൽ | 23538.02 |
| 6 | മറ്റുള്ളവ | 1706202.00 |
| | ആകെ | 2874263.00 |

ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| ഷോപ്പിംഗ് കോംപ്ലക്സ്/ കടകൾ | 23608.00 |
| മണൽ ലേലം | 354100.00 |

പഞ്ചായത്തിലെ ചെറുതും വലുതുമായ മുഴുവൻ കർഷകർക്കും ഇപ്പോൾ ലൈസൻസില്ല. നിലവിലുള്ള ലൈസൻസ് ഫീസ് പരിമിതമാണ്. ലൈസൻസ് പ്രകാരമുള്ള വാണിജ്യമാണോ നടത്തുന്നത് എന്നതിനുള്ള പരിശോധനയും ആവശ്യമാണ്. നികുതി നൽകൽ നമ്മുടെ നാടിന്റെ പുരോഗതിക്കുള്ള സ്വന്തം കടമ നിറവേറ്റലായി കാണാനുള്ള ബോധം വളർത്തിയെടുക്കാൻ സാധിക്കണം. നികുതി യഥാസമയം പിരിച്ചെടുക്കുന്നതിന് ജാഗ്രത യുണ്ടാകണം.

**കെട്ടിടനികുതി**

നികുതി കണക്കാക്കുന്നത് കൃത്യമായ മാനദണ്ഡം പാലിക്കാതെയാണെന്ന് പലർക്കും ആക്ഷേപമുണ്ട്. ഇതിന് മാറ്റമുണ്ടാകണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് ചുമത്തിയി

ട്ടുള്ള നികുതി വളരെ തുച്ഛമാണ്. വാടക നിയന്ത്രണം കർക്കശമാക്കുക വഴി യഥാർത്ഥ വാടക, നികുതിയായി പഞ്ചായത്തിന് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാനും, ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക വഴി സാധിക്കും.

**തൊഴിൽ നികുതി**

സർക്കാർ, അർധസർക്കാർ വക സ്ഥാപനങ്ങളിൽ നിന്നും അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും വൻകിട തോട്ടം തൊഴിലാളികളിൽ നിന്നുമാണ് തൊഴിൽക്കരം പിരിച്ചെടുക്കുന്നത് ആയത് വിപുലീകരിച്ച് തൊഴിൽ നികുതി പിരിക്കാൻ സാധിക്കണം.

**വിനോദനികുതി**

ഈ പഞ്ചായത്തിൽ വാഴവറ്റയിലും കാര്യമ്പാടിയിലും രണ്ടു സിനിമാടാക്കീസുകളാണുള്ളത്. കോമ്പൗണ്ട് ചെയ്ത് പിരിക്കുന്നതുമൂലം നികുതി നഷ്ടമുണ്ടാകുന്നു. ഇടക്കിടെ പരിശോധന നടത്തി ഈ നഷ്ടം പരിഹരിക്കണം.

**മറ്റു ധനാഗമ മാർഗ്ഗങ്ങൾ**

പഞ്ചായത്തിന്റെ അധീനതയിൽ പുഴ, പുറമ്പോക്കുകൾ പാർശ്വ താമസക്കാർ കൈവശപ്പെടുത്തി കൃഷികൾ ചെയ്തു വരുന്നുണ്ട്. ജലസേചനത്തിന് ആവശ്യത്തിന് നിർമ്മിച്ചിട്ടുള്ള പഞ്ചായത്ത് വക കുളങ്ങൾ, മത്സ്യം വളർത്തുന്നതിന് നല്കിയിട്ടുള്ളതും ബസ് വെയ്റ്റിംഗ് ഷെഡുകൾ വിവിധ കമ്പനികളുടെ പരസ്യത്തിന് നല്കിയിട്ടുള്ളതും വളരെ തുച്ഛമായ നിരക്കിലാണ്. പഞ്ചായത്ത് പരിധിക്കുള്ളിൽ സ്ഥാപിച്ചിരിക്കുന്ന കൂറ്റൻ പരസ്യങ്ങൾക്ക് യാതൊരു പവിധ നികുതിയും ചുമത്തിയിട്ടില്ല റോഡ്, പുഴ, പുറം പോക്കുകളിൽ വീണുകിടക്കുന്ന മരങ്ങൾ യഥാസമയം ലേലം ചെയ്ത് മുതൽക്കൂട്ടാക്കുന്നില്ല. പഞ്ചായത്ത് പുറം പോക്കിൽ കൃഷി ചെയ്തിട്ടുള്ള ഉൽപ്പനങ്ങൾ പഞ്ചായത്ത് നിയന്ത്രണത്തിലാക്കുന്നതിനും പാട്ടം നിശ്ചയിച്ച് നൽകുന്നതിനും കഴിഞ്ഞിട്ടില്ല.

**ഖനനം**

പുഴയിൽ നിന്ന് മണൽ കോരുന്നതിനുള്ള കുത്തകാവകാശം ലേലം ചെയ്തു കൊടുക്കുക വഴി വരുമാനവർദ്ധനവുണ്ടെങ്കിലും, യാതൊരു നിയന്ത്രണങ്ങളും പാലിക്കാതെ മണൽ കോരുന്നത് പരിസ്ഥിതി പ്രശ്നങ്ങൾക്കിട വരുത്തുന്നു. വാരുന്ന മണലിനാകട്ടെ യാതൊരു നിയന്ത്രണവുമേർപ്പെടുത്താൻ കഴിയുന്നുമില്ല. അതുകൊണ്ട് തന്നെ ലേല ത്തുകയിലുണ്ടാകുന്ന നാമമാത്ര വർദ്ധനവിന്റെ എത്രയോ ഇരട്ടി നമ്മുക്ക് നഷ്ടപ്പെടുന്നു. നാളിതുവരെ നമ്മുടെ പഞ്ചായത്തിൽ അവിടവിടായുള്ള ഏക്കർകണക്കിനുള്ള കരിങ്കൽ ക്വാറി മേഖലയിൽ നിന്ന് കാര്യമായ വരുമാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല.

**ധനകാര്യസ്ഥാപനങ്ങൾ**

നമ്മുടെ ഗ്രാമത്തിൽ മടക്കിമല സർവ്വീസ് സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, വാഴവറ്റ എന്നിവയും, ഒരു സ്വകാര്യ ധനകാര്യസ്ഥാപനവും പ്രവർത്തിച്ചുവരുന്നു. ഈ ധനകാര്യ സ്ഥാപനങ്ങൾ നമ്മുടെ ഗ്രാമവികസനത്തിന് അതിന്റേതായ പങ്ക് വഹിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ മുഴുവൻ ആവശ്യവും നിറവേറ്റപ്പെടുന്നില്ല. കൈനാട്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്കും കൽപ്പറ്റ വിജയബേങ്കിനും കൽപ്പറ്റ ഗ്രാമീണ ബാങ്കിനും മുട്ടിൽ ഗ്രാമപഞ്ചായത്തിൽ സർവ്വീസ് ഏരിയകളുണ്ട്.

**നിർദ്ദേശങ്ങൾ**

1. വരുമാനമുള്ള മുഴുവൻ ആളുകളേയും നികുതിക്ക് വിധേയരാക്കണം.

2. മുഴുവൻ സേവന വേതന രംഗത്തും നികുതി വ്യാപിപ്പിക്കണം

3. ചെറുതും വലുതുമായ മുഴുവൻ കച്ചവടങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തണം. ലൈസൻസ് സമ്പ്രദായമില്ലാത്ത കന്നുകാലി കച്ചവടം, സ്ഥലകച്ചവട ബ്രോക്കർമാർ, ചിട്ടി നടത്തുന്നവർ, എന്നിവർക്ക് ലൈസൻസ് ഏർപ്പെടുത്തണം.

4. കെട്ടിട നികുതി വിസ്തീർണ്ണത്തിന്റെയും സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ ശാസ്ത്രീയമായി നിർണ്ണയിക്കണം. വാടക കെട്ടിടങ്ങൾക്ക് വാടകശ്ശീട്ട് പ്രകാരം നികുതി ചുമത്തണം.

5. വിനോദനികുതി കോമ്പൗണ്ട് സിസ്റ്റം പരിശോധനാടിസ്ഥാനത്തിൽ ചുമത്തണം.

6. പഞ്ചായത്ത് ഉടമസ്ഥതയിൽ സ്റ്റേഡിയം നിർമ്മിച്ച് വാടക ഈടാക്കാം. കമ്മ്യൂണിറ്റി ഹാൾ, ബസ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ്, മത്സ്യ-മാംസ മാർക്കറ്റുകൾ, വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം എന്നിവ ഏർപ്പെടുത്തിയും വിഭവം സ്വരൂപിക്കണം.

7. പുഴപുറമ്പോക്കുകൾ അളന്ന് തിരിച്ച് പാട്ടത്തിന് നല്കുകയും റോഡരികിലും മറ്റുമുള്ള മേലനുഭവങ്ങൾ ലേലത്തിൽ നല്കുകയും ചെയ്യണം.

8. പഞ്ചായത്ത് വക കുളങ്ങൾ, മത്സ്യം വളർത്തുന്നതിനും ബസ് വെയ്റ്റിംഗ് ഷെഡുകൾ പരസ്യത്തിന് നല്കുന്നതിനും വിസ്തീർണ്ണത്തിന്റെ അടിസ്ഥാനനത്തിൽ ഫീസ് ചുമത്തണം.

9. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള കൂറ്റൻ കമ്പനി പരസ്യങ്ങൾക്ക് നികുതി ചുമത്തണം.

10. പുഴപുറം പോക്കുകളിലും മറ്റും വീണുകിടക്കുന്ന മരങ്ങൾ യഥാസമയം മുതൽക്കൂട്ടാക്കണം.

11. മണൽ വിപണനം അതത് പ്രദേശത്തെ ഗ്രാമസഭകളുടെ നേതൃത്വത്തിൽ നടത്തിയാൽ കൂടുതൽ ലാഭകരമാകുമോ എന്ന് പരിശോധിക്കേണ്ടതാണ്.

12. ക്വാറി മേഖലയിൽ വ്യവസായത്തെ ദോഷകരമായി ബാധിക്കാത്ത രീതിയിൽ നികുതി ചുമത്തണം.

13. പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്ന് സ്വരൂപിക്കുന്ന നിക്ഷേപങ്ങൾക്ക് ആനുപാതികമായി പഞ്ചായത്തിൽ തന്നെ വായ്പാ വിതരണം നടത്തണം.

14. ഭൂനികുതി പിരിക്കുന്നതിന് പഞ്ചായത്തിന് അധികാരം കിട്ടണം. നികുതി നിരക്ക് ഭൂമിയുടെ തരത്തിനനുസരിച്ച് വർദ്ധിപ്പിക്കണം. കൃഷിഭൂമി നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിരക്കിൽ പരമാവധി നികുതി ചുമത്തണം.

15. കാരാപ്പുഴ പദ്ധതി പൂർത്തീകരിക്കുന്നതിൽ കൂടി വൻ ടൂറിസ സാധ്യതയുണ്ട്. അത് ചൂഷണം ചെയ്യാൻ സാധിക്കണം.

16. ഇന്ദിരാ വികാസ് പത്രയിലൂടെയുള്ള നിക്ഷേപത്തിന്റെ 25% പഞ്ചായത്തിനാകയാൽ ഭരണസമിതിയും ജനങ്ങളും മുൻകൈ എടുത്ത് പരമാവധി നിക്ഷേപം വർദ്ധിപ്പിക്കണം.

17. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നും ധനം സ്വരൂപിച്ച് പ്രത്യുൽപാദനപരമായ മേഖലകളിൽ ഉപയോഗിക്കണം.

**മനുഷ്യാദ്ധ്വാനം**

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും മർമ്മപ്രധാനമായ

വരവ് സംബന്ധിച്ച വിവരങ്ങൾ 95-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 330358.02 | 297568.38 | 32789.64 |
| സർവ്വീസ്ചാർജ് ലൈബ്രറി ലെസ്സ് | 16097.94 | 14504.05 | 1593.89 |
| തൊഴിൽ നികുതി | 147390.00 | 144205 | 3185.00 |
| വിനോദനികുതി | 35926.03 | 35926.03 | |
| അഡീ.വിനോദനികുതി | 21578.47 | 21578.47 | |
| പ്രദർശനനികുതി | 2280 | 2280 | |
| പ്രദർശനനികുതിയിന്മേലുള്ള സർച്ചാർജ് | 570.50 | 570.50 | |
| ലൈസൻസ് ഫീസ് | 8824.25 | 7608.75 | 121550 |
| വസ്തു കൈമാറ്റ നികുതി 75% | 128328.00 | 128328.00 | |
| സർക്കാർഗ്രാന്റും മറ്റും ഒഴികെയുള്ള വരവുകൾ | 410347.90 | 410038.90 | 309.00 |
| ഡപ്പോസിറ്റ് | 161845.67 | 161845.67 | |
| മറ്റുള്ളവ ഗവ.ഗ്രാന്റ്സ് | 693349 | 693349 | |
| ആകെ | 1956895.78 | 1917802.75 | 39093.03 |

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
| 1 | 6 | 4 | 23 | | 33 | 965.00 |
| 2 | 6 | 3 | 17 | | 26 | 850.75 |
| 3 | 6 | 2 | 14 | | 22 | 537.00 |
| 4 | 2 | 7 | 33 | | 42 | 1105.00 |
| 5 | 5 | 5 | 15 | | 25 | 642.50 |
| 6 | 13 | 6 | 32 | | 51 | 1120.00 |
| 7 | 5 | 4 | 14 | | 23 | 850.00 |
| 8 | 11 | 7 | 21 | | 45 | 950.00 |
| 9 | 17 | 7 | 30 | | 48 | 1081.00 |
| 10 | 4 | 4 | 21 | | 29 | 722.50 |
| ആകെ | 75 | 49 | 220 | | 344 | 8824.25 |

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | | തുക | |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
| മൃഗസംരക്ഷണം | 4250.00 | 965.00 | 5215.00 |
| ആരോഗ്യം | | 118459.00 | 118459.00 |
| മറ്റുള്ളവ(ഹോമിയോ) | | 350.00 | 350.00 |
| ആകെ | 50,4250.00 | 122274.00 | 626524 |

വിഭവം മനുഷ്യാദ്ധ്വാനമാണ്. മുഴുവൻ ഗ്രാമസഭകളിലും മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യാൻ തയ്യാറായി ധാരാളം പേർ മുന്നോട്ടു വന്നിട്ടുണ്ട്. റോഡ്, കുളം, കനാൽ എന്നിവ നിർമ്മിക്കുന്നതിനും, മാലിന്യങ്ങൾ നീക്കം ചെയ്യാനും വിദ്യാഭ്യാസ നില ഉയർത്തുന്നതിനും കളിക്കളം, ബസ് വെയ്റ്റിംഗ് ഷെഡുകൾ തുടങ്ങിയവകൾ സ്പോൺസർ ചെയ്യിക്കുന്നതിനും, നിർമ്മിക്കുന്നതിനും, മനുഷ്യാദ്ധ്വാനത്തിലൂടെ സാധിക്കും. വികസന നിർമ്മാണ രംഗങ്ങളിൽ, ഒന്നിക്കുക എന്നുള്ളത് അഭിമാനകരവും കടമ നിർവ്വഹിക്കലുമാണ്. അതുവഴി പഞ്ചായത്തിന്റെ സമഗ്രവികസനവും സാധ്യമാകും.

*വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പ് അന്യവൽക്കരിക്കപ്പെടുമ്പോൾ ശരിയായ അർത്ഥത്തിലുള്ള വികസനം നമുക്ക് ഉട്ടോപ്യൻ സ്വപ്നമാവുന്നു. പ്രാദേശിക ആവശ്യങ്ങളും തദ്ദേശീയ സാധ്യതകളും കണക്കിലെടുക്കാതെ അടിച്ചേൽപ്പിക്കപ്പെടുന്ന വികസന പ്രവർത്തനങ്ങൾ അങ്ങനെ നമുക്ക് ഒരുവേള ബാദ്ധ്യത പോലുമാവുന്നു. ഈ അവസ്ഥയിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരനുഭവമായി. ഒമ്പതാം പദ്ധതി മാറുകയാണ്.- ജനകീയ ആസൂത്രണത്തിലൂടെ*

*"അധികാരം ജനങ്ങൾക്ക്" എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിന്, തങ്ങളുടെ പ്രദേശത്ത് ഏതെല്ലാം മേഖലകളിൽ എന്തെല്ലാം വകുപ്പുകളിൽ ആണ് വികസനം നടപ്പാക്കേണ്ടത്. എന്ന് തീരുമാനിക്കുന്നതും അവ പ്രാവർത്തികമാക്കുന്നതും ഇനി ജനകീയമായാണ് . സാക്ഷരതാ പ്രവർത്തനത്തിനുശേഷം കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന ഈ സംരംഭത്തെ ഏവരും ഉറ്റുനോക്കുന്നത് സ്വാഭാവികമാണ്.*

*ഗ്രാമസഭകളിൽ ധാരാളം പേർ ഒത്തുചേർന്ന് വികസനത്തെക്കുറിച്ചുള്ള ജനകീയ ചിന്തകളുടെ ചെപ്പു തുറന്നതും, ഏറെ പ്രതീക്ഷയോടെ ഈ പ്രസ്ഥാനത്തെ ജനങ്ങൾ സ്വീകരിച്ചു തുടങ്ങിയതും നാം കണ്ടു. എന്നാൽ ഉയർന്നുവന്ന പ്രശ്നങ്ങൾക്കെല്ലാം ഒറ്റയടിക്കു പരിഹാരം കാണാനുള്ള ഒറ്റമൂലിയല്ല ജനകീയാസൂത്രണ പ്രക്രിയ. മുൻഗണനാക്രമത്തിൽ, ലഭ്യമായ സാദ്ധ്യതകൾ ഉപയോഗിച്ചുള്ള ഒരു വികസന സംസ്ക്കാരമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.*

*പദ്ധതികൾ രൂപപ്പെടുത്തുമ്പോഴും അവ നടപ്പിൽ വരുത്തുമ്പോഴും ജനഹിതം മാനിക്കുകയും വസ്തുനിഷ്ഠ സമീപനം അംഗീകരിക്കുകയും വേണം. സമയബന്ധിതമായി അവ നടപ്പിലാക്കാൻ കഴിയണം. ഇങ്ങനെ വരുമ്പോൾ വികസന രംഗത്തെ അഴിമതികളും കാലതാമസവും ഇല്ലാതാവും. അറിവുകളും, അനുഭവങ്ങളും, അദ്ധ്വാനവും, സമ്പത്തും ആവശ്യങ്ങൾക്കുവേണ്ടി സ്വരൂപിച്ച് നമ്മുടെ പഞ്ചായത്തിനെ പുരോഗതിയിലേക്കും സ്വാശ്രയത്തിലേക്കും നയിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ ഉയർന്നുവരുന്ന ഗൗരവപൂർവ്വമായ ചർച്ചകൾക്ക് വേണ്ടി മുട്ടിൽ പഞ്ചായത്ത് വികസന സെമിനാറിനു മുമ്പാകെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നു.*

*ഈ സമഗ്രവികസന രേഖ തയ്യാറാക്കുന്നതിന് പല തലത്തിലും തരത്തിലുമുള്ള സഹായങ്ങൾ ചെയ്തുതന്ന നിരവധി പേരുണ്ട് വ്യക്തിപരമായും കൂട്ടായും അവർ നടത്തിയ ശ്രമകരമായ ശ്രമങ്ങൾ ഈയവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.*

# വികസന രേഖതയ്യാറാക്കിയ കോർഗ്രൂപ്പ്

എൻ.വി.ജോർജ് (ഗ്രൂപ്പ് ലീഡർ )
പി.ടി.അലവിക്കുട്ടി
യു.ജനകൻ
എ.പി.കുഞ്ഞനന്തൻ മാസ്റ്റർ
മിനി ജോസ്
കെ.ജെ. യോഹന്നാൻ മാസ്റ്റർ
എം. മുഹമ്മദ് മാസ്റ്റർ
കെ.പി.മുഹമ്മദ് ഷാ മാസ്റ്റർ
ഉമ്മർ
എത്സമ്മ തോമസ്
ഏലിയാസ്
കെ.ഇ.കാസിം
പി. മണി
കെ.ടി. അഷ്റഫ്

എ.കെ.മത്തായി
എം.പി ആന്റണി
പി. പുരുഷോത്തമൻ
ഇ.കെ. ബിജുജൻ
ഇ.കെ. കൃഷ്ണൻകുട്ടിനായർ
എം.അച്യുതൻ
അസ്മ മൂത്തേടം
നാട്ടറിവ്, ചരിത്രം

അപ്പു അധികാരി
ശ്രീധരൻ നായർ
ഭാസ്കരൻ പിള്ള

**പഞ്ചായത്തിലെ ജില്ലാ റിസ്സോഴ്സ് പേഴ്സൺ**

എം. മുഹമ്മദ് മാസ്റ്റർ
മാധവൻ മാസ്റ്റർ
മുഹമ്മദ് ഷാ
വി.സിറാജ്
സി.കെ. ശശീന്ദ്രൻ
പി.ജെ. ജോസഫ്
എം.ഡി. ദേവസ്യ



അധികാരം ജനങ്ങളിലേക്ക്

*With best compliments from*

PHONE : H.O:2221
MUTTIL BRANCH :2019

# THE MADAKKIMALA

## SERVICE CO-OPERATIVE BANK LTD, NO.F.490

**P.O.MADAKKIMALA, WAYANAD (DIST)**

പ്രവർത്തന മൂലധനം 3 കോടി 80 ലക്ഷത്തിലധികം
നിക്ഷേപങ്ങൾ : 2 കോടി 60 ലക്ഷത്തിലധികം
വായ്പകൾ : 3 കോടി 20 ലക്ഷത്തിലധികം

ജില്ലയിൽ നല്ലനിലയിലും ലാഭകരമായും പ്രവർത്തിച്ചുവരുന്ന ബാങ്കുകളിൽ ഒന്ന്. ആകർഷണീയമായ പലിശ നിരക്കിൽ വിവിധതരം നിക്ഷേപങ്ങൾ സ്വീകരിച്ചുവരുന്നു.

**മികച്ച സമ്പാദ്യം ബേങ്കിൽ നിക്ഷേപിച്ച് നാടിന്റെ വികസനത്തിൽ പങ്കാളികളാവുക**

*സെക്രട്ടറി*
കെ.ബാലക്കുറുപ്പ്

*പ്രസിഡന്റ്*
എം.ഡി.വെങ്കിട സുബ്രഹ്മണ്യൻ
അഡ്വക്കറ്റ്

*With best compliments from*

ഫോൺ: (04936) 2376
2409
2218
47559

# പഥൂർ പ്ലാന്റേഷൻ പ്രൈ. ലിമിറ്റഡ്

# എൽസ്റ്റൺ ടീ

## കൽപ്പറ്റ